ww.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 02 | 2017 JANUARY 21 | ₹ 10



## ദേശീയ പാരമ്പര്യം ചോദ്യം ചെയ്യപ്പെടുമ്പോൾ

അധോലോകം വാഴുന്ന കലാലയം / തീവ്രവാദം വെറുക്കുന്ന മതം

ആരൊക്കെയാണ് ഇന്ത്യ വിടേണ്ടത്?

To the right goal...
through the right path...

# 2017
# MARCH 10, 11, 12
# PALAKKAD

# PROFCON


## 21st PROFESSIONAL STUDENTS' GLOBAL CONFERENCE


msmkerala@gmail.com
www.msmkerala.co.in
msmprofcon


WISDOM | MSM KERALA | EMPOWER campus chapter | Anti-terrorism Awakening

നേർപഥം
വാരിക

0002 / 2017 ജനുവരി 21 / 1438 റബിഉൽ ആഖിർ 22 / പുസ്തകം 01 / ലക്കം 02

# ദേശീയ പാരമ്പര്യം 10 ചോദ്യം ചെയ്യപ്പെടുമ്പോൾ
ഉസ്മാൻ പാലക്കാഴി


**ജാലകം**
ഉപഭോഗസംസ്കാരത്തിന്റെ ഊരാക്കുടുക്ക് / 04
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

**മുഖമൊഴി**
നിവർന്നു നിൽക്കുക / 05
എഡിറ്റർ

**സമകാലികം**
ആരൊക്കെയാണ് ഇന്ത്യ വിടേണ്ടത്? / 06
എസ്.എ റിയാദ്

**ശാന്തിഗേഹം**
മൊബൈൽ വലയിൽ കുരുങ്ങിയ ഭർത്താവ് / 16
പ്രൊഫ: ഹാരിസ് ബിൻ സലീം

**ബാലപഥം**
നന്ദികേടിന്റെ ഫലം / 18
അബൂറാഷിദ

എന്ത് തോന്നിടുന്നു? / 19
ഹാരിസ്

**വിവർത്തനം**
സലഫീ പ്രബോധനം ഒരു താത്വിക വിശകലനം / 20
ശൈഖ് നാസ്വിറുദ്ദീൻ അൽബാനി

**ഹദീഥ് പാഠം**
സമത്വത്തിന്റെ സന്ദേശം / 22
അബൂ മുർശിദ

**ലേഖനങ്ങൾ**
പരീക്ഷണങ്ങളിൽ പതറാതിരിക്കുക / 08
മെഹബൂബ് മദനി ഒറ്റപ്പാലം

വെറുമെഴുത്തല്ല ഇ-എഴുത്ത് / 14
അബ്ദുല്ല ബാസിൽ സി.പി

വെളിച്ചം കാണിക്കലാണ് പണ്ഡിത ധർമം / 24
ടി.കെ.അശ്റഫ്

തീവ്രവാദം വെറുക്കുന്ന മതം / 26
അൻവർ അബൂബക്കർ

**കാഴ്ച**
മുതിർന്ന കുട്ടികൾ... / 29
ഇബ്നു അലി എടത്തനാട്ടുകര

**പാരന്റിംഗ്**
ഇസ്‌ലാമിക് പാരന്റിംഗ് / 30
അഷ്റഫ് എകരൂൽ

**വിമർശം**
എല്ലാവർക്കും വേണം താടി! / 31
അബൂമിസ്‌യാൽ

**നമുക്ക് ചുറ്റും**
അധോലോകം വാഴുന്ന കലാലയം / 34
ഡോ. സി.എം സാബിർ നവാസ്



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
mail@nerpatham.com I www.nerpatham.com

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
mail@nerpatham.com



# ഉപഭോഗസംസ്കാരത്തിന്റെ ഊരാക്കുടുക്ക്

വളരെ പരിഷ്കൃതമായ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഉപഭോഗ സംസ്കാരം എന്ന് വിളിക്കപ്പെടുന്ന ഒരു പ്രത്യേക രീതിയുടെയും സംസ്കാരത്തിന്റെയും ഭാഗമായി നാമെല്ലാവരും മാറിയിരിക്കുന്നു. അതുകൊണ്ടുതന്നെ ഈ ഉപഭോഗ സംസ്കാരം നമ്മെ കൊണ്ടെത്തിച്ച ഒരുപാട് ദുരന്തങ്ങളുണ്ട്.

സ്വയം കൃഷി ചെയ്തുണ്ടാക്കി ഭക്ഷിക്കുന്ന രീതി ഇന്ന് നമുക്കില്ല. കൃഷിഭൂമി നാം നശിപ്പിച്ചു. എന്തും കാശുകൊടുത്താൽ കിട്ടും എന്നതാണ് ഇന്നത്തെ അവസ്ഥ. പിന്നെ എന്തിന് ബുദ്ധിമുട്ടണം! ഈ സംസ്കാരം നമ്മെ വലിയൊരു കെണിയിൽ ചാടിച്ചിരിക്കുന്നു. ആർഭാടവും ധൂർത്തും സമൂഹത്തിലേക്കിറങ്ങിവന്നു. പണക്കാരനും പാവപ്പെട്ടവനുമൊക്കെ അടിച്ചുപൊളിച്ച് ജീവിക്കുവാൻ തുടങ്ങി. ഉപഭോഗ സംസ്കാരം അവരെ അതിന് നിർബന്ധിതരാക്കി എന്ന് പറയാം.

ആർഭാട ജീവിതത്തിന് എത്ര കാശ് ചെലവാക്കാനും ആളുകൾ തയ്യാർ. ഉള്ളതിൽ തൃപ്തിപ്പെട്ട് ജീവിക്കാനുള്ള മനഃസ്ഥിതി ഇല്ലാതായി. വരുമാനമറിഞ്ഞ് ചെലവഴിക്കാനുള്ള മനസ്സില്ല. വരുമാനം എത്രയായാലും നോട്ടം ഉന്നത ശ്രേണിയിലുള്ളവരിലേക്കാണ്. അവരെപ്പോലെ ജീവിക്കണം! വീടും വാഹനവും അവരുടെയത്ര മുന്തിയതായിരിക്കണം! അതിന് ധാരാളം കാശു വേണം. എങ്ങനെ കാശുണ്ടാക്കും? എങ്ങനെയും! എളുപ്പമുള്ള മാർഗം ലോണെടുക്കലാണ്. അത്യാവശ്യമില്ലെങ്കിലും ലോണെടുക്കും. ബാങ്കുകാർ ലോൺ മേളകൾ തന്നെ നടത്തി കാത്തിരിക്കുകയാണ്.

എന്തിന് ബുദ്ധിമുട്ടി ബസിൽ യാത്ര ചെയ്യണം? വരൂ, ഒരു കാർ സ്വന്തമാക്കൂ. കാശോ? കാശു വേണ്ട; ചോദിച്ചില്ല. ഐ. ഡി കാർഡ് മതി. ഹാ! എത്ര ആകർഷണീയമായ വാഗ്ദാനം!

പുതിയ വീടുണ്ടാക്കാൻ, ഉള്ളത് പുതുക്കിപ്പണിയാൻ, ടൈൽസ് പൊളിച്ചുമാറ്റി മാർബിൾ പതിക്കാൻ... എല്ലാറ്റിനും ലോണുണ്ട്. അതെ, വാങ്ങിക്കൂട്ടുകയാണ് നമ്മൾ; വേണ്ടതും വേണ്ടാത്തതുമെല്ലാം. അങ്ങനെ നാം ഉപഭോഗ സംസ്കാരത്തിന്റെ വലയിൽ കുരുങ്ങുന്നു. പലിശ... പലിശയുടെ പലിശ... വീട്ടാൻ പറ്റാത്ത കുരുക്ക്. കടത്തോടു കടം!

മരണപ്പെട്ട ഒരു വ്യക്തിക്ക് കടബാധ്യതയുണ്ടാവുകയും മറ്റാരെങ്കിലും അത് കൊടുത്തുവീട്ടുവാൻ സന്നദ്ധമാവാതിരിക്കുകയും ചെയ്താൽ പ്രവാചകൻ ﷺ ആ മയ്യിത്തിനുവേണ്ടി നമസ്കരിക്കാൻ വിമുഖത കാണിച്ചിരുന്നു. കടബാധിതനായി മരിക്കുന്നത് എത്രത്തോളം കുറ്റകരമാണെന്ന് ഇത് മനസ്സിലാക്കിത്തരുന്നു.

നബിﷺക്ക് കടം വീട്ടാൻ കഴിയില്ല. പാപം പൊറുക്കപ്പെടണമെങ്കിൽ കടം വീട്ടണം. അല്ലാതെ പൊറുക്കൽ ചോദിക്കാൻ നബിﷺക്ക് അല്ലാഹു അനുവാദം കൊടുത്തിട്ടുണ്ടാകില്ല. ഞാൻ കൊടുത്തു വീട്ടാമെന്ന് ആരെങ്കിലും ഏറ്റാൽ നബിﷺ നമസ്കരിക്കും.

എന്നാൽ നിവൃത്തികേടുകൊണ്ട് കടം വാങ്ങിയവരുണ്ടാകും. അല്ലാഹുവിനറിയാമല്ലോ അവന്റെ കാര്യം. അവർക്ക് അല്ലാഹു പൊറുത്തുകൊടുത്തേക്കാം. കടം ഒരു ദുരന്തം തന്നെയാണ്. ഒരു സ്വഹാബി നബിﷺയുടെ അടുക്കൽ വന്ന് ചോദിച്ചു: 'ഞാൻ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധംചെയ്ത് കൊല്ലപ്പെട്ടാൽ അല്ലാഹു എന്റെ പാപങ്ങൾ പൊറുത്തുതരുമല്ലോ?' നബിﷺ പറഞ്ഞു: 'ക്ഷമയോടുകൂടിയും പ്രതിഫലം ആഗ്രഹിച്ചും പിന്നോട്ട് മാറാതെ മുന്നോട്ട് പോയി അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്ത് കൊല്ലപ്പെട്ടാൽ അല്ലാഹു നിന്റെ പാപങ്ങൾ പൊറുത്തുതരും. കടം ഒഴികെ. ജിബ്രീൽ എന്നോട് ഇപ്രകാരം പറഞ്ഞിട്ടുണ്ട്.'

അത്യാവശ്യ സമയത്ത് കടം വാങ്ങേണ്ടിവരും. അത് എഴുതി വെക്കണം. അതിന് സാക്ഷികൾ വേണം എന്നെല്ലാം ക്വുർആൻ പറയുന്നുണ്ട്. ക്വുർആനിലെ ഏറ്റവും വലിയ സൂക്തം കടമിടപാടുമായി ബന്ധപ്പെട്ടതാണ്. ആവശ്യത്തിന് മാത്രം വാങ്ങുക. കഷ്ടപ്പെട്ടാലും കടം ഒഴിവാക്കാനുള്ള മനഃസ്ഥിതി വേണം. ആർഭാടത്തിനും ധൂർത്തിനും അരുത്. ●

മുഖമൊഴി

# നിവർന്നു നിൽക്കുക

സത്യവിശ്വാസം ശക്തിയുടെ ഉറവിടമാണ്. സത്യവിശ്വാസി ഏതവസ്ഥയിലും ഉന്നതനും ശക്തനും തന്നെയായിരിക്കും. ഏത് പ്രതികൂല സാഹചര്യങ്ങളിലും പതറാതെയും പ്രശ്നങ്ങളെ അതിജയിച്ചും സദ്കർമനിരതനായിരിക്കാൻ ഈമാൻ (വിശ്വാസം) മനഷ്യനു കരുത്തേകും.

സമൂഹത്തിൽ നിലനിൽക്കുന്ന പിഴച്ച മൂല്യങ്ങളോടും ദുഷിച്ച ആചാരങ്ങളോടും രാജിയാകാതെ നന്മ കൽപിക്കുവാനും തിന്മ വിരോധിക്കുവാനുമുള്ള ആർജവം പകർന്നു തരുന്നത് ഈമാനാണ്. സ്വന്തത്തോടും മറ്റുള്ളവരോടും ചെയ്യുന്ന നന്മയും ഗുണകാംക്ഷയുമാണത്. ആ വഴിയിലുള്ള യാത്ര അത്ര സുഗമമായിരിക്കില്ല. ആ മാർഗത്തിൽ കാണുവാൻ കഴിയുക പൂക്കൾ വിതറിയ പരവതാനിയല്ല; കല്ലും മുള്ളും വിതറിയ കരിമ്പടങ്ങളായിക്കും. എതിർപ്പിന്റെ, പരിഹാസങ്ങളുടെ കൂരമ്പുകൾ പാഞ്ഞുവന്നേക്കാം. ഇരുട്ടിന്റെ മിത്രങ്ങൾക്കെങ്ങനെ വെളിച്ചത്തെ സ്നേഹിക്കുവാൻ കഴിയും? അവരോടു നാമെന്തു പറയണമെന്ന് ക്വുർആൻ പറഞ്ഞുതരുന്നുണ്ട്:

"പറയുക: എന്റെ ജനങ്ങളേ, നിങ്ങളുടെ നിലപാടനുസരിച്ച് നിങ്ങൾ പ്രവർത്തിച്ചുകൊള്ളുക. ഞാനും പ്രവർത്തിച്ചുകൊണ്ടിരിക്കുകതന്നെയാകുന്നു. എന്നാൽ വഴിയെ നിങ്ങൾ അറിയും; അപമാനകരമായ ശിക്ഷ വന്നെത്തുന്നതും ശാശ്വതമായ ശിക്ഷ വന്നിറങ്ങുന്നതും ആർക്കാണെന്ന്" (39:39-40).

ഈമാനിലൂടെ ആത്മബോധം നേടി, സർവസ്വവും അല്ലാഹുവിന് സമർപിച്ച മനുഷ്യനേ ഇങ്ങനെ പ്രഖ്യാപിക്കുവാൻ സാധിക്കുകയുള്ളൂ. അവന്റെ മുമ്പിലുള്ളത് സ്രഷ്ടാവ് കാണിച്ചുകൊടുത്ത പാതയാണ്. അതുകൊണ്ടുതന്നെ ആരെക്കണ്ടാലും കൂടെക്കൂടിയാവാൻ അവനെക്കിട്ടില്ല. പ്രവാചകന്റെ താക്കീത് ആ വിഷയത്തിലുണ്ട്.

"നിങ്ങൾ കൂടെക്കൂടികളാകരുത്. ആളുകൾ നല്ലകാര്യം ചെയ്യുമ്പോൾ ഞാനും നല്ല കാര്യം ചെയ്യും; അവർ ദുഷ്പ്രവൃത്തി ചെയ്യുമ്പോൾ ഞാനും ദുഷ്പ്രവൃത്തി ചെയ്യും എന്ന നിലപാടെടുക്കരുത്. ജനങ്ങൾ നന്മചെയ്യുമ്പോൾ മാത്രം അവരോടു സഹകരിക്കുക, തിന്മചെയ്യുമ്പോൾ അവരിൽനിന്ന് അകന്നുമാറുക" (തിർമുദി).

മുസ്‌ലിം സമൂഹത്തിൽ നിലനിൽക്കുന്ന ശിർക്കൻ വിശ്വാസങ്ങളെയും മൂഢധാരണകളെയും മതം പഠിപ്പിക്കാത്ത ആചാരങ്ങളെയും തള്ളിപ്പറയാനും സമൂഹത്തെ ബോധവത്കരിക്കാനും ആത്മശക്തി വേണം. കറകളഞ്ഞ ഈമാനുള്ളവർക്കേ അതുണ്ടാകൂ. അല്ലാത്തവർ അശക്തരാവും. പ്രാപ്തിയില്ലാത്തവർ എവിടെയും ഏതുകാലത്തും നാട്ടുനടപ്പുകൾക്കും ശീലാനുഷ്ഠാനങ്ങൾക്കും അടിമകളായിരിക്കും. തെറ്റായാലും ശരിയായാലും സമൂഹത്തിൽ നിലവിലുള്ള പരമ്പരാഗത വിശ്വാസങ്ങളോടും സമ്പ്രദായങ്ങളോടുമായിരിക്കും അവർക്ക് താൽപര്യം. ആളുകളൊക്കെ ജാറപൂജകരാണെങ്കിൽ അയാളും ജാറപൂജകനാകും; സുന്നത്തുകളെ കയ്യൊഴിയുന്നവരും ബിദ്അത്തെടുക്കുന്നവരുമാണെങ്കിൽ അയാളും ആ മാർഗം പിന്തുടരും!

പ്രമാണവിരുദ്ധമായ നാട്ടുനടപ്പുകളിൽനിന്നും അബദ്ധപൂർണമായ വിശ്വാസങ്ങളിൽനിന്നും അകന്നുനിന്ന് അവയെ എതിർത്താൽ ആളുകൾ കുറ്റപ്പെടുത്തും, പരിഹസിക്കും; ചിലപ്പോൾ ദ്രോഹിക്കുകയും ചെയ്യും. ഇത്തരം ഘട്ടങ്ങളിൽ ഒരു സത്യവിശ്വാസി ജനങ്ങളുടെ തൃപ്തിക്കുവേണ്ടി അല്ലാഹുവിന്റെ കോപം ക്ഷണിച്ചുവരുത്തുന്ന നിലപാടെടുക്കാൻ ശ്രമിക്കില്ല.

സത്യവിശ്വാസം ഉൾക്കൊണ്ട് അല്ലാഹുവിൽ ഭരമേൽപിച്ച് ജീവിതം നയിക്കുന്നവനെ അല്ലാഹു കൈവെടിയില്ല; അവന്റെ സഹായം അവന് കിട്ടിക്കൊണ്ടിരിക്കും. പ്രമാണബദ്ധമായി ശരി എന്നു മനസ്സിലാക്കിയ കാര്യത്തോട് പ്രതിജ്ഞാബദ്ധനായിരിക്കണം ഒരു സത്യവിശ്വാസി. അക്കാര്യത്തിൽ നേരിടുന്ന നിന്ദ്യതയും പരിഹാസവും പ്രയാസങ്ങളുമെല്ലാം അവനെ അലോസരപ്പെടുത്താൻ പാടില്ല. കാരണം വിശ്വാസിയുടെ ഒരേയൊരാഗ്രഹം അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും നേടുക എന്നതു മാത്രമായിരിക്കും. ഈ നിലപാടു സ്വീകരിക്കുവാനാണ് അല്ലാഹു പ്രവാചകനോട് നിർദേശിച്ചത്.

ആത്മബോധത്തിന്റെ കരുത്തിൽ സത്യവിശ്വാസി ആരുടെ മുമ്പിലും ചങ്കുറപ്പോടെ നിവർന്നുനിൽക്കുന്നവനായിരിക്കണം. ആർക്കും അവനെ സത്യമാർഗത്തിൽനിന്ന് വ്യതിചലിപ്പിക്കാനാവില്ല. അല്ലാഹുവിന്റെ കാവൽ ഉള്ളതിനാൽ അവൻ മറ്റാരെയും ഭയപ്പെടേണ്ടതുമില്ല.

"നിങ്ങൾ ദൗർബല്യം കാണിക്കുകയോ ദുഃഖിക്കുകയോ ചെയ്യരുത്. നിങ്ങൾ വിശ്വാസികളാണെങ്കിൽ നിങ്ങൾതന്നെയാണ് ഉന്നതന്മാർ" (വി. ക്വുർആൻ 3:139).




# ആരൊക്കെയാണ് ഇന്ത്യ വിടേണ്ടത്?

എസ്.എ റിയാദ്
samakalikam@nerpatham.com

നമ്മുടെ നാട്ടിൽ കുറച്ച് കാലമായി ഇടയ്ക്കിടെ ഉയർന്നു കേൾക്കുന്ന ശബ്ദമാണ് ഇന്നയിന്നയാളുകൾ ‘ഇന്ത്യ വിടണം; പാക്കിസ്ഥാനിൽ പോവണം’ എന്നത്. ഇപ്പോൾ ബി.ജെ.പി കേരളഘടകം ജനറൽ സെക്രട്ടറി എ. എൻ. രാധാകൃഷ്ണനാണ് പുതിയ കോലാഹലങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുന്നത്. സംവിധായകൻ കമലിനെ ലക്ഷ്യമിട്ടുകൊണ്ടാണ് രാധാകൃഷ്ണന്റെ പ്രസ്താവനയെങ്കിലും കമൽ മാത്രമല്ല, സംഘ്പരിവാർ പദ്ധതികളെ വിമർശിക്കുന്ന എല്ലാവരും അവർ തയ്യാറാക്കിയ ‘രാജ്യവിരുദ്ധരുടെ’ പട്ടികയിൽ പെടും. നോട്ടിന്റെ പേരിൽ മോദിയെ വിമർശിച്ചു എന്ന ഒറ്റക്കാരണത്താൽ എം. ടി. വാസുദേവൻ നായർ പോലും സംഘപരിവാറിന്റെ ഭീഷണികൾക്ക് വിധേയമായി എന്നത് വിഷയത്തിന്റെ ഗൗരവം സൂചിപ്പിക്കുന്നു. ജ്ഞാനപീഠജേതാവായ എം. ടി. യെ കുറിച്ച് ‘നാലുകെട്ടുകാരൻ’ ഇനി പാക്കിസ്ഥാനിൽ ജീവിക്കുന്നതാണ് നല്ലത് എന്നാണ് സംഘ്പരിവാറുകാരൻ കുറിച്ചിട്ടത്. കേരളത്തിന്റെ സാമൂഹിക ജീവിതത്തിൽ പൗരോഹിത്യ മതങ്ങൾ സൃഷ്ടിച്ച അനാചാരങ്ങളെ തുറന്നെതിർത്തു എന്ന കാരണത്താൽ അങ്ങനെയുള്ളവരെ മുഴുവൻ ദേശദ്രോഹികളായി ചിത്രീകരിക്കാൻ തുനിയുന്നത് രാജ്യം നേടിയ നവോത്ഥാനങ്ങൾക്ക് മീതെ പൊന്തക്കാടുകൾ സൃഷ്ടിക്കൽ മാത്രമായിരിക്കും.



ഒരു വ്യക്തിയുടെ വീക്ഷണങ്ങളോടും നിരീക്ഷണങ്ങളോടും യോജിപ്പും വിയോജിപ്പും പ്രകടപ്പിക്കാൻ ഏതൊരാൾക്കും അവകാശമുണ്ട്. ഇന്ത്യൻ ഭരണഘടന പൗരന് അഭിപ്രായ സ്വാതന്ത്ര്യം നൽകുന്നിടത്തോളം കാലം ഏതൊരാൾക്കും വ്യക്തിഗതമായ വീക്ഷണങ്ങൾ വെച്ച് പുലർത്താം. അത്തരം വീക്ഷണങ്ങളെ വിമർശിക്കാൻ ആർക്കും സ്വാതന്ത്ര്യമുണ്ട്. പ്രധാനമന്ത്രിയും ഇതര മന്ത്രിമാരും ജുഡീഷ്യറിയും ബ്യൂറോക്രസിയും വിമർശനാതീതരല്ല. പ്രധാനമന്ത്രിയുടെ വിദ്യാഭ്യാസയോഗ്യതയെ കുറിച്ച് അന്വേഷിച്ചുകൊണ്ട് വിവരാവകാശ നിയമപ്രകാരം അപേക്ഷ നൽകിയ ആൾക്ക് അത് നൽകാതിരുന്നതിന്റെ പേരിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് പിഴ വിധിച്ച രാജ്യമാണ് ഇന്ത്യ. അങ്ങനെ അറിയാനും പറയാനും വിമർശിക്കാനുമൊക്കെ അവകാശമുള്ള ജാതി മത പരിഗണനകൾ കൽപ്പിക്കാത്ത പൂർണ ജനാധിപത്യ രാജ്യമാണ് ഇന്ത്യ.


എന്നാൽ തന്റെ വീക്ഷണങ്ങളോട് യോജിക്കാത്തവരൊക്കെ രാജ്യത്തിനു പുറത്ത് പോകണമെന്ന് ആക്രോശിക്കുന്നതും വിയോജിക്കുന്നവരെയൊക്കെ പാക്കിസ്ഥാന്റെ വക്താക്കളായി ചിത്രീകരിക്കുന്നതും എന്തുമാത്രം അസംബന്ധമാണ്?! സംഘ്പരിവാർ പറയുന്നതൊക്കെ കണ്ണുമടച്ച് അംഗീകരിക്കുന്നതാണ് യഥാർഥ ദേശീയത എന്ന ദുർവ്യാഖ്യാനമാണ് ഇവർ നൽകിക്കൊണ്ടിരിക്കുന്നത്. ഒരു ദേശത്തിന്റെ വികസനത്തിനും പുരോഗതിക്കും വേണ്ടി ആത്മാർഥമായി അണിചേർന്ന് പ്രവർത്തിക്കുന്നതാണ് ദേശാഭിമാനത്തിലധിഷ്ഠിതമായ യഥാർഥ ദേശീയത. സ്വന്തം രാജ്യത്തെ പൗരന്മാരെ മുഴുവൻ സ്വന്തം അധ്വാനഫലമായ സമ്പാദ്യത്തിനു വേണ്ടി വെയിലും മഴയും സഹിച്ച് ക്യൂ നിർത്തി ആസ്വദിക്കുകയും സ്വദേശാഭിമാനത്തെ കാറ്റിൽപറത്തുകയും ചെയ്തവർ അന്യദേശീയതകളെ ആക്ഷേപിക്കുന്നതും തളർത്തുന്നതും തകർക്കുന്നതുമാണ് ദേശീയതയുടെ ശരിയായ വ്യാഖ്യാനമെന്ന് തെറ്റിദ്ധരിച്ചിരിക്കുന്നു. മനുഷ്യമനസ്സുകൾക്കിടയിൽ മതിൽക്കെട്ടുകളുയർത്തുകയല്ല ജനപഥങ്ങളെ കൂട്ടിയിണക്കുക എന്ന ഉദാത്തമായ ദൗത്യമാണ് യഥാർഥ ദേശീയത നിർവഹിക്കേണ്ടത്.

ഇന്ത്യാ മഹാരാജ്യത്തിന്റെ സഹസ്രാബ്ദങ്ങൾ തൊട്ടുള്ള ചരിത്രം പരിശോധിക്കുമ്പോൾ ഏതെങ്കിലും മതവിഭാഗത്തിന്റെ പ്രദേശമല്ല അതെന്ന യാഥാർഥ്യം ആർക്കും ബോധ്യപ്പെടും. ഇന്ത്യയിൽ ബഹുസ്വരതയാണ് എക്കാലവും നിലനിന്നത്. വൈവിധ്യങ്ങളും വൈജാത്യങ്ങളും ഉൾക്കൊണ്ടു കൊണ്ട് നാനാത്വം പ്രകടമാകുമ്പോഴും ഒരു മതത്തിനും അപ്രമാദിത്തം കൽപിക്കാതെ ഒരൊറ്റ ജനതയെന്ന വിവേകപൂർണമായ ചിന്തയാണ് ഇന്ത്യയെ നയിച്ചത്. ഏകീകരിക്കപ്പെട്ട നാഗരികതകളെയോ സംസ്കൃതികളെയോ രാജ്യം ഒരു കാലത്തും ഉൾക്കൊണ്ടിട്ടില്ല. മതങ്ങളും സംസ്കാരങ്ങളും ഭാഷകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ആഹാര, വേഷഭൂഷാദികളും പ്രാചീനകാലം തൊട്ടേ ഇന്ത്യക്കാരനിൽ വ്യത്യസ്തമാണ്. എല്ലാ രംഗത്തും യൂണിഫോമിറ്റിയാണ് പുരോഗമനപരമെന്ന് പ്രചരിപ്പിക്കുന്നവർ ഇന്ത്യയുടെ ആത്മാവിനെ തൊട്ടറിയാത്തവരാണ്.

ബഹുസ്വരതയും സഹിഷ്ണുതയുമാണ് ഇന്ത്യയുടെ ആത്മാഭിമാനം ഉയർത്തുന്നതെങ്കിൽ ഇന്ത്യക്ക് ഒട്ടും ചേരാത്ത ഒന്നാണ് വർഗീയത. താൻ ഉൾക്കൊള്ളുന്ന വർഗത്തിൽ പെടാത്തവരുടെ അസ്തിത്വത്തെ അംഗീകരിക്കാതിരിക്കുകയോ അവരുടെ സ്വാതന്ത്ര്യം ഹനിക്കുകയോ അവരുടെ നാശം ആഗ്രഹിക്കുകയോ ചെയ്യുന്നതാണ് വർഗീയത. ഏതൊരു വർഗത്തിനും സ്വയം സംഘടിക്കാൻ അവകാശമുണ്ട്. അത് പക്ഷേ, മറ്റു വർഗങ്ങളുടെ ഉന്മൂലനത്തിനു വേണ്ടിയാവരുത്. ഇവിടെ തങ്ങളുടെ അഭിപ്രായങ്ങൾ അംഗീകരിക്കാത്തവർ ഇന്ത്യ വിട്ടുപോകണമെന്ന് വിളിച്ചു പറയുന്നവർ ഇന്ത്യക്ക് പരിചിതമല്ലാത്ത വർഗീയതയെയാണ് മുന്നോട്ടു വെക്കുന്നത്. യഥാർഥത്തിൽ ഇന്ത്യ തിരസ്കരിച്ച ഈ വാദം പേറുന്നവരാണ് ഇന്ത്യക്ക് പുറത്ത് പോവാൻ ഏറ്റവും യോഗ്യർ. ●

മെഹബൂബ് മദനി ഒറ്റപ്പാലം
mail@nerpatham.com

ലേഖനം



# പരീക്ഷണങ്ങളിൽ പതറാതിരിക്കുക

**കൊ**ടും പരീക്ഷണങ്ങളിൽ പതറാതെ പോരാടി സ്വർഗം നേടിയെടുത്തവരാണ് പ്രവാചകൻമാർ. മട്ടുപ്പാവിൽ അന്തിയുറങ്ങിയും അധികാരത്തിന്റെ മേലങ്കിയണിഞ്ഞും ഭൗതിക പ്രമത്തദകളിൽ മുഴുകി കാലം കഴിച്ചുകൊണ്ടുമായിരുന്നില്ല അവർ ലോകത്തിന് മാതൃകകളായത്. ആദർശ പ്രബോധന രംഗത്ത് കൂരമ്പുകൾ കണക്കെ തുടർച്ചയായ പരീക്ഷണങ്ങൾ ഏറ്റുവാങ്ങിയപ്പോഴും ആ സാത്വികൻമാർ വിശ്വാസത്തിൽ അധിഷ്ഠിതമായ ക്ഷമയും പ്രാർഥനയുമായി അതിനെയെല്ലാം അതിജയിച്ചു. സത്യമതത്തിന്റെ പ്രകാശത്തെ തകർക്കാൻ ശ്രമിക്കുന്ന ശക്തികളാരായിരുന്നാലും അവർക്കൊന്നും അന്തിമ വിജയമുണ്ടായിട്ടില്ലെന്നതിന് ചരിത്രം സാക്ഷിയാണ്. തീർച്ചയായും ആ യാഥാർഥ്യം തന്നെയാണ് ഈ പ്രബോധനത്തിന്റെ വഴിത്താരയിൽ അഗ്നിപർവത സ്ഫോടനങ്ങൾ കണക്കെ പ്രതിസന്ധികളുണ്ടായാലും അതിനോടെല്ലാം അവധാനതയോടു കൂടി പ്രതികരിച്ച് ലക്ഷ്യത്തിലേക്കു നീങ്ങുവാൻ വിശ്വാസികളായ നമുക്കും പ്രചോദനം നൽകുന്നത്.

ഇഹലോക ജീവിതത്തെ തീർത്തും ഒരു പരീക്ഷണാലയമായിക്കൊണ്ടാണ് വിശ്വാസികൾ നോക്കിക്കാണേണ്ടത്. പ്രപഞ്ച നാഥൻ പറയുന്നത് കാണുക: "കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. അത്തരം സന്ദർഭങ്ങളിൽ ക്ഷമിക്കുന്നവർക്ക് സന്തോഷ വാർത്ത അറിയിക്കുക" (2:155).

ജീവിതത്തിന്റെ വിവിധ മേഖലകളിലെല്ലാം തന്നെ റബ്ബിന്റെ പരീക്ഷണങ്ങൾ ഉണ്ടാവാമെന്ന യാഥാർഥ്യമാണ് ഈ വചനം നമ്മെ പഠിപ്പിക്കുന്നത്. പ്രത്യക്ഷത്തിൽ അതെല്ലാം നമുക്ക് പ്രയാസകരമായി അനുഭവപ്പെട്ടാലും അതിലെല്ലാം നാമറിഞ്ഞതും അറിയാത്തതുമായ നന്മകൾ ഉണ്ടെന്ന സത്യം നമ്മൾ അംഗീകരിച്ചേ മതിയാകൂ.

പരീക്ഷണങ്ങളിൽ പതറിപ്പോകേണ്ടവരല്ല വിശ്വാസികൾ. ഒരു പ്രയാസം വരുമ്പോഴേക്ക് റബ്ബിന് ഇഷ്ടമില്ലാത്ത മേഖലകളിലേക്ക് തിരിയുക എന്നത് വലിയ നന്ദികേടുതന്നെയാണ്. എന്തു പ്രതിസന്ധി നേരിട്ടാലും നമുക്ക് സംരക്ഷണം തേടാനുള്ളതും സുരക്ഷ നൽകുന്നതും റബ്ബ് മാത്രമാണ്. അവനിലാണ് നാം ഭരമേൽപിക്കേണ്ടത്. റബ്ബിനിഷ്ടമില്ലാത്തതായാലും ചിലതൊക്കെ പറയുകയും പ്രചരിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്താൽ കുഴപ്പമില്ലെന്നും ഭൗതികനേട്ടത്തിനതൊക്കെ ആവശ്യമാണെന്നും വിചാരിക്കുന്നവൻ വിഡ്ഢികളുടെ സ്വർഗത്തിലാണെന്ന് പറയാതെ വയ്യ. പിശാച് അവന്റെ വിശ്വാസത്തെയാണ് നശിപ്പിച്ചു കളയുന്നത്. തനിക്കുള്ള ഉപജീവനം മുമ്പേ അല്ലാഹു കണക്കാക്കിയതാണെന്നും ആരു വിചാരിച്ചാലും അത് മുടക്കാൻ സാധിക്കില്ലെന്നുമുള്ള അടിസ്ഥാന കാര്യം അത്തരക്കാർ വിസ്മരിക്കുന്നു. പരീക്ഷണത്തിന്റെ ഘട്ടങ്ങളിൽ പിശാച് മനുഷ്യരെ വഴിതെറ്റിക്കുന്നതിന്റെ പ്രത്യക്ഷമായ ഉദാഹരണമാണിത്. അല്ലാഹു എല്ലാവർക്കും സന്മാർഗം പ്രദാനം ചെയ്യുമാറാകട്ടെ.

എന്നാൽ എത്ര വലിയ പ്രതിസന്ധി നേരിട്ടാലും യഥാർഥ വിശ്വാസികൾക്ക് അല്ലാഹുവിനെ കുറിച്ച് സദ്വിചാരമല്ലാതെ

ഉണ്ടാവുകയില്ല. സത്യപാതയിൽ അടിയുറച്ചു നിന്നാൽ നിലവിലുള്ള ജോലി നഷ്ടപ്പെട്ടെന്നു വരാം. ജനങ്ങളുടെ ആക്ഷേപങ്ങളും കുത്തുവാക്കുകളും ഒരുപാട് കേൾക്കേണ്ടി വന്നേക്കാം. കുടുംബക്കാർ അകറ്റിയേക്കാം. മഹല്ലു ഭാരവാഹികളുടെ ബഹിഷ്കരണം ഉണ്ടായേക്കാം. സ്ഥാനമാനങ്ങൾ നഷ്ടപ്പെട്ടെന്നു വരാം. സുഹൃദ് ബന്ധങ്ങൾ അറ്റുപോയേക്കാം. അങ്ങനെ എത്രയെത്ര പ്രയാസങ്ങൾ...! എന്നാൽ എത്ര പ്രയാസങ്ങൾ അനുഭവിക്കേണ്ടി വന്നാലും വിശ്വാസികൾക്കതിൽ സങ്കടമില്ല. കാരണം അല്ലാഹു അവനിഷ്ടപ്പെട്ടവരെ ഏറെ പരീക്ഷണങ്ങൾക്ക് വിധേയരാക്കുമെന്ന് റസൂൽﷺ അവരെ പഠിപ്പിച്ചിട്ടുണ്ട്. ആ നേതാവിന്റെ അധ്യാപനങ്ങളെ നെഞ്ചോട് ചേർത്ത് പിടിക്കാൻ അവസരം നൽകിയ റബ്ബിനെ സന്തോഷത്തോടെ സ്തുതിക്കാനേ അവർക്ക് സാധിക്കൂ.

ഇക്കാര്യം സത്യപ്പെടുത്തുന്നതാണ് നബിﷺയുടെ ജീവിതം. ജീവിതത്തിലൊരിക്കലും ഒരു പിതാവിന്റെ ലാളനയേൽക്കാൻ പ്രവാചകന് അവസരം ലഭിച്ചില്ല. സ്നേഹിച്ച് കൊതിതീരും മുമ്പേ മാതാവും മരണപ്പെട്ടു. നാട്ടുകാരുടെ പരിഹാസം നബിﷺക്ക് കേൾക്കേണ്ടി വന്നു. ഭ്രാന്തനെന്നും പ്രശ്നക്കാരനെന്നും അവർ തിരുനബിﷺയുടെ മുഖത്ത് നോക്കി വിളിച്ചു. ത്വാഇഫിൽ വെച്ച് കുടുംബക്കാർ അദ്ദേഹത്തെ കല്ലെറിഞ്ഞോടിച്ചു. പട്ടിണികൊണ്ട് വീട്ടിൽ നിന്നിറങ്ങി നടന്ന അവസ്ഥ തിരുമേനിയുടെ ജീവിതത്തിലുണ്ടായി. സാമ്പത്തിക ബുദ്ധിമുട്ടുകൾ അദ്ദേഹം ഏറ്റുവാങ്ങി. പ്രിയ പത്നി ഖദീജ(റ)യെ നബിﷺ ജീവിച്ചിരിക്കേ അല്ലാഹു തിരിച്ചുവിളിച്ചു. ഉണ്ടായ ആൺകുഞ്ഞുങ്ങളെല്ലാം പ്രവാചകന്റെ കൺമുമ്പിൽ വെച്ച് പരലോകത്തേക്ക് യാത്രയായി. തനിക്കു വേണ്ടി ജീവൻ കൊടുക്കാൻ വരെ തയാറായ അനുയായികളുടെ പിച്ചിച്ചീന്തപ്പെട്ട മൃതദേഹങ്ങൾക്ക് മുന്നിൽ നിസ്സഹായനായി നിന്ന് കണ്ണുനീർ വാർത്ത് പ്രാർഥിക്കേണ്ട അവസ്ഥ പുണ്യറസൂലിന്റെ ജീവിതത്തിലുണ്ടായി. ഉഹ്ദിന്റെ രണാങ്കണത്തിൽ ആ തിരുദേഹത്ത് നിന്ന് രക്തമൊഴുകി. രോഗങ്ങൾ പ്രവാചകനെ അലട്ടി. അങ്ങനെ മരണംവരെ നിലനിന്ന പരീക്ഷണങ്ങളുടെ വേലിയേറ്റമാണ് നബിﷺയുടെ ജീവിതത്തിൽ നമുക്ക് ദർശിക്കാനാവുന്നത് .

ഇതുകൊണ്ടൊന്നും ആദർശ പ്രബോധന രംഗത്തുനിന്ന് ഒരു തരിമ്പ് പോലും നബിﷺ പിൻമാറിയിട്ടില്ല. ആരോപണങ്ങളെ സധൈര്യം നേരിട്ടു. അതുകൊണ്ട് തന്നെ അല്ലാഹുവിന്റെ സഹായം നിറഞ്ഞൊഴുകി. ചരിത്രം ആവർത്തിക്കപ്പെടുമ്പോൾ നമുക്ക് ചെയ്യാനുള്ളതും മറ്റൊന്നല്ല. മുന്നിലുള്ള പ്രതിസന്ധികളെത്ര വലുതായാലും അവ പ്രവാചകനും അനുയായികളും അനുഭവിച്ചതിന്റെ അടുത്തൊന്നും എത്തുന്നതല്ല എന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. സലഫുകളുടെ പാതയിലൂടെ മുന്നോട്ടു പോയാൽ റബ്ബിന്റെ സഹായമുണ്ടാവുമെന്നുറപ്പാണ്.

നമുക്ക് ലഭിക്കുന്ന പ്രതിഫലത്തിന്റെ വലിപ്പം പരീക്ഷങ്ങളെ അടിസ്ഥാനമാക്കിയാണെന്നും നബിﷺ പഠിപ്പിച്ചിട്ടുണ്ട്. അനസ്(റ)വിൽ നിവേദനം നബിﷺ പറഞ്ഞു: “പ്രതിഫലത്തിന്റെ വലിപ്പം പരീക്ഷണത്തിന്റെ വലിപ്പത്തിനനുസരിച്ചാണ്. നിശ്ചയം അല്ലാഹു ഒരു ജനതയെ ഇഷ്ടപ്പെട്ടാൽ അവരെ പരീക്ഷിക്കും. അപ്പോൾ ആരെങ്കിലും തൃപ്തിപ്പെട്ടാൽ (അല്ലാഹുവിന്റെ) തൃപ്തി അവനുണ്ട്. ആരെങ്കിലും അസംതൃപ്തനായാൽ അല്ലാഹുവിന്റെ കോപം അവനുണ്ട്” (തിർമിദി).

സത്യവിശ്വാസികളെ പൂർണമായി ശുദ്ധീകരിക്കലും പരീക്ഷണങ്ങളുടെ ലക്ഷ്യമാണ്. ഉഹ്ദിന്റെ രണാങ്കണത്തിൽ വിശ്വാസികൾക്ക് കഠിനമായ പ്രയാസങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. അതിന്റെ പിന്നിലുള്ള യുക്തിയെ കുറിച്ച് അല്ലാഹു പറയുന്നത് കാണുക: “നിങ്ങൾ ദൗർബല്യം കാണിക്കുകയോ ദുഃഖിക്കുകയോ ചെയ്യരുത്. നിങ്ങൾ വിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയാണ് ഉന്നതൻമാർ. നിങ്ങൾക്കിപ്പോൾ കേടുപാടുകൾ പറ്റിയിട്ടുണ്ടെങ്കിൽ (മുമ്പ്) അക്കൂർട്ടർക്കും അതുപോലെ കേടുപാടുകൾ പറ്റിയിട്ടുണ്ട്. ആ (യുദ്ധ) ദിവസങ്ങളിലെ ജയാപചയങ്ങൾ ആളുകൾക്കിടയിൽ നാം മാറ്റിക്കൊണ്ടിരിക്കുന്നതാണ്. വിശ്വസിച്ചവരെ അല്ലാഹു തിരിച്ചറിയുവാനും നിങ്ങളിൽ രക്തസാക്ഷികളെ ഉണ്ടാക്കിത്തീർക്കുവാനും കൂടിയാണത്. അല്ലാഹു അക്രമികളെ ഇഷ്ടപ്പെടുകയില്ല. അല്ലാഹു സത്യവിശ്വാസികളെ ശുദ്ധീകരിച്ചെടുക്കാൻ വേണ്ടിയും സത്യനിഷേധികളെ ക്ഷയിപ്പിക്കുവാൻ വേണ്ടിയും കൂടിയാണത്. അതല്ല നിങ്ങളിൽ നിന്ന് ധർമസമരത്തിൽ ഏർപെട്ടവരെയും ക്ഷമാശീലരെയും അല്ലാഹു തിരിച്ചറിഞ്ഞിട്ടല്ലാതെ നിങ്ങൾക്ക് സ്വർഗത്തിൽ പ്രവേശിച്ചുകളയാമെന്ന് നിങ്ങൾ വിചാരിച്ചിക്കുകയാണോ?” (ആലുഇംറാൻ 139-142). ഉഹ്ദിലുണ്ടായ പരീക്ഷങ്ങളുടെ ലക്ഷ്യം ഈ ആയത്തുകൾ വ്യക്തമാക്കുന്നുണ്ട്.

മാത്രമല്ല പരീക്ഷണങ്ങളിലൂടെ വിശ്വാസികൾ അല്ലാഹുവിന്റെ കഴിവിനെ കുറിച്ച് കൃത്യമായി മനസ്സിലാക്കുന്നു. അഹങ്കാരമില്ലാതെ റബ്ബിന് കീഴൊതുങ്ങാൻ അവരെ ഇത് പ്രാപ്തരാക്കുന്നു. അല്ലാഹു പറയുന്നത് കാണുക: “ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങളിൽ തന്നെയോ യാതൊരു ആപത്തും ബാധിക്കുകയുണ്ടായില്ല; അതിനെ നാം ഉണ്ടാക്കുന്നതിന് മുമ്പ് തന്നെ ഒരു രേഖയിൽ ഉൾപ്പെട്ടു കഴിഞ്ഞതായിട്ടല്ലാതെ. തീർച്ചയായും അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു. (ഇങ്ങനെ നാം ചെയ്തത്). നിങ്ങൾക്കു നഷ്ടപ്പെട്ടതിന്റെ പേരിൽ നിങ്ങൾ ദുഃഖിക്കാതിരിക്കുവാനും നിങ്ങൾക്ക് അവൻ നൽകിയതിന്റെ പേരിൽ നിങ്ങൾ ആഹ്ലാദിക്കാതിരിക്കുവാനും വേണ്ടിയാണ്. അല്ലാഹു യാതൊരു അഹങ്കാരിയെയും ദുരഭിമാനിയെയും ഇഷ്ടപ്പെടുകയില്ല” (അൽഹദീദ് 22,23).

ഏത് തരത്തിലുള്ള പരീക്ഷങ്ങളിലും അത്യന്തികമായി വിശ്വാസികൾക്ക് നന്മയാണുള്ളതെന്ന തിരിച്ചറിവോടുകൂടി സത്യപാതയിൽ അടിയുറച്ച് നിന്ന് കാലിടറാതെ മുന്നേറാൻ നാം ശ്രമിക്കുക. ●

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com





# ദേശീയ പാരമ്പര്യം

## ചോദ്യം ചെയ്യപ്പെടുമ്പോൾ

ദേശീയതയെക്കുറിച്ചുള്ള ഒരു പ്രഭാഷണ പരമ്പരയിൽ പ്രൊഫ.എം.ജി.എസ് നാരായണൻ നടത്തിയ പ്രസ്താവനകൾ ഏറെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അദ്ദേഹം പറഞ്ഞതായി മാധ്യമങ്ങൾ വെളിപ്പെടുത്തിയതിന്റെ രത്നച്ചുരുക്കമിതാണ്: "ബ്രിട്ടീഷുകാർ ഇന്ത്യയിൽ വരുന്നതിനു മുമ്പ് ഇവിടെ ദേശീയതയുണ്ടായിരുന്നുവെന്നത് മിഥ്യാബോധമാണ്. അവരെ എതിർക്കാൻ തുടങ്ങിയപ്പോഴാണ് ദേശീയതയുണ്ടായത്. ബ്രിട്ടുഷുകാരുടെ വരവിനു മുമ്പ് ഇന്ത്യയെന്നൊരു രാജ്യമില്ലായിരുന്നു. ഇന്ത്യ എന്ന സാംസ്കാരിക സങ്കൽപം ഉണ്ടായിരുന്നു. പ്രമാണങ്ങളെ അടിസ്ഥാനമാക്കിയാണ് ചരിത്രം എഴുതേണ്ടത് എങ്കിൽ ഭാരതത്തിന് പണ്ടൊരു ദേശീയതയുണ്ടായിരുന്നു; അത് ബ്രിട്ടീഷുകാർ നശിപ്പിച്ചു എന്നു എന്നു പറയുന്നതിൽ വാസ്തവമില്ല.

ദേശീയതക്ക് രണ്ടു ഘടകങ്ങൾ അത്യാവശ്യമാണ്. ആദ്യമായി ശത്രു വേണം. പിന്നെ വേണ്ടത് അഭിമാനബോധമുണർത്തുന്ന ഒരു സുവർണ ഭൂതകാലത്തെ പറ്റിയുള്ള ധാരണ. അങ്ങനെ ബ്രിട്ടീഷുകാർ ശത്രുക്കളും

ഗുപ്തകാലം ഇന്ത്യയുടെ സുവർണയുഗവുമായി കണ്ടാണ് ദേശീയ ബോധം വളർന്നത്. ബ്രിട്ടീഷുകാർ ചരിത്രമെഴുതിയപ്പോൾ വിദേശ ആക്രമണങ്ങളുടെ ഒരു പരമ്പരയാണ് ഇന്ത്യാചരിത്രം എന്നു വരുത്തി. അതിനെ പ്രതിരോധിക്കാൻ ഇന്ത്യൻ ചരിത്രകാരന്മാർ ദേശീയ ചരിത്രമുണ്ടാക്കുകയായിരുന്നു. ബ്രിട്ടീഷുകാരെ എതിർക്കാൻ തുടങ്ങിയപ്പോൾ പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് ഇന്ത്യയിൽ ദേശീയത രൂപപ്പെടുന്നത്. ആർഷഭാരതത്തിൽ ആത്മീയ സംസ്കാരവും ആത്മീയമായ ദേശീയതയും ഉണ്ടായിരുന്നു എന്നു ധരിക്കുന്നത് വിഡ്ഢിത്തമാണ്. സങ്കീർണമായ ആ സമൂഹ വ്യവസ്ഥയിൽ ദേശീയതയ്ക്ക് സാധ്യതയില്ലായിരുന്നു. ഇന്നത്തെ രാഷ്ട്രത്തെപ്പോലൊരു മൗര്യസാമ്രാജ്യത്തെയോ ഗുപ്തസാമ്രാജ്യത്തെയോ ഒന്നും കണക്കാക്കാൻ പറ്റില്ല. പുതിയ ദേശീയത കൊണ്ടുനടക്കുന്നവർ വാൽമീകി രാമായണം ശ്രീരാമന്റെ ചരിത്രമാണെന്നു പറഞ്ഞു നടക്കുകയാണ്. നമ്മുടെ പൂർവികർക്ക് അങ്ങനെയൊരു ധാരണയില്ലായിരുന്നു. ആദികവി എന്നാണ് വാൽമീകിയെ വിളിച്ചത്. ആദി ചരിത്രകാരൻ എന്നല്ല. ശ്രീരാമൻ യഥാർഥ ചരിത്ര പുരുഷനാണെന്ന് സമർഥിക്കാനുള്ള ശ്രമമാണ് പത്തു മുപ്പതു വർഷമായി നടക്കുന്നത്. രാജ്യസ്നേഹത്തിന്റെ ലക്ഷ്യം ഹിന്ദുത്വത്തെ അംഗീകരിക്കലാണെന്ന മട്ടിൽ വരെ എത്തിയിരിക്കുന്നു. ഹിന്ദു എന്ന വാക്കിന് മതവുമായി ബന്ധമില്ല. വിവിധ ജാതി വിഭാഗങ്ങളാണ് അന്ന് ഇവിടെയുണ്ടായിരുന്നത്...''

1985 ഏപ്രിൽ 23ന് ഷാബാനു ബീഗം കേസിലെ അന്തിമവിധി പ്രസ്താവിക്കുന്നതിനിടയിൽ ഏകീകൃത സിവിൽകോഡ് നടപ്പാക്കണമെന്ന നിർദേശം സുപ്രീം കോടതിയിൽനിന്നുമുണ്ടായപ്പോൾ ഈ നിർദേശം സ്വാഭാവികമായും ഹിന്ദുത്വവാദികൾ ഏറ്റെടുത്തു. ഇസ്‌ലാമിക വ്യക്തിനിയമങ്ങളിൽ ലിംഗ സമത്വമില്ല, ഇന്ത്യൻ മുസ്‌ലിംകൾ ദേശീയതയിൽനിന്ന് അകന്നുകഴിയുന്നവരാണ് എന്നെല്ലാം പ്രചരിപ്പിക്കാൻ തുടങ്ങി.

അങ്ങനെ കടുത്ത ദേശീയവാദിക്കുള്ളിലെ സാധാരണ മനസ്സ് ചലിക്കുകയും ചിന്തിക്കുകയും ചെയ്യുന്നത് ഇസ്‌ലാമിനോടുള്ള ഭീതിയുടെ പ്രേരണകൊണ്ടായി മാറി. ഹിന്ദുത്വവാദത്തോട് ഇന്ത്യൻ ദേശീയതയുടെ തീവ്രതയെ ബന്ധിപ്പിച്ച് നിർത്തുന്നവർ ഇസ്‌ലാംഭീതിയുടെ തത്ത്വശാസ്ത്രത്തെ അവലംബിക്കാൻ തുടങ്ങി.

“നിങ്ങൾ ദേശീയവാദിയാണെങ്കിൽ തീർച്ചയായും നിങ്ങൾക്ക് ഹിന്ദുവാകാതിരിക്കാനോ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ഹിംസിക്കാതിരിക്കാനോ കഴിയില്ലെന്നുള്ള'' ഒരാശയം നേരത്തെ തന്നെ സംഘപരിവാർ ഇവിടെ പ്രചരിപ്പിച്ചിട്ടുണ്ട്. ഈ പ്രചാരണം ഇന്ത്യൻ സമൂഹത്തെ ചില ഘട്ടങ്ങളിലെങ്കിലും സ്വാധീനിക്കുകയും വഴിതെറ്റിക്കുകയും ചെയ്തിട്ടുണ്ട്. അതേസമയം മതനിരപേക്ഷമായ ദേശീയതയുടെ യഥാർഥ ധാരയോട് ആശയപരമായി സംവദിക്കാനാവാതെ ഭീതിയുടെ ബീജങ്ങൾ പേറുന്ന കപടദേശീയത ചില ഘട്ടങ്ങളിൽ പിന്തിരിഞ്ഞ് പോയിട്ടുമുണ്ട്.

ഹിന്ദുത്വവാദികൾ വിഭാവനം ചെയ്തെടുത്ത ദേശീയത യഥാർഥ ദേശീയതയുമായി പ്രതിവർത്തിക്കുന്ന ചില തലങ്ങളുണ്ട്. ഒന്നാമതായി ഹിന്ദുത്വ ദേശീയത ഇസ്‌ലാം മതത്തോടും മുസ്‌ലിം സാമൂഹികതയോടുമുള്ള വിദ്വേഷത്തെ താത്വികവൽകരിക്കുന്നു. രണ്ടാമതായി ഹിന്ദുത്വ ദേശീയത ദുർബലമായ വൈകാരികതയെ അവലംബിക്കുന്നു. മൂന്നാമതായി അത് സമൂഹത്തിന്റെ ശാക്തീകരണത്തിനുപകരം ശിഥിലീകരണം സാധിക്കുന്നു. മറുവശത്ത് യഥാർഥമായ ദേശീയതയാവട്ടെ ഒരു മതത്തോടുമുള്ള ആഭിമുഖ്യമോ വിയോജിപ്പോ താത്വികമായി എടുക്കുന്നില്ല. തന്നെയുമല്ല ശക്തമായ യാഥാർഥ്യബോധത്തോടെ ദുർബല വൈകാരികതകളെ തീർത്തും മാറ്റിവെച്ചുകൊണ്ട് സമൂഹത്തെ കുറിച്ചു ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. അതോടുകൂടിത്തന്നെ സമൂഹത്തെ എല്ലാതരം ശിഥിലീകരണ ചിന്തകൾക്കുമതീതമായി ഏകോപിപ്പിക്കുകയും ചെയ്യുന്നു.

ഏതുകാലഘട്ടത്തിലും ഇസ്‌ലാമിനെക്കുറിച്ചുള്ള ഭീതി വ്യാപിപ്പിക്കുന്നതിൽ തെറ്റായ ചരിത്രം സുപ്രധാന ഉപാധിയാ

**ദേശീയതക്ക് രണ്ടു ഘടകങ്ങൾ അത്യാവശ്യമാണ്. ആദ്യമായി ശത്രു വേണം. പിന്നെ വേണ്ടത് അഭിമാനബോധമുണർത്തുന്ന ഒരു സുവർണ ഭൂതകാലത്തെ പറ്റിയുള്ള ധാരണ. അങ്ങനെ ബ്രിട്ടീഷുകാർ ശത്രുക്കളും ഗുപ്തകാലം ഇന്ത്യയുടെ സുവർണയുഗവുമായി കണ്ടാണ് ദേശീയ ബോധം വളർന്നത്. ബ്രിട്ടീഷുകാർ ചരിത്രമെഴുതിയപ്പോൾ വിദേശ ആക്രമണങ്ങളുടെ ഒരു പരമ്പരയാണ് ഇന്ത്യാചരിത്രം എന്നു വരുത്തി.**



യി വിനിയോഗിക്കപ്പെട്ടിട്ടുണ്ട്. വിഭജനാനന്തര ഘട്ടത്തിൽ ഹിന്ദുത്വ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കെട്ടഴിച്ചുവിട്ട ചരിത്രത്തിന്റെ മുഖംമൂടിയണിയിക്കപ്പെട്ട നുണകൾ പ്രധാനമായും ഇസ്‌ലാമിനെയും മുസ്‌ലിംകളെയും കുറ്റാരോപണ വിധേയമാക്കുന്നവയായിരുന്നു. അത്തരം കുറ്റാരോപണങ്ങളിൽ കഴിഞ്ഞ നൂറ്റാണ്ടുകളിലെ മുസ്‌ലിം ഭരണകർത്താക്കൾ, സുൽത്താന്മാർ, വിവിധ നാട്ടുരാജ്യങ്ങളിൽ ഭരണം നടത്തിയ മുസ്‌ലിം ഭരണാധികാരികൾ എന്നിവരുമായൊക്കെ ബന്ധപ്പെടുത്തിയുള്ള പല കഥകളും ഉണ്ടായിരുന്നു. ഇന്ത്യയിൽ വിവിധ നൂറ്റാണ്ടുകളിലായി വിവിധയിടങ്ങളിൽ ഭരണം നടത്തിയ എല്ലാ മുസ്‌ലിം നാമധാരികളും പൊതുവായി ചെയ്ത ഒരേയൊരു കാര്യം ഇവിടുത്തെ ഹിന്ദുക്കളെ കൊന്നൊടുക്കുകയും ക്ഷേത്രങ്ങൾ തകർക്കുകയും ഈ നാടിന്റെ പാരമ്പര്യ ശേഷിപ്പുകളെ നാമാവശേഷമാക്കുകയുമാണ് എന്ന് ചിലർ പ്രചരിപ്പിച്ചു. സവർണ ഹിന്ദുക്കളുടെ സാമൂഹ്യഭീതിയിൽ നിന്നാവിർഭവിച്ച പ്രത്യേകതരം വിദ്വേഷം പിൽക്കാലത്ത് കൃത്രിമമായ ചരിത്രനിർമാണത്തോളം വികസിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിൽ ദേശീയതയുടെ മറപിടിച്ചു വളർന്നുവന്ന മതവിദ്വേഷം കൃത്രിമ കഥകളുടെയും ഊഹാപോഹങ്ങളുടെയും വിതരണത്തിന് സുഗമമായ പശ്ചാത്തലമായിത്തീർന്നു. അതിന് തൊട്ടുമുമ്പ് 18, 17,16 നൂറ്റാണ്ടുകളില ഉത്തരേന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിലവിൽവന്ന ഹിന്ദുത്വത്തിലൂന്നിയ പ്രചാരണങ്ങൾ മുസ്‌ലിം- ഇസ്‌ലാം വിദ്വേഷത്തിനു താത്വികമായ പരിവേഷവും പശ്ചാത്തലവും ഒരുക്കിവെച്ചിരുന്നു.

ദേശീയവാദത്തിന്റെ മറപിടിച്ചാണ് വിഭജനം എന്ന ആശയം ചർച്ച ചെയ്യപ്പെട്ടു തുടങ്ങുന്നത്. പിൽക്കാലത്ത് കടുത്ത ദേശീയവാദികൾ കടുത്തവിഭജന വിരോധികളായി വേഷപ്പകർച്ചനേടുന്നത് ഇന്ത്യാചരിത്രത്തിൽ കാണാനിടയായെങ്കിലും യഥാർഥത്തിൽ വിഭജനവാദത്തിന്റെ ഉൽഭവം കടുത്ത ദേശീയവാദികളുടെ അഥവാ സാംസ്കാരിക ദേശീയവാദികളുടെ തലച്ചോറിൽ നിന്നുമായിരുന്നുവെന്നതും വസ്തുത മാത്രം.

ഹിന്ദുത്വരാഷ്ട്രീയം അതിന്റെ തുറുപ്പുചീട്ടായി കണ്ടെത്തിയ വിഭജനവാദം ഇസ്‌ലാം ഭീതിയുടെ ഊർജമാണ് ഉപയോഗപ്പെടുത്തിയത്. 1920കളിൽ പ്രചരിപ്പിച്ചിരുന്ന ചില കാര്യങ്ങൾ ഇപ്രകാരമായിരുന്നു: 'പതിനായിരക്കണക്കിനു വർഷങ്ങൾ പഴക്കമുള്ള ഇന്ത്യയുടെ സംസ്കാരത്തെയും അതിന്റെ ശേഷിപ്പുകളെയും തകർത്തത് 1000 വർഷങ്ങൾക്കു മുമ്പ് ഇന്ത്യയിലെത്തിയ മുസ്‌ലിംകളായിരുന്നു. മുസ്‌ലിംകൾ ഇവിടെ വാളും ഭീഷണിയും ഉപയോഗിച്ചാണ് ഭരണം നേടിയതും സവർണർ ഉൾപ്പെടുന്ന ഇന്ത്യക്കാരെ ഒതുക്കി നിർത്തിയിരുന്നതും. അത്യധികം അപകടകരവും ഭീതിയുണർത്തുന്നതുമായ ഒരു തത്വശാസ്ത്രമാണ് ഇസ്‌ലാം. അത് കടുത്ത അക്രമവാസനയും ഹിംസയും വളർത്തുന്ന മതമാണ്. ഇന്ത്യയിൽ നിന്ന് മുസ്‌ലിംകളെ നാടുകടത്താതെ ഇവിടെ ആർക്കും സ്വസ്ഥജീവിതം സാധ്യമേയല്ല.'

ദേശീയവാദത്തിന്റെ മറപിടിച്ചാണ് വിഭജനം എന്ന ആശയം ചർച്ച ചെയ്യപ്പെട്ടു തുടങ്ങുന്നത്. പിൽക്കാലത്ത് കടുത്ത ദേശീയവാദികൾ കടുത്തവിഭജന വിരോധികളായി വേഷപ്പകർച്ചനേടുന്നത് ഇന്ത്യാചരിത്രത്തിൽ കാണാനിടയായെങ്കിലും യഥാർഥത്തിൽ വിഭജനവാദത്തിന്റെ ഉൽഭവം കടുത്ത ദേശീയവാദികളുടെ അഥവാ സാംസ്കാരിക ദേശീയവാദികളുടെ തലച്ചോറിൽ നിന്നുമായിരുന്നുവെന്നതും വസ്തുത മാത്രം.



ഇന്ത്യൻ ദേശീയത എന്നു പറഞ്ഞാൽ അത് ഹിന്ദു ദേശീയതയാണെന്നും അതിന് പതിനായിരക്കണക്കിന് വർഷങ്ങളുടെ പാരമ്പര്യമുണ്ടെന്നും പറയുന്നവരുടെ വാദത്തെയാണ് എം.ജി.എസ് നാരായണൻ ഖണ്ഡിച്ചിരിക്കുന്നത്.

സഹസ്രാബ്ദങ്ങളായി നിലനിൽക്കുന്ന സാമൂഹ്യവിഭജനങ്ങളും ചാതുർവർണ്യ-ജാതിവ്യവസ്ഥയും ജനങ്ങൾക്കിടയിൽ ആഴമേറിയ ഭിന്നിപ്പുണ്ടാക്കി എന്നതല്ലാതെ ഹിന്ദുക്കളെ ഒരു ദേശീയതയുടെ കുടക്കീഴിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ല എന്നതാണ് ചരിത്രം പറയു

**വർഗീയവാദത്തിന്റെ വക്താക്കൾ സൃഷ്ടിച്ചുവിടുന്ന പ്രശ്നങ്ങൾ ഇന്ത്യയുടെ മുറിപ്പാടുകളെ അവയുടെ പൊള്ളുന്ന വേദനകളോടെ നിലനിർത്തുവാനുള്ള കുൽസിതയത്നങ്ങളുടെ ഭാഗമാണ്. മുസ്‌ലിം ജനസമൂഹത്തെ എക്കാലത്തും സംശയത്തിന്റെ കുന്തമുനകളിൽ തറപ്പിച്ചുനിർത്തി നാടിന്റെ ശാന്തിയെയും സമാധാനത്തെയും തുരങ്കംവെക്കുവാൻ ചില ദുശ്ശക്തികൾ കിണഞ്ഞുപരിശ്രമിച്ചുകൊണ്ടിരിക്കുന്നത് കാണാം.**



ന്നത്. ഈ അനൈക്യമാണ് നിരന്തരമായ വൈദേശികാക്രമണങ്ങൾക്ക് നിമിത്തമായത്. ഇത്തരം ആക്രമണങ്ങളെ 'പതിനായിരക്കണക്കിന് വർഷങ്ങളുടെ പാരമ്പര്യമുള്ള' ദേശീയ ചിന്തക്ക് പ്രതിരോധിക്കാൻ സാധിച്ചിട്ടുണ്ടോ? ഇല്ല, എന്നു മാത്രമല്ല രാജ്യത്തിനകത്തുനിന്നും ആക്രമണകാരികൾക്ക് പിന്തുണയും സഹായവും നൽകാൻ ആളുണ്ടായി എന്നതാണ് വസ്തുത. രജപുത്ര രാജാവായ പൃഥിരാജിനെതിരെ യുദ്ധം ചെയ്യാൻ മുഹമ്മദ് ഗോറിയെ ക്ഷണിച്ചുവരുത്തിയത് മറ്റൊരു ഹിന്ദുരാജാവായ ജയചന്ദ് ആയിരുന്നു! 'ഹിന്ദുക്കളുടെ മോചന'ത്തിനുവേണ്ടി ശിവജി യുദ്ധം ചെയ്തപ്പോൾ മുഗൾ ചക്രവർത്തിമാരുടെ പക്ഷത്താണ് മഹാരാഷ്ട്രയിലെ രജപുത്രരാജാക്കന്മാർ നിലകൊണ്ടത്! ഇത്തരം ചരിത്ര സത്യങ്ങൾ ഹിന്ദു ദേശീയതയെ പ്രതിക്കൂട്ടിൽ നിർത്തുമ്പോൾ എം.ജി.എസ്സിന്റെ നിരീക്ഷണങ്ങൾ പ്രസക്തമാവുകയാണ്.

ഇന്ത്യയിലെ വർഗീയവാദത്തിന്റെ വക്താക്കൾ സൃഷ്ടിച്ചുവിടുന്ന പ്രശ്നങ്ങൾ ഇന്ത്യയുടെ മുറിപ്പാടുകളെ അവയുടെ പൊള്ളുന്ന വേദനകളോടെ നിലനിർത്തുവാനുള്ള കുൽസിതയത്നങ്ങളുടെ ഭാഗമാണ്. മുസ്‌ലിം ജനസമൂഹത്തെ എക്കാലത്തും സംശയത്തിന്റെ കുന്തമുനകളിൽ തറപ്പിച്ചുനിർത്തി നാടിന്റെ ശാന്തിയെയും സമാധാനത്തെയും തുരങ്കംവെക്കുവാൻ ചില ദുശ്ശക്തികൾ കിണഞ്ഞുപരിശ്രമിച്ചുകൊണ്ടിരിക്കുന്നത് കാണാം. മുസ്‌ലിംകൾ ക്രൂരമാംവിധത്തിൽ ആരോപണങ്ങൾകൊണ്ട് ആക്രമിക്കപ്പെടുന്നു.

ഹൈന്ദവ വർഗീയതയിലധിഷ്ഠിതമായ ദേശീയവാദവുമായി മുന്നോട്ടുപോകുന്ന ആർ.എസ്.എസ് സർക്കാറാണ് വാസ്തവത്തിൽ ഇപ്പോൾ ഇന്ത്യയിൽ അധികാരത്തിലേറിയിരിക്കുന്നത്. 2000ൽ കേന്ദ്രത്തിൽ എൻ.ഡി.എ സർക്കാർ അധികാരത്തിൽ വന്നപ്പോൾ, ലക്നൗവിൽ ചേർന്ന സന്ന്യാസി സംസദ്, സംവരണം റദ്ദ് ചെയ്യാൻ ഭരണഘടനയെ മനുസ്മൃതിയുടെ നിർദേശങ്ങൾക്കനുസൃതമായി ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ഇതനുസരിച്ച് ഭരണഘടന ഭേദഗതി ചെയ്യാനും ഹിന്ദു രാഷ്ട്ര സങ്കൽപമനുസരിച്ച് ഭരണഘടനയെ മാറ്റിമറിക്കാനും ശ്രമമുണ്ടായി. ഈ ശ്രമത്തിനെതിരെ 2000 ജനുവരി 29ന് കാൻഷിറാം ഡൽഹിയിൽ വിളിച്ചുചേർത്ത പത്ര സമ്മേനത്തിൽ 'ഏതുഭാഗമാണ് പരിഷ്കരണം ആവശ്യപ്പെടുന്നതന്നും എന്തുകൊണ്ട് അത് അനിവാര്യമാണെന്നും' പ്രധാനമന്ത്രി വാജ്പേയിയോട ചോദിച്ചു. മാത്രമല്ല ഈ നീക്കത്തിനെതിരെ അതിശക്തമായ പ്രചാരണം നടത്തി. ഏഴു ലക്ഷം പേർ അണിനിരന്ന റാലിക്ക് ഡൽഹി സാക്ഷ്യംവഹിച്ചു. അതോടെ ഭരണഘടന പുനരവലോകന തീരുമാനം ഗവൺമെന്റിന് ഉപേക്ഷിക്കേണ്ടിവന്നു.

ഒരു ദേശത്തു താമസിക്കുന്നവർക്ക് സ്വാഭാവികമായും ആ ദേശത്തോട് സ്നേഹമുണ്ടായിരിക്കും. എന്നാൽ ദേശമെന്നതും ദേശീയതയെന്നതും ദേശസ്നേഹമെന്നതും ഏതെങ്കിലും മതത്തോടും ആ മതത്തിന്റെ സംസ്കാരത്തോടും ആ മതതത്ത്വങ്ങളോടുമുള്ള ഭ്രാന്തമായ അഭിനിവേശമാണെന്ന് അംഗീകരിക്കാൻ ഇന്ത്യയുടെ മണ്ണിൽ പിറന്ന, ഇന്ത്യയെന്ന മാതൃരാജ്യത്തെ യഥാർഥത്തിൽ സ്നേഹിക്കുന്ന ഒരാൾക്കും സാധ്യമല്ല. എം.ജി.എസ് പറഞ്ഞതുപോലെ രാജ്യസ്നേഹത്തിന്റെ ലക്ഷ്യം ഹിന്ദുത്വത്തെ അംഗീകരിക്കലാണെന്ന മട്ടിൽ വരെ എത്തിയിരിക്കുന്നു. അതിന്റെ ഭാഗമായാണ് തങ്ങൾക്ക് അനിഷ്ടകരമായത് ചെയ്യുന്നവരോട് ഇന്ത്യവിടാൻ ചില തൽപരകക്ഷികൾ കൽപിക്കുന്നതും അവരുടെ ദേശസ്നേഹത്തെ ചോദ്യം ചെയ്യുന്നതും.

അബ്ദുല്ല ബാസിൽ സി.പി
mail@nerpatham.com

ലേഖനം




# വെറുമെഴുത്തല്ല ഇ-എഴുത്ത്

'എന്റെ ഇക്കയല്ലാതെ മറ്റാരുമെന്നെ തൊടരുത്'- മാധ്യമങ്ങൾ ഏറെ കൊട്ടിഘോഷിച്ച 'വാർത്ത'യായിരുന്നു അത്. മുസ്‌ലിം നവദമ്പതികൾ അപകടത്തൽപ്പെട്ട് പുഴയിൽ വീഴുന്നു. ഒഴുക്കിൽപ്പെട്ട ഭാര്യയെ രക്ഷിക്കാനാവാതെ നീന്തലറിയാത്ത ഭർത്താവ് ഒച്ചവെക്കുന്നു. നാട്ടുകാർ ഓടിയടുക്കുന്നു. ഇതിനിടയിൽ ഒരു പട്ടാളക്കാരൻ രക്ഷകനായി അവതരിക്കുന്നു. നാട്ടുകാർ നോക്കിനിൽക്കെ അദ്ദേഹം സ്ത്രീയെ രക്ഷിക്കാൻ വേണ്ടി എടുത്തു ചാടുന്നു. ദേ വീണ്ടും ക്ലൈമാക്സ്! തന്റെ ഭർത്താവല്ലാതെ ആരും തന്നെ തൊട്ടുപോകരുത് എന്ന് ആ സ്ത്രീ വിളിച്ചു പറയുന്നു. നിസ്സഹായനായി നോക്കിനിൽക്കുന്ന ഭർത്താവ്! രക്ഷിക്കാൻ വിളിച്ചു കൂവുന്ന നാട്ടുകാർ.. തൊടരുതെന്ന് പറയുന്ന സ്ത്രീ.. എന്തുചെയ്യണമെന്നറിയാതെ പകച്ച് നിൽക്കുന്ന നായകൻ... അവസാനം രണ്ടുംകൽപിച്ച് നായകൻ സ്ത്രീയെ രക്ഷിക്കുന്നു... ഡിം! കഥ കഴിഞ്ഞു!!

സൂപ്പർമാൻ, സ്പൈഡർമാൻ പോലുള്ള കാർട്ടൂൺ കഥകളിൽ കാണുന്ന കഥയില്ലിത്! മാധ്യമങ്ങളിൽ പൊടിപ്പും തൊങ്ങലും വെച്ചെഴുതിപ്പിടിപ്പിച്ച നല്ല ഒന്നാന്തരം 'വർത്ത'യാണിത്! വായിച്ചവർ വായിച്ചവർ താടിക്ക് കയ്യും കൊടുത്ത് 'സഹതാപം' പ്രകടിപ്പിച്ചു. പീടികക്കോലായകളിൽ വെടിപറച്ചിലിന് പുതിയ 'ത്രെഡ്' കി

ട്ടി... ബുദ്ധിജീവികൾ സംഭവത്തെ 'താത്വികമായി' അവലോകനം ചെയ്തു. ആകെക്കൂടി പൊടിപൂരം തന്നെ!

ഇതിനിടയിലാണ് കഥാനായകനായ പട്ടാളക്കാരൻ ഒരു ഫേസ്ബുക്ക് പോസ്റ്റുമായി പ്രത്യക്ഷപ്പെടുന്നത്! മാധ്യമങ്ങളിൽ വായിക്കുന്നത് നിറംപിടിപ്പിച്ച കഥകൾ മാത്രമാണെന്നും യാഥാർഥ്യവുമായി വിദൂരബന്ധം മാത്രമേയുള്ളൂവെന്നും അദ്ദേഹം വ്യക്തമാക്കി. ഇത്തരം നുണക്കഥകൾ മനം മടുപ്പിച്ചുവെന്നും ഇനിയൊരപകടം കണ്ടാൽ സഹായിക്കാൻ മടിക്കുന്ന തരത്തിലാണ് നുണക്കഥകൾ എന്നും അദ്ദേഹം തുറന്ന് പറഞ്ഞതോടെ സംഗതി സോഷ്യൽ മീഡിയ ഏറ്റെടുത്തു.

കോടിക്കണക്കിനു വായനക്കാരുടെയും വരിക്കാരുടെയും കണക്ക് പറഞ്ഞ് മത്സരിക്കുന്ന മുത്തശ്ശിപ്പത്രങ്ങളുടെ ഭാവനാകഥകൾ തകർന്നടിയുന്നതായിരുന്നു പിന്നീട് കണ്ടത്. 'കഥ'യിലെ ഓരോ മുക്കും മൂലയും പൊളിച്ചടുക്കി സോഷ്യൽമീഡിയ തകർത്താടി. അച്ചടിമഷി പുരളുന്നതെന്തും വേദവാക്യമായി സമൂഹം സ്വീകരിക്കുമെന്ന പത്രമുത്തശ്ശിമാരുടെ തോന്നലിന്നേറ്റ അടികളിൽ ഒന്നുമാത്രമാണീ സംഭവം..

കള്ളക്കഥകളുടെ സത്യം വെളിച്ചത്തുകൊണ്ടുവന്നത് മാത്രമല്ല പുറംലോകമറിയാതെ മാധ്യമങ്ങൾ മൂടിവെച്ച പലതും തുറന്നുകാട്ടിയ കഥകളുമേറെയുണ്ട് സോഷ്യൽ മീഡിയക്ക് പറയാൻ. അങ്ങനെ മുഖ്യധാര മാധ്യമങ്ങൾക്ക് വാർത്ത മുക്കലിന്റെ പേരിൽ 'മുക്കിയധാര' എന്ന് പേരുകൊടുത്തതും 'ഇ-ഇടങ്ങളിലെ' വിരുതന്മാരാണ്. മാതാ അമൃതാനന്ദമയിയുടെ തട്ടിപ്പുകൾ തുറന്നെഴുതിയ ഗെയിലിന്റെ 'വിശുദ്ധ നരക'ത്തിനു നേരെ മാധ്യമങ്ങൾ കണ്ണടച്ചപ്പോൾ 'ഇ-വായനകളിൽ' വിശുദ്ധനരകത്തിന്റെ പി.ഡി.എഫുകൾ ഫ്രെയിം ചെയ്തു കൊണ്ടായിരുന്നു 'ഇ-ലോകം' പ്രതിഷേധിച്ചത്. പരസ്യം നൽകി തീറ്റിപ്പോറ്റുന്ന ഭീമന്മാരോട് 'ഉണ്ട ചോറിനു നന്ദി കാണിച്ചു' കൊണ്ട് എതിരായി ഒരു പെട്ടിക്കോളം പോലും കൊടുക്കാൻ മാധ്യമങ്ങൾ തയ്യാറാവില്ലെന്ന് മനസ്സിലാക്കി 'മുക്കിയ വാർത്തകൾ' മാത്രം തെരഞ്ഞുപിടിച്ച് പ്രചരിപ്പിക്കുന്നതും കാണാനാകും.

ഇങ്ങനെ സമാന്തര മാധ്യമമായി മാത്രമല്ല; എഡിറ്ററില്ലാത്ത, ചുവപ്പുവരകളെ ഭയക്കാതെയുള്ള തുറന്നെഴുത്തിന്റെയും കലാസൃഷ്ടികളുടെയും പ്രകടനവേദി കൂടിയാണ് ഇ-എഴുത്തിടങ്ങൾ. ഒറ്റ ക്ലിക്കിലൂടെ ആയിരങ്ങളിലേക്ക് എത്താമെന്നതും തത്സമയം വായനക്കാരന്റെ പ്രതികരണമറിയാമെന്നതുമൊക്കെയായിരിക്കാം ഇ-ഇടങ്ങളിലേക്ക് പ്രമുഖരടക്കം കൂടുതൽ പേരെ ആകർഷിക്കുന്ന ഘടകം.

**ഇ-എഴുത്തിന്റെ പരിണാമം**

സോഷ്യൽ മീഡിയയുടെ അതിപ്രസരം കാരണം ഈയിടെയായി അൽപം പിറകോട്ട് പോയെങ്കിലും ബ്ലോഗുകളാണ് എന്നും ഇ-എഴുത്തു വേദികളിൽ ഏറ്റവും പ്രധാനപ്പെട്ടത്. മനസ്സിൽ തോന്നുന്നത് അപ്പപ്പോൾ തുറന്നെഴുതാനുള്ള വേദിയായോ ലേഖനങ്ങൾ അടുക്കിലും ചിട്ടയിലും സൂക്ഷിക്കാവുന്ന ഷെൽഫ് ആയോ ഒക്കെ വേണമെങ്കിൽ ബ്ലോഗുകളെ വിശേഷിപ്പിക്കാം. സ്ഥിരമായ ക്രിയാത്മകമായ ഇടപെടലുകൾ സ്ഥിരവായനക്കാരനെയും നേടിത്തരുന്നു. മലയാളത്തിൽ അത്ര പ്രചാരത്തിലായിട്ടില്ലെങ്കിലും ബ്ലോഗിംഗ് മേഖല ഇന്ന് വളർന്ന് ബ്ളോഗിംഗിൽ എത്തിയിരിക്കുകയാണ്. പ്രൊഫഷണൽ ക്യാമറകൾ മുതൽ സ്മാർട്ട് ഫോൺ ക്യാമറകൾ വരെ ഇന്ന് തുറന്ന് പറച്ചിലിന്റെ മുന്നിൽ കണ്ണു തുറന്നിരിക്കുകയാണ്.

ബ്ലോഗുകളെക്കാൾ സമൂഹവുമായും വായനക്കാരുമായുമുള്ള സംവേദനം എളുപ്പമായതുകൊണ്ടാവാം സോഷ്യൽ മീഡിയ എഴുത്തിന് കൂടുതൽ സ്വീകാര്യത ലഭിച്ചത്. ഇന്ന് സെലിബ്രിറ്റികൾ മുതൽ രാഷ്ട്രീയക്കാർ വരെ എല്ലാതരത്തിലുള്ളവരും സമൂഹമാധ്യമങ്ങളിൽ തൂലികയുമായി സജീവമാണ്.

**വേണം, ഇസ്‌ലാമെഴുത്ത്!**

എന്തിനും നല്ല വശവും മറുവശവുമുള്ളതുപോലെ ഇ-എഴുത്തിനുമുണ്ട് ചിലത്. ഒരു ഭാഗത്ത് അപ്രിയ സത്യങ്ങൾ വിളിച്ചു പറയാനും മാധ്യമങ്ങൾ 'സൃഷ്ടിച്ചെടുക്കുന്ന' പൊതുബോധത്തെ തിരുത്തിയെഴുതാനുമാണ് 'തുറന്നെഴുത്തിന്റെ' സാധ്യതകൾ ഉപയോഗിക്കുന്നത് എങ്കിൽ മറുഭാഗത്ത് ഇതേ സ്വാതന്ത്ര്യം ഉപയോഗിച്ച് തന്നെ പ്രചാരണങ്ങളും വർഗീയ വിദ്വേഷം പരത്തുന്ന എഴുത്തുകളും പ്രചരിപ്പിക്കുന്നവരുണ്ട്. അതിവിദഗ്ധമായി കോട്ടിമാട്ടിയ ഫോട്ടോകളും അയാഥാർഥ്യങ്ങൾ കുത്തിനിറച്ച പോസ്റ്റുകളും പ്രചരിപ്പിച്ച് സ്വാർഥ താൽപര്യങ്ങൾ നേടിയെടുക്കുകയാണ് ഒരു കൂട്ടർ. ചില ഫാഷിസ്റ്റ് സംഘടനകളുടെ സോഷ്യൽമീഡിയ വിംഗ് ഇത്തരം പ്രചാരണങ്ങൾക്കായി ഉറക്കമൊഴിച്ചിരിക്കുകയാണ്.

സാമ്രാജ്യത്വത്തിന് ദാസ്യവേല ചെയ്യുന്ന വ്യവസ്ഥാപിത മാധ്യമങ്ങൾ സൃഷ്ടിച്ചെടുത്ത ഇസ്‌ലാം വിരുദ്ധ വികാരമാണ് ഒരു ഭാഗത്ത് എങ്കിൽ ക്വുർആൻ വചന





ങ്ങളും നബി വചനങ്ങളും കോട്ടിമാട്ടിയും കട്ടുമുറിച്ചുമുള്ള ആസൂത്രിതമായ ഇസ്‌ലാം വിരുദ്ധ ആശയ പ്രചാരണമാണ് ഇ-ലോകത്ത് കാണാനാകുന്നത്. സയണിസ്റ്റുകളുടെയും മിഷണറിമാരുടെയും ഇസ്‌ലാം വിമർശന പദങ്ങൾ പോലും കോപ്പിയടിച്ച് മലയാളത്തിൽ പ്രചരിപ്പിക്കാൻ ദശകണക്കിന് ബ്ലോഗുകളും ഫേസ്ബുക്ക് പേജുകളുമാണിന്നുള്ളത്. ഇസ്‌ലാമിനെ കരിവാരിത്തേക്കുന്ന ഈ പ്രചാരവേലയിൽ യുക്തിവാദികളും മിഷണറിമാരും ഫാഷിസ്റ്റു ശക്തികളും കൈകോർക്കുകയാണിവിടെ.

ക്രൈസ്തവരുമായി ആശയസംവാദങ്ങളിൽ ഏർപെട്ടുകൊണ്ടിരിക്കുന്ന ഒരു പ്രബോധകൻ പങ്കുവെച്ച ഒരനുഭവം ഇവിടെ ശ്രദ്ധേയമാണെന്ന് തോന്നുന്നു. ഇസ്‌ലാമിനെ വിമർശിക്കാനും പരിഹസിക്കാനും വേണ്ടി മാത്രം ബ്ലോഗും ഫേസ്ബുക്ക് പേജും ഉപയോഗിക്കുന്ന ഒരു ക്രൈസ്തവ അപ്പോളജറ്റിക്ക് നെറ്റ്‌വർക്കിന്റെ ആളുകളോട് നേരിട്ട് ദഅ്‌വത്ത് നടത്താൻ വേണ്ടി അവരുടെ കേന്ദ്രത്തിലേക്ക് നേരിട്ട് ചെന്ന അദ്ദേഹം കണ്ടത് അമാനി മൗലവിയുടെ തഫ്സീറും മറ്റ് ഇസ്‌ലാമിക ഗ്രന്ഥങ്ങളും ഹദീഥ് പരിഭാഷകളും എടുത്ത് വെച്ചിരുന്ന് പഠനം നടത്തുന്ന ക്രൈസ്തവ പാസ്റ്റർമാരെയായിരുന്നു! കോട്ടിമാട്ടാനും ദുർവ്യാഖ്യാനിക്കാനും പഴുതന്വേഷിച്ച് ഇസ്‌ലാമിക ഗ്രന്ഥങ്ങൾ മുങ്ങിത്തപ്പുന്ന ഈ പെയ്ഡ് വിമർശകരെയാണ് ഇ-ഇടങ്ങളിൽ നാം നേരിടേണ്ടത് എന്നത് നമ്മുടെ ദൗത്യത്തിന്റെ പ്രസക്തിയും ഗൗരവവും എടുത്ത് കാട്ടുന്നു.

ഇസ്‌ലാമിലേക്ക് അടുക്കുകയും ഇസ്‌ലാമിനോട് താൽപര്യം കാണിക്കുകയും ചെയ്യുന്ന അമുസ്‌ലിം സുഹൃത്തുക്കളെ തെറ്റിദ്ധരിപ്പിക്കുന്നതോടൊപ്പം സാധാരണക്കാരായ മുസ്‌ലിംകളിൽ ആശയക്കുഴപ്പമുണ്ടാക്കുക എന്നതും ഈ കൂലി എഴുത്തുകാരുടെ ലക്ഷ്യമാണ്!

എന്റെ ഇസ്‌ലാം വിരുദ്ധ ബ്ലോഗെഴുത്തുകൊണ്ട് കുറച്ചെങ്കിലും മുസ്‌ലിംകളെ ആശയക്കുഴപ്പത്തിലാക്കാൻ സാധിച്ചിട്ടുണ്ട് എന്നും ആ മതത്തെ പൊതുസമൂഹത്തിൽ നാറ്റിക്കുമെന്നുമുള്ള കേരളത്തിലെ പ്രമുഖ യുക്തിവാദി നേതാവിന്റെ ഫേസ്ബുക്കിലെ പ്രസ്താവനയെ ഉത്തരം താങ്ങുന്ന പല്ലിയുടെ വീരവാദത്തിന്റെ വിലകൊടുത്ത് മാറ്റിനിർത്താമെങ്കിലും ചുരുക്കം ചിലരെങ്കിലും ഈ പ്രചാരണങ്ങളിൽ ഇസ്‌ലാമിനെ തെറ്റിദ്ധരിക്കുന്നു എന്ന വസ്തുത വിസ്മരിച്ചുകൂടാ.

ഇത്തരം ഇസ്‌ലാം വിമർശന ബ്ലോഗുകളിലും സൈറ്റുകളിലും ഉന്നയിച്ചിട്ടുള്ള വിമർശനങ്ങൾ ക്രോഡീകരിക്കാനുള്ള ചെറിയ ശ്രമം നടത്തിയപ്പോൾ കാണാനായത് നൂറുകണക്കിന് വിമർശനങ്ങളാണ്. അവയിൽ പലതും ഒരു ശരാശരി ഇസ്‌ലാമിക പ്രബോധകൻ പോലും കേട്ടിട്ടുകൂടി ഉണ്ടാകാൻ സാധ്യത ഇല്ലാത്തവ! എന്നാൽ അവയോരോന്നും എടുത്ത് പഠിക്കാൻ ശ്രമിച്ചാലാവട്ടെ ഒരു അടിത്തറയുമില്ലാത്ത ശീട്ടുകൊട്ടാരങ്ങൾ മാത്രമാണെന്ന് മനസ്സിലാവുകയും ചെയ്യും. പക്ഷേ, കൂലിവാങ്ങി ഇരുപത്തിനാല് മണിക്കൂറുമിരുന്ന് ഇവർ പടച്ച് വിടുന്ന ആരോപണങ്ങളുടെ വസ്തുത തുറന്ന് കാട്ടാൻ ഇപ്പുറത്തുള്ളതോ ജോലിയും പഠനവും തിരക്കുകളുമുള്ള കുറച്ചു പേരും!

ഇ-എഴുത്തിടങ്ങൾ നഗരമധ്യത്തിലെ ഒഴിഞ്ഞ ഒരു മതിലുപോലെയാണെന്ന് വേണമെങ്കിൽ പറയാം. ആ മതിലിൽ വേണമെങ്കിൽ വ്യത്യസ്ത നിറങ്ങളുപയോഗിച്ച് മനോഹരമായ ചിത്രങ്ങൾ വരയ്ക്കാം. അതേ മതിൽ പുറത്ത് തന്നെ അശ്ലീലങ്ങളും എഴുതിവെക്കാം. ഖേദകരമെന്ന് പറയട്ടെ വികൃതവും കോട്ടിമാട്ടിയതുമായ ഇസ്‌ലാമിന്റെ മുഖമാണ് ഇന്ന് ബ്ലോഗുകളിലും പേജുകളും നിറഞ്ഞു നിൽക്കുന്നത്.

ഇവിടെ സത്യത്തിനും ന്യായത്തിനും വേണ്ടി തൂലിക ചലിപ്പിക്കാൻ പ്രാപ്തിയുള്ളവർ വേണം. വിഷലിപ്തമായ ഇസ്‌ലാം വിമർശന ലേഖനങ്ങളും ആശയ സംവാദത്തെ കൊല്ലുന്ന ട്രോളുകളും ഇസ്‌ലാം പേടി വിതയ്ക്കുന്ന ഓൺലൈൻ മാധ്യമങ്ങളും ഇസ്‌ലാമിനെ വികൃതമാക്കി അവതരിപ്പിക്കുമ്പോൾ തിരുത്തെഴുത്തിന്റെ ശക്തി അതേ ഇ-എഴുത്തിടങ്ങളിലൂടെ കാണിച്ചുകൊടുക്കേണ്ടതും തെറ്റിദ്ധാരണകളകറ്റേണ്ടതും നമ്മൾ തന്നെയാണ്.

സത്യം ചെരുപ്പ് ധരിക്കുമ്പോഴേക്കും അസത്യം പാതിദൂരം പിന്നിട്ടിരിക്കുമന്നാണ് പറയാണ്. ഇവിടെയിതാ അസത്യം പാതിദൂരവും പിന്നിട്ടു കഴിഞ്ഞു. ഇനിയും നാം ചെരുപ്പു ധരിക്കാതെ വെറുതെയിരുന്നുകൂടാ... ഓരോരുത്തരും അവരവരുടെ കഴിവുകളും സാധ്യതകളും ഉപയോഗിച്ച് തിന്മയെ പ്രതിരോധിക്കുക. ഇസ്‌ലാം പേടി വളർത്തുന്ന മാധ്യമങ്ങൾ നിറഞ്ഞു നിൽക്കുന്ന ഇക്കാലത്ത് അപ്രിയ സത്യങ്ങൾ തുറന്നെഴുതാനുള്ള ഇ-എഴുത്തിടങ്ങളെന്ന വിശാലമായ സാധ്യതയെ നാം തിരിച്ചറിയുക.

ഹാരിസ്ബിൻ സലീം
harisbinsaleem@gmail.com

ശാന്തിഗേഹം

# മൊബൈൽ വലയിൽ കുരുങ്ങിയ ഭർത്താവ്

വ്യക്തിപരവും കുടുംബപരമായ പ്രശ്നങ്ങളിൽ അകപ്പെട്ട് നീറുന്ന മനസ്സുമായി ജീവിതം തള്ളിനീക്കുന്നവർക്ക് ആശ്വാസം പകരുന്നതും പരിഹാര മാർഗങ്ങൾ നിർദേശിക്കുന്നതുമായ പംക്തിയാണ് 'ശാന്തിഗേഹം.' വായനക്കാർക്ക് ഈ പംക്തിയിലേക്ക് താഴെ കൊടുക്കുന്ന വാട്സാപ്പ് നമ്പറിൽ ചോദ്യങ്ങൾ അയക്കാവുന്നതാണ്: 9656292244

*എന്റെ ഭർത്താവ് അന്യസ്ത്രീകളുമായി സോഷ്യൽ മീഡിയയിലൂടെയും ഫോൺ വഴിയും ബന്ധം പുലർത്തുന്നതായി കാണുന്നു. അദ്ദേഹത്തിൽ മാറ്റം ഉണ്ടാക്കാൻ ഞാൻ എന്ത് ചെയ്യണം?*

നിങ്ങളുടെ ഈ ധാരണ പൂർണമായും ശരിയാണോ എന്ന് ഉറപ്പു വരുത്തുകയാണ് ആദ്യം ചെയ്യേണ്ടത്. ഇത് വെറുമൊരു സംശയം മാത്രമാണെങ്കിൽ പ്രത്യാഘാതങ്ങൾ വലുതായിരിക്കും. കാരണം ഊഹം കുറ്റകരമാണ്. വിശുദ്ധ ക്വുർആൻ പറയുന്നു:

"സത്യവിശ്വാസികളേ, ഊഹത്തിൽ മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു..."(49:31). അനാവശ്യമായ സംശയത്താൽ ഒരു കുടുബം തകർന്നുകൂടല്ലോ.

എന്നാൽ പുതിയ സാഹചര്യങ്ങൾ ഇത്തരം അവിഹിത ബന്ധങ്ങൾക്ക് കൂടുതൽ സാധ്യതയുള്ളതിനാൽ ചെയ്യാവുന്ന ചില കാര്യങ്ങൾ നിർദേശിക്കട്ടെ:

1. അവിഹിത ബന്ധങ്ങളുടെ അപകടങ്ങളെക്കുറിച്ച് ഭർത്താവിനെ ഏതെങ്കിലും രൂപത്തിൽ ബോധവാനാക്കുക. അല്ലാഹുവിന്റെ നിയമങ്ങളെ ധിക്കരിക്കലും തന്റെ ഭാര്യയോടുള്ള കടുത്ത വഞ്ചനയുമാണിത്. ആസ്വാദ്യകരമായ ഒരു ദാമ്പത്യ ജീവിതം അല്ലാഹു തന്നിട്ടും അവിഹിതങ്ങൾ തേടുന്നത് കടുത്ത നന്ദികേടാണ്. നന്ദികേടിന്റ ഫലം ഭയാനകമാണ് അല്ലാഹു പറയുന്നു:

"നിങ്ങൾ നന്ദികാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക് (അനുഗ്രഹം) വർധിപ്പിച്ചു തരുന്നതാണ്. എന്നാൽ, നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും എന്റെ ശിക്ഷ കഠിനമായിരിക്കും എന്ന് നിങ്ങളുടെ രക്ഷിതാവ് പ്രഖ്യാപിച്ച സന്ദർഭം (ശ്രദ്ധേയമത്രെ)"(14:7).

2. ഭർത്താവുമായുള്ള ബന്ധവും സ്നേഹപൂർവമായ പെരുമാറ്റവും വളരെ നല്ല നിലയിൽ തുടരുക തന്നെ ചെയ്യണം. അതിന്റെ അഭാവം അയാളെ കൂടുതൽ തെറ്റുകളിലേക്ക് നയിക്കാനിടയുണ്ട്.

3. ഭർത്താവിന്റെ അവിഹിത ബന്ധത്തെക്കുറിച്ചുള്ള വിവരം മറ്റുള്ളവരിലേക്കെത്തുന്നത് അപകടമാണ്. അത് തെറ്റിൽ തുടരാനും തിരിച്ച് വരാതിരിക്കാനും കാരണമാകും.

4. വെറുതെയിരിക്കാൻ അവസരം കിട്ടാത്ത വിധം എന്തെങ്കിലും ജോലിയിൽ നിരതനാക്കുന്നത് നല്ലതാണ്.

5. അദ്ദേഹത്തിന്റെ മനസ്സ് നന്നാവുന്നതിന്ന് വേണ്ടിയുള്ള പ്രാർഥനക്കും ഫലങ്ങളുണ്ടാകും.

6. അവിഹിത ബന്ധങ്ങൾ നിങ്ങളുടെ സുരക്ഷയെ ബാധിക്കുന്ന വിധം അപകടകരമാവുമ്പോൾ വിട്ട് പിരിയുന്നതാണ് നല്ലത്.

7. ചില ആളുകൾക്ക് മറ്റൊരു വിവാഹത്തിലൂടെ മാത്രമെ പൂർണ സൂക്ഷ്മത സാധ്യമായെന്ന് വരൂ.

8. തെറ്റിൽനിന്ന് അയാൾ പൂർണമായി മാറി നിന്നിട്ടും അയാളുടെ സ്വകാര്യതയെ പിന്തുടരുന്നത് ശരിയല്ല.

മുആവിയത് ബ്നു അബൂസുഫിയാൻ ﵁ പറയുന്നു: നബി ﷺ പറയുന്നതായി ഞാൻ കേട്ടു: "ജനങ്ങളുടെ സ്വകാര്യതകളെ പിന്തുടരുന്നത് അവരെ നീ നശിപ്പിക്കുകയോ നാശത്തിലേക്ക് നയിക്കുകയോ ചെയ്യലാണ്" (അബൂദാവൂദ് 4244).

സന്താനങ്ങളുടെ നല്ല ഭാവിക്കും സ്വന്തം സുരക്ഷക്കും നല്ലത് ഇണയെ നന്നാക്കിയെടുത്ത് പരമാവധി ഒന്നിച്ചു ജീവിക്കലാണ്. അല്ലാഹു അനുഗ്രഹിക്കട്ടെ. ●

അബൂറാഷിദ
mail@nerpatham.com



# നന്ദികേടിന്റെ ഫലം

പണ്ട് ഒരു ഗ്രാമത്തിൽ ധർമിഷ്ഠനായ ഒരു കർഷകൻ ജീവിച്ചിരുന്നു. തന്റെ അടുക്കൽ എത്തുന്ന പാവങ്ങൾക്കെല്ലാം തന്നാൽ കഴിയുന്ന എന്തു ഉപകാരവും ചെയ്യാൻ അയാൾ സദാ സന്നദ്ധനായിരുന്നു. സർവശക്തനായ അല്ലാഹു അദ്ദേഹത്തിന് അനുഗ്രഹമായി വളരെ വിശാലവും ഫലഭൂയിഷ്ടവും സമൃദ്ധവുമായ തോട്ടം നൽകിയിരുന്നു. പലതരം പച്ചക്കറികളും മുന്തിരി, ആപ്പിൾ, ഓറഞ്ച്, മാമ്പഴം... അങ്ങനെയങ്ങനെ വ്യത്യസ്ത നിറങ്ങളും രുചിയുമുള്ള പഴങ്ങൾ കായ്ച്ചു നിൽക്കുന്ന ആ തോട്ടം കാണാൻ തന്നെ മനോഹരമായിരുന്നു. എല്ലാ വിളവെടുപ്പ് നാളിലും ഒരു വിഹിതം ദരിദ്രർക്കായി അദ്ദേഹം എന്നും മാറ്റിവെച്ചിരുന്നു. ഇതറിയാവുന്ന ആ പ്രദേശത്തുള്ള പാവങ്ങളായ ആളുകൾ അദ്ദേഹത്തിന്റെ തോട്ടത്തിൽ വന്ന് പഴങ്ങളും പച്ചക്കറികളും മറ്റും കൊണ്ടുപോകാറുണ്ടായിരുന്നു.

അങ്ങനെ വളരെ സന്തോഷത്തോടെ വർഷങ്ങൾ കഴിഞ്ഞുപോയി. ആളുകൾ അദ്ദേഹത്തിന്റെ ഈ നന്മയിൽ വളരെ നന്ദിയുള്ളവരുമായിരുന്നു. അവർ അദ്ദേഹത്തെ അതിയായി സ്നേഹിച്ചു. അങ്ങനെയിരിക്കെ ഒരു ദിവസം കർഷകൻ മരണപ്പെട്ടു.

അന്ത്യകർമങ്ങൾ കഴിഞ്ഞ് ദിവസങ്ങൾക്ക് ശേഷം കർഷകന്റെ മക്കൾ തോട്ടത്തിലെത്തി. കർഷകനെപ്പോലെ ധർമിഷ്ഠരോ ദാനശീലരോ ആയിരുന്നില്ല അദ്ദേഹത്തിന്റെ മക്കൾ. തോട്ടത്തിൽ നിന്നും പതിവായി പാവങ്ങൾക്കു കൊടുക്കാറുള്ള ഓഹരിയൊന്നും അനുവദിക്കാൻ മക്കൾ തയ്യാറായിരുന്നില്ല. അതിനാൽ തന്നെ ഒരു ദിവസം അക്കാര്യം തീരുമാനിക്കാനായി അവർ തോട്ടത്തിൽ ഒരുമിച്ചുകൂടി. ഓരോരുത്തരും ഓരോരോ അഭിപ്രായം പറഞ്ഞു. ചിലർ ഇനി മുതൽ ഒരാൾക്കും ഇതിൽ നിന്നും ഒരു പഴം പോലും നൽകേണ്ടതില്ലെന്നും തങ്ങളുടെ പിതാവിന് ജീവിതത്തിലെ ഇതര പ്രയാസങ്ങളെക്കുറിച്ചൊന്നും യാതൊരു പരിഗണനയും ഇല്ലായിരുന്നു എന്നൊക്കെ അവർ പറഞ്ഞു.

പിതാവ് ജീവിച്ചിരുന്ന കാലത്ത് പാവങ്ങൾക്ക് കൊടുത്തിരുന്നത് കൊടുക്കാതിരുന്നാൽ അത് കുടുംബത്തിന് തന്നെ ചീത്തപ്പേര് ഉണ്ടാക്കും. വിളവെടുപ്പ് കണ്ടാൽ അവരൊക്കെ ഓടിവരും. അപ്പോൾ അവർക്ക് പഴങ്ങളും പച്ചക്കറികളുമൊക്കെ കൊടുക്കേണ്ടിവരും. അതിനാൽ ആരുമറിയാതെ ഇതിലെ ആദായമെടുക്കലാണ് നല്ലത് എന്നായിരുന്നു മക്കളിൽ ഒരാൾ പറഞ്ഞത്.

ആ തീരുമാനത്തോട് എല്ലാവരും യോജിച്ചു. എന്നാൽ സർവ അനുഗ്രഹങ്ങളും തന്റെ അടിമകൾക്ക് ഉദാരമായി നൽകുന്ന കാരുണ്യവാനായ നാഥൻ മറ്റൊരു തീരുമാനമെടുത്തിരുന്നു.

കർഷകന്റെ മക്കൾ ഗ്രാമവാസികൾ ഉറങ്ങിക്കിടക്കുന്ന നേരത്ത് ഒറ്റയും തെറ്റയുമായി തോട്ടത്തിലെത്തി. ആരുമറിയാതെ രാത്രി തന്നെ പഴങ്ങളും പച്ചക്കറികളുമെല്ലാം പറിച്ചെടുത്ത് അങ്ങാടിയിലെത്തിക്കുകയായിരുന്നു അവരുടെ ലക്ഷ്യം.



എന്നാൽ തോട്ടത്തിലെത്തിയപ്പോൾ അവിടെയുള്ള കാഴ്ച അവർക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. അവർ അന്തംവിട്ട് മിഴിച്ചുനിന്നു. അതിൽ ഒരൊറ്റ പഴം പോലും ബാക്കിയുണ്ടായിരുന്നില്ല. എല്ലാം പറിച്ചു മാറ്റപ്പെട്ട നിലയിൽ തോട്ടം തീർത്തും കാലിയായിരുന്നു!

അപ്പോൾ അവർക്ക് തങ്ങളുടെ തീരുമാനം തെറ്റായിരുന്നു എന്ന് ബോധ്യമായി. അവർ തങ്ങളുടെ തെറ്റിൽ അല്ലാഹുവിനോട് മാപ്പു ചോദിച്ചു.

സർവലോക നാഥന്റെ അനുഗ്രഹങ്ങളായി നമുക്ക് കിട്ടിയ അറിവ്, ആരോഗ്യം, സമ്പത്ത്,സമൃദ്ധി, സമാധാനം തുടങ്ങിയവയൊന്നും ശാശ്വതമായി സ്വന്തമാക്കിവെക്കാൻ മനുഷ്യന്ന് സാധ്യമല്ല. എല്ലാം നാഥന്റെ അനുഗ്രഹം മാത്രം. അതിനാൽ അവനോട് നന്ദികാണിക്കുക. നന്ദികാണിക്കുന്നവർക്ക് അവൻ ധാരാളമായി നൽകും.

"ആ തോട്ടക്കാരെ നാം പരീക്ഷിച്ചത് പോലെ തീർച്ചയായും അവരെയും നാം പരീക്ഷിച്ചിരിക്കുകയാണ്. പ്രഭാതവേളയിൽ ആ തോട്ടത്തിലെ പഴങ്ങൾ അവർ പറിച്ചെടുക്കുമെന്ന് അവർ സത്യം ചെയ്ത സന്ദർഭം. അവർ (യാതൊന്നും) ഒഴിവാക്കി പറഞ്ഞിരുന്നില്ല. എന്നിട്ട് അവർ ഉറങ്ങിക്കൊണ്ടിരിക്കെ നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു ശിക്ഷ ആ തോട്ടത്തെ ബാധിച്ചു. അങ്ങനെ അത് മുറിച്ചെടുക്കപ്പെട്ടത് പോലെ ആയിത്തീർന്നു. അങ്ങനെ പ്രഭാതവേളയിൽ അവർ പരസ്പരം വിളിച്ചുപറഞ്ഞു: നിങ്ങൾ പറിച്ചെടുക്കാൻ പോകുകയാണെങ്കിൽ നിങ്ങളുടെ കൃഷിസ്ഥലത്തേക്ക് നിങ്ങൾ കാലത്തുതന്നെ പുറപ്പെടുക. അവർ അന്യോന്യം മന്ത്രിച്ചുകൊണ്ടു പോയി. ഇന്ന് ആ തോട്ടത്തിൽ നിങ്ങളുടെ അടുത്ത് ഒരു സാധുവും കടന്നു വരാൻ ഇടയാവരുത് എന്ന്. അവർ (സാധുക്കളെ) തടസ്സപ്പെടുത്താൻ കഴിവുള്ളവരായിക്കൊണ്ടു തന്നെ കാലത്ത് പുറപ്പെടുകയും ചെയ്തു. അങ്ങനെ അത് (തോട്ടം) കണ്ടപ്പോൾ അവർ പറഞ്ഞു: തീർച്ചയായും നാം പിഴവു പറ്റിയവരാകുന്നു. അല്ല, നാം നഷ്ടം നേരിട്ടവരാകുന്നു. അവരുടെ കൂട്ടത്തിൽ മധ്യനിലപാടുകാരനായ ഒരാൾ പറഞ്ഞു: ഞാൻ നിങ്ങളോട് പറഞ്ഞില്ലേ? എന്താണ് നിങ്ങൾ അല്ലാഹുവെ പ്രകീർത്തിക്കാതിരുന്നത്? അവർ പറഞ്ഞു: നമ്മുടെ രക്ഷിതാവ് എത്രയോ പരിശുദ്ധൻ! തീർച്ചയായും നാം അക്രമികളായിരിക്കുന്നു. അങ്ങനെ പരസ്പരം കുറ്റപ്പെടുത്തിക്കൊണ്ട് അവരിൽ ചിലർ ചിലരുടെ നേർക്ക് തിരിഞ്ഞു. അവർ പറഞ്ഞു: നമ്മുടെ നാശമേ! തീർച്ചയായും നാം അതിക്രമകാരികളായിരിക്കുന്നു. നമ്മുടെ രക്ഷിതാവ് അതിനെക്കാൾ ഉത്തമമായത് നമുക്ക് പകരം തന്നേക്കാം. തീർച്ചയായും നാം നമ്മുടെ രക്ഷിതാവിങ്കലേക്ക് ആഗ്രഹിച്ചു ചെല്ലുന്നവരാകുന്നു'' (അൽ ക്വലം 17-32).

വി.ക്വു സൂറത്തു ക്വലം. 17 മുതൽ 32 വരെയുള്ള ആയത്തുകളിൽ അല്ലാഹു ഈ കഥയെ സംബന്ധിച്ച് ഉദ്ധരിക്കുന്നു.




ഹാരിസ്
mail@nerpatham.com

# എന്ത് തോന്നിടുന്നു?

ഒന്ന് ചൊല്ലിടുമ്പോൾ
എന്ത് തോന്നിടുന്നു?
ഒന്നു മാത്രമെന്റെ
നാഥനെന്ന കാര്യം!

രണ്ട് ചൊല്ലിടുമ്പോൾ
എന്ത് തോന്നിടുന്നു?
രണ്ടു പേരുണ്ടെന്നെ
ഇഷ്ടമാൽ വളർത്താൻ!

മൂന്ന് ചൊല്ലിടുമ്പോൾ
എന്ത് തോന്നിടുന്നു?
മൂന്നു പള്ളി മാത്രം
പുണ്യയാത്ര പോകാൻ!

നാല് ചൊല്ലിടുമ്പോൾ
എന്ത് തോന്നിടുന്നു?
നാലുമാസമേറെ
ഉന്നതമാണെന്ന്!

അഞ്ച് ചൊല്ലിടുമ്പോൾ
എന്ത് തോന്നിടുന്നു?
അഞ്ചു നേരമെന്നും
നിസ്കരിച്ചിടേണം!

ആറ് ചൊല്ലിടുമ്പോൾ
എന്ത് തോന്നിടുന്നു?
ആറു കാര്യം നമ്മൾ
വിശ്വസിച്ചിടേണം!

ഏഴ് ചൊല്ലിടുമ്പോൾ
എന്ത് തോന്നിടുന്നു?
ഏഴു പാപം നമ്മൾ
തീരെ ചെയ്തു കൂടാ!

എട്ട് ചൊല്ലിടുമ്പോൾ
എന്ത് തോന്നിടുന്നു?
എണ്ണമെട്ടാണല്ലോ
സ്വർഗവാതിലിന്റെ!

ശൈഖ് നാസിറുദ്ദീൻ അൽബാനി
വിവർത്തനം: ശമീർ മദീനി



# സലഫീ പ്രബോധനം
## ഒരു താത്വിക വിശകലനം

അല്ലാഹുവിന്റെ വചനം കൊണ്ടു തന്നെ നമ്മുടെ സംസാരം തുടങ്ങട്ടെ,

"മുഹാജിറുകളിൽ നിന്നും അൻസാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം"(9:100).

ദഅ്‌വത്തിന്റെ കാര്യത്തിൽ ഓരോരുത്തരും അറിയേണ്ടതും അനുധാവനം ചെയ്യേണ്ടതുമായ ചില കാര്യങ്ങളാണ് ഇതിൽ സൂചിപ്പിക്കുന്നത്. സലഫുകളുടെ മാർഗമെന്തെന്നറിഞ്ഞാണ് പ്രബോധനം ചെയ്യേണ്ടത്. ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ വ്യത്യസ്ത നാമങ്ങളിൽ സലഫീപ്രബോധന കൂട്ടായ്മകളുണ്ട്. ഈ ആശയത്തെ സംബന്ധിച്ച് ദീർഘ കാലമായി മുസ്‌ലിംകൾ അശ്രദ്ധയിലാണ്. അതല്ലെങ്കിൽ അതിന് അർഹിക്കുന്ന പരിഗണന അവർ നൽകിയില്ല.

എന്തുകൊണ്ടെന്നാൽ കാലങ്ങളായി അന്ധമായ മദ്ഹബീപക്ഷപാതിത്വത്തിലും അനുകരണത്തിലുമായി അവരുടെ ഹൃദയങ്ങൾക്ക് നിർജീവതയുടെ കറപുരണ്ടിരുന്നു. ഉത്തമരായ മൂന്ന് തലമുറകൾക്ക് ശേഷം അഹ്‌ലുസ്സുന്നയുടെ ഇടയിൽ തന്നെ ഇത്തരത്തിലുള്ള നിർജീവതയും അന്ധമായ അനുകരണവും കാണാമായിരുന്നു

എന്നിരിക്കെ ശേഷക്കാരുടെ കാര്യം പറയേണ്ടതില്ലല്ലോ. നബിﷺ പറയുന്നു: "ജൂതൻമാർ 71 കക്ഷികളായി പിരിഞ്ഞു. ക്രസ്ത്യാനികൾ 72 വിഭാഗങ്ങളായി പിരിയും. എന്റെ സമുദായമാകട്ടെ 73 വിഭാഗമായി വേർപിരിയുന്നതാണ്. ഒന്നൊഴികെയുള്ള സകലതും നരക പാതയിലാണ്". സ്വഹാബികൾ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ആരാണ് ആ വിഭാഗം?"

നബിﷺ പറഞ്ഞു: "അതാണ് അൽ-ജമാഅഃ." മറ്റൊരു നിവേദനത്തിൽ ആ വിഭാഗത്തെ കുറിച്ച് ഇപ്രകാരം വിശദമാക്കപ്പെട്ടിരിക്കുന്നു: "ഞാനും എന്റെ സ്വഹാബത്തും ഏതൊരു മാർഗത്തിലാണോ ആ മാർഗത്തിലായിരിക്കുമവർ."

നബിﷺ അറിയിച്ചതുപോലെ ഈ സമുദായത്തിൽ ഭിന്നതകളുണ്ടാകുമെന്നും നബിﷺയും സ്വഹാബത്തും നിലകൊണ്ട പാത പിൻപറ്റുന്ന ഒരു വിഭാഗം ആ 73 കക്ഷികളിൽ നിന്നും ഒന്നായി ഉണ്ടാകുമെന്നും ഈ ഹദീഥ് വളരെ വ്യകതമായി നമ്മെ അറിയിക്കുന്നു. നബിﷺയുടെ അറിയിപ്പ് സത്യമാണ്. കാരണം അല്ലാഹു പറഞ്ഞതുപോലെ അവ വഹ്‌യാണ്.

ഈ വിഭാഗം (അൽ ഫിർക്വത്തുന്നാജിയഃ അഥവാ രക്ഷപ്പെടുന്ന കക്ഷി) ഇക്കാലത്ത് മറ്റ് കക്ഷികൾ അവകാശപ്പെടുന്നതു പോലെ ക്വുർആനും സുന്നത്തുമനുസരിച്ചു പ്രവർത്തിക്കുന്നുവെന്ന കേവല അവകാശവാദക്കാരല്ല. ആധുനികവും പൗരാണികവുമായ ഒരു വിഭാഗത്തിനും ക്വുർആനിലേക്കും സുന്നത്തിലേക്കും ചേർത്തു പറയുന്നതിൽ നിന്നൊഴിവാക്കാൻ സധിക്കുകയില്ല; ബിദ്അത്തിന്റെ കക്ഷികളാണ് അവരെങ്കിൽ പോലും. എന്തുകൊണ്ടെന്നാൽ ഈ അവകാശവാദം അവർ സ്വയം നിരാകരിച്ചാൽ തങ്ങൾ ഇസ്‌ലാമിന്റെ ശരിയായ പാതയിൽ നിന്ന് പുറത്തുപോയ ഭിന്നതയുടെ വക്താക്കളാണെന്ന് മാലോകരെ അറിയിക്കലാകുമത്. അതുകൊണ്ടുതന്നെ ഉപരിസൂചിത ഹദീഥിലൂടെ നബിﷺ ഉണർത്തിയ ആ 72 കക്ഷികളും ക്വുർആനിന്റെയും സുന്നത്തിന്റെയും വക്താക്കളാണ് തങ്ങളെന്ന് ഒരേ സ്വരത്തിൽ അവകാശവാദം ഉന്നയിക്കുന്നവരാണ്.

എന്നാൽ സലഫികളാകട്ടെ ഈ വിഭാഗങ്ങളിൽ നിന്നൊക്കെയും വ്യത്യസ്തമാണ്. അതായത് ക്വുർആനിന്റെയും സുന്നത്തിന്റെയും വക്താക്കളെന്ന കേവലമായ അവകാശവാദത്തിനപ്പുറം ക്വുർആനിന്റെയും സുന്നത്തിന്റെയും ശരിയായ പാതയിൽ നിന്ന് വ്യതിചലിച്ചു പോകാതിരിക്കാൻ ഒരു കാര്യം കൂടി അവർ കണിശമായി ശ്രദ്ധിക്കുന്നവരാണ്. അഥവാ നബിﷺയുടെ സ്വഹാബത്തിന്റെ മാർഗം മുറുകെ പിടിക്കുന്നവരാണവർ. സ്വഹാബികളെ മാത്രമല്ല അവരുടെ നന്മയിൽ അവരെ അനുധാവനം ചെയ്ത താബിഈങ്ങളെയും തബഉത്തബാഇനെയും പിൻപറ്റുന്നവരാണവർ. അതായത്, ഉത്തമ തലമുറകളെന്ന് നബിﷺ സാക്ഷ്യപ്പെടുത്തിയ സച്ചരിതരെ അനുധാവനം ചെയ്യുന്നവരത്രെ അവർ.

പ്രബലം മാത്രമല്ല, മുതവാതിറായി തന്നെ റിപ്പോർട്ടുചെയ്യപ്പെട്ട ഹദീഥിലൂടെ നബിﷺ പറയുന്നു:"ജനങ്ങളിൽ ഏറ്റവും ഉത്തമർ എന്റെ തലമുറയാണ്. പിന്നെ അതിനോടടുത്തുള്ളവർ" (അഹ്മദ്, ബുഖാരി). ഈ ഒന്നാം തലമുറക്കാരുടെ അഥവാ വിശുദ്ധരായ സ്വഹാബികളുടെ അനുയായികളും പിന്നീട് അവർക്ക് ശേഷം വരുന്നവരും ഇപ്രകാരം പ്രാർഥിക്കും: "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു" (59:10).

രക്ഷപ്പെടുന്ന കക്ഷിയിൽ (അൽഫിർഖത്തുന്നാജിയഃ) ഉൾപ്പെടണമെന്നാഗ്രഹിക്കുന്ന എല്ലാവരും സ്വഹാബികളും താബിഈങ്ങളുമടങ്ങുന്ന പൂർവികരായ സച്ചരിതരെ അനുധാവനം ചെയ്യുകയും മാതൃകയാക്കുകയും വേണം. സലഫുസ്സാലിഹുകളെ പിൻപറ്റണമെന്ന ഇക്കാര്യം ഒരു പുത്തൻവാദമൊന്നുമല്ല. പ്രത്യുത അല്ലാഹുവിന്റെ വചനത്തിലൂടെ വ്യത്മാക്കപ്പെട്ട നിർബന്ധ കൽപനയാണ്: "തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും, സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞവഴിക്ക്തന്നെ നാം അവനെ തിരിച്ചുവിടുന്നതും നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!" (4:115).

നബിﷺക്ക് എതിരാകുന്നതിനെ ശക്തമായ ഭാഷയിൽ തക്കീത് ചെയ്യുകയാണ് അല്ലാഹു ഈ സൂക്തത്തിലൂടെ, എന്നിട്ട് അതിനോട് ചേർത്ത് പറഞ്ഞതിപ്രകാരമാണ് - 'സത്യവിശ്വാസികളുടേതല്ലാത്ത മാർഗം പിൻപറ്റുന്നവർ.' നിസ്സംശയം എതിരാകാൻ പാടില്ലെന്ന് അല്ലാഹു താക്കീത് ചെയ്ത ഈ സത്യവിശ്വാസികൾ മുമ്പ് സൂചിപ്പിച്ച ആയത്തിൽ പറഞ്ഞവർ തന്നെയാണ്. അതായത് മുഹാജിറുകളിലും അൻസ്വാറുകളിലും പെട്ടവരും നന്മയിൽ അവരെ പിൻപറ്റിയവരും:

"മുഹാജിറുകളിൽ നിന്നും അൻസ്വാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴു

കിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം" (9:100).

അവരാകട്ടെ തീർച്ചയായും അല്ലാഹുവിന്റെ തൃപ്തിനേടിയവരും അല്ലാഹുവിനെ തൃപ്തിപ്പെട്ടവരുമാണ്. വാസ്തവത്തിൽ അതാണ് നാവുകൊണ്ട് പറയലിലൂടെ മാത്രം ക്വുർആനിന്റെയും സുന്നത്തിന്റെയും ആളുകളാവുകയും എന്നിട്ട് സ്വഹാബത്തിന്റെ മാർഗമവലംബിച്ച് അതിന്റെ ശരിയായ പാത പിൻപറ്റേണ്ടതിനു പകരം ക്വുർആനിനും സുന്നത്തിനും എതിരായി മാറുകയും ചെയ്യുന്നവരെ വേർതിരിച്ചറിയാനുള്ള മാനദണ്ഡം.

നമുക്കു മുമ്പിൽ ഈ വിഷയത്തിൽ അല്ലാഹുവിന്റെ ആയത്തും നബിﷺയുടെ സ്വഹീഹായ ഹദീഥും ഉണ്ട്. ആയത്ത് 'സത്യവിശ്വാസികളുടെ മാർഗ'മെന്ന് പറഞ്ഞു. നബിﷺയാകട്ടെ അത് തന്റെ അനുചരന്മാരാണെന്ന് (സ്വഹാബത്ത്) വിശദമാക്കി; അബൂദാവൂദ്, തിർമുദി, അഹ്മദ്ؒ തുടങ്ങിയവർ റിപ്പോർട്ട് ചെയ്ത സ്വഹീഹായ മറ്റൊരു ഹദീഥിൽ ഖുലഫാഉർറാശിദുകളുടെ ചര്യയാണതെന്നും വ്യക്തമാക്കിയതു പോലെ.

ഇർബാദ് ബിൻ സാരിയ്യؓ പറയുന്നു: "അല്ലാഹുവിന്റെ ദൂതൻﷺ ഒരിക്കൽ ഞങ്ങളെ ശക്ത്മായി ഉപദേശിച്ചു. ആ ഉപദേശത്താൽ ഞങ്ങളുടെ ഹൃദയങ്ങൾ വിറച്ചു, കണ്ണുകൾ നിറഞ്ഞു. ഞങ്ങൾ പറഞ്ഞു: "പ്രവാചകരേ, ഇതൊരു വിടവാങ്ങൽ ഉപദേശം പോലെയുണ്ടല്ലോ. ഞങ്ങളോട് വസിയ്യത്ത് ചെയ്താലും". നബിﷺ പറഞ്ഞു: "അല്ലാഹുവിനെ സൂക്ഷിച്ച് ജീവിക്കണമെന്ന് ഞാൻ നിങ്ങളോട് വസിയ്യത്ത് ചെയ്യുന്നു. ഭരണാധികാരികളെ കേൾക്കുകയും അനുസരിക്കുകയും വേണം; നിങ്ങളുടെ മേൽ അധികാരമേൽക്കുന്നത് ഒരു എത്യോപിയൻ അടിമയാണെങ്കിലും ശരി. തീർച്ചയായും എനിക്ക് ശേഷം നിങ്ങളിൽ ജീവിച്ചിരിക്കുന്നവർക്ക് ധാരാളം ഭിന്നതകൾ ദർശിക്കാവുന്നതാണ്. അപ്പോൾ നിങ്ങൾ എന്റെയും എനിക്ക് ശേഷമുള്ള ഖുലഫാഉർറാശിദുകളുടെയും ചര്യ പിൻപറ്റണം. അണപ്പല്ലുകൾ കൊണ്ടവയെ മുറുകെ പിടിക്കണം. മതത്തിലെ നൂതന കാര്യങ്ങളെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക. കാരണം എല്ലാ നൂതന കാര്യങ്ങളും ബിദ്അത്താ(പുത്തനാചാരം)കുന്നു). എല്ലാ ബിദ്അത്തും വഴികേടുമാകുന്നു." മറ്റൊരു ഹദീഥിൽ ഇങ്ങനെയും വന്നിട്ടുണ്ട്: "എല്ലാ വഴികേടും നരകത്തിലുമാണ്"(നസാഈ).

അതെ, ഈ ഹദീഥിൽ നബിﷺ തന്റെ സുന്നത്തിനോട് ഖുലഫാഉർറാശിദുകളുടെ ചര്യയെ ചേർത്തുപറഞ്ഞു. ഈ ഹദീഥ് മുമ്പ് സൂചിപ്പിച്ച രക്ഷപ്പെടുന്ന കക്ഷിയുടെ(ഫിർക്കത്തുന്നാജിയഃ) ഹദീഥുമായി സംയോജിക്കുന്നു. അപ്രകാരം തന്നെ അല്ലാഹുവിന്റെ ഈ സൂക്തവുമായും (4/115) അത് സംഗമിക്കുന്നു.

ക്വുർആനും സുന്നത്തും പിൻപറ്റുകയാണെന്ന പേരിൽ പൂർവികരായ സച്ചരിതർക്കെതിരായ അഭിപ്രായങ്ങളും ആദർശങ്ങളും പിൻപറ്റാൻ ഒരു മുസ്‌ലിമിന് പാടുള്ളതല്ല. കാരണം, സലഫുസ്സ്വാലിഹുകളുടെ ആദർശം ക്വുർആനും സുന്നത്തും തന്നെയാണ്. സുന്നത്ത് ക്വുർആനിന്റെ വിവരണമാണെന്ന് ക്വുർആൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. നബിﷺയെ സംബോധന ചെയ്തുകൊണ്ട് അല്ലാഹു പറയുന്നു: "വ്യക്തമായ തെളിവുകളും വേദഗ്രന്ഥങ്ങളുമായി (അവരെ നാം നിയോഗിച്ചു). നിനക്ക് നാം ഉൽബോധനം അവതരിപ്പിച്ച് തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചുകൊടുക്കാൻ വേണ്ടിയും അവർ ചിന്തിക്കാൻ വേണ്ടിയും"(16/44).

നബിﷺ ക്വുർആനിന്റെ വിവരണം അവിടുത്തെ സുന്നത്തിലൂടെയാണ് നിർവഹിച്ചത്. പ്രസ്തുത സുന്നത്ത് മൂന്ന് രൂപത്തിലാണ്. അഥവാ നബിﷺയുടെ വാക്ക്, പ്രവൃത്തി, അംഗീകാരം എന്നിങ്ങനെ. ഈ സുന്നത്തിലേക്ക് നമുക്കുമെത്തിച്ചേരുവാനും അത് മനസ്സിലാക്കുവാനും സ്വഹാബികളിലൂടെയല്ലാതെ സാധിക്കുകയില്ല. അത്കൊണ്ട് തന്നെ ഒരു മുസ്‌ലിമിന് ഫിർക്വത്തുന്നാജിയയിൽ (രക്ഷപ്പെടുന്ന കക്ഷി) ഉൾപ്പെടുവാൻ സലഫുസ്സ്വാലിഹുകളുടെ മാർഗം അനുസരിച്ച് ക്വുർആനും സുന്നത്തും പിൻപറ്റുന്നത്തിലൂടെ മാത്രമെ സാധിക്കുകയുള്ളൂ. ക്വുർആനും സുന്നത്തും പിൻപറ്റുക എന്നതിനുപുറമെ അത് സലഫുസ്സ്വാലിഹുകളുടെ രീതിയനുസരിച്ചാവുക എന്ന കാര്യം പ്രത്യേകം മനസ്സിരുത്തേണ്ട സംഗതിയാണ്. ക്വിയാമത്തു നാളിൽ രക്ഷപ്പെടുന്ന വിഭാഗത്തിൽ ഉൾപ്പെടണമെന്ന ആത്മാർഥവും സത്യസന്ധവുമായ വിചാരമുണ്ടെങ്കിൽ അത് അനിവാര്യമാണ്.

നമ്മളിന്ന് കാണുന്ന മിക്ക ഇസ്‌ലാമിക സംഘടനകളും വിശ്വസിക്കുന്നത് ഇസ്‌ലാം എന്നാൽ ക്വുർആനും സുന്നത്തും മാത്രമാണെന്നാണ്. അവയിൽ ഭൂരിഭാഗവും മൂന്നാമത്തെ സംഗതിയായി വിവരിച്ച സലഫുകളുടെ മാർഗം അവലംബിക്കുവാനോ അംഗീകരിക്കുവാനോ സന്നദ്ധരല്ല. ആ വിശുദ്ധ മാർഗത്തെ സംബന്ധിച്ച് ക്വുർആനും സുന്നത്തും തെര്യപ്പെടുത്തിയ കാര്യം മുമ്പ് പറഞ്ഞുവല്ലോ.

വാസ്തവത്തിൽ അഭിപ്രായങ്ങളിലും വീക്ഷണഗതികളിലും പൂർവികരായ സച്ചരിതരുടെ (സലഫുസ്സ്വാലിഹ്) മാർഗം പിന്തുടരാത്തതാണ് മുസ്‌ലിംകളെ വ്യത്യസ്ത കക്ഷികളും വിഭാഗങ്ങളുമാക്കി സമുദായ ഐക്യം തകർത്തു കളഞ്ഞതിന്റെ മുഖ്യ ഹേതു. ●

**അബൂ മുർശിദ**
mail@nerpatham.com

# സമത്വത്തിന്റെ സന്ദേശം

**നബിﷺ പറഞ്ഞു: 'നിശ്ചയമായും നിങ്ങളുടെ ദൈവം ഒന്ന്. നിങ്ങളുടെയെല്ലാം പിതാവും ഒന്നുതന്നെ. എല്ലാവരും ആദമിൽനിന്നുള്ളത്; ആദമോ മണ്ണിൽനിന്നും' (മുസ്‌ലിം, അബൂദാവൂദ്).**

മനുഷ്യരെല്ലാം ഏകനായ സ്രഷ്ടാവിന്റെ സൃഷ്ടികളും അവന്റെ സംരക്ഷണത്തിൽ കഴിയുന്നവരുമാണ് എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. യജമാനനും അടിമയും ധനികനും ദരിദ്രനും മുതലാളിയും തൊഴിലാളിയുമെല്ലാം സമന്മാരാണെന്നുള്ള പ്രഖ്യാപനം ഇസ്‌ലാമിന്റെ സവിശേഷതയാണ്. വർഗത്തിന്റെയും വർണത്തിന്റെയും ദേശത്തിന്റെയും ജാതിയുടെയും ഭാഷയുടെയും പേരിൽ അത് മനുഷ്യർക്കിടയിൽ ഉച്ചനീചത്വം കൽപിക്കുന്നില്ല. വിശുദ്ധ ക്വുർആൻ പ്രഖ്യാപിക്കുന്നു:

'ഹേ മനുഷ്യരേ, തീർച്ചയായും നാം നിങ്ങളെ ഒരു ആണിൽനിന്നും ഒരു പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു... തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിലേറ്റവും ശ്രേഷ്ഠൻ നിങ്ങളിലേറ്റവും ദൈവഭയമുള്ളവൻ മാത്രമാകുന്നു' (49:13).

നബിﷺ പറഞ്ഞു: "മതനിഷ്ഠയും സൂക്ഷ്മതയും കൊണ്ടല്ലാതെ ഒരാൾക്കും മറ്റൊരാളെക്കാൾ മഹത്ത്വമില്ല"(മിശ്കാത്ത്).

ഇസ്‌ലാമിന്റെ കണ്ണിൽ മനുഷ്യരെല്ലാം സമന്മാരാണെന്നും ഭയഭക്തിയുള്ളവന് മാത്രമെ ദൈവത്തിങ്കൽ പ്രത്യേകം സ്ഥാനമുള്ളൂവെന്നും ഉപരിസൂചിത വചനങ്ങൾ നമ്മെ തെര്യപ്പെടുത്തുന്നു. സർവവിധ അസമത്വങ്ങളുടെയും കടയ്ക്കൽ ഇസ്‌ലാം കത്തിവെക്കുന്നു. എല്ലാവർക്കും നീതി ലഭിക്കണമെന്ന് ഇസ്‌ലാം പ്രത്യാശിക്കുന്നു. 'കറുത്തവന്റെ പുത്രാ' എന്ന് ഒരാൾ മറ്റൊരാളെ വിളിക്കുന്നത് കേട്ടപ്പോൾ നബിﷺ അയാളെ താക്കീത് ചെയ്തുകൊണ്ട് പറഞ്ഞു: "അജ്ഞാതകാലത്തെ കിരാതത്വമുണ്ട് നിങ്ങളിൽ."

മഖ്‌സൂം ഗോത്രത്തിലെ ഒരു സ്ത്രീ മോഷണം നടത്തിയതായി നബിﷺയുടെ സന്നിധിയിൽ തെളിയിക്കപ്പെട്ടപ്പോൾ ഉസാമؓ അവർക്കു വേണ്ടി നബിﷺയോട് ശുപാർശ ചെയ്തു. അപ്പോൾ നബിﷺ ജനങ്ങളെ വിളിച്ചുകൂട്ടി താക്കീത് ചെയ്തു: 'ഉത്തമൻ മോഷ്ടിച്ചാൽ വെറുതെ വിട്ടയക്കുകയും അധമൻ മോഷ്ടിച്ചാൽ നിയമനടപടികൾ എടുക്കുകയും ചെയ്തതു കാരണം നിങ്ങൾക്ക് മുമ്പുള്ളവർ നാശമടഞ്ഞിട്ടുണ്ട്. എന്നാൽ അല്ലാഹുവെ സാക്ഷിനിർത്തി ഞാൻ പറയുന്നു: മുഹമ്മദിന്റെ മകൾ ഫാത്തിമ മോഷ്ടിച്ചാലും ഞാൻ അവളുടെ കരം ഛേദിക്കുകതന്നെ ചെയ്യും.'

ഒരിക്കൽ രണ്ടാം ഖലീഫ ഉമറുംؓ ഭൃത്യനും ഊഴംവെച്ച് ഒട്ടകപ്പുറത്ത് സവാരി ചെയ്ത കഥ പ്രസിദ്ധമാണ്. ഖലീഫയുടെ ആഗമനത്തെ സ്വാഗതം ചെയ്യുവാൻ ജനങ്ങൾ കാത്തിരിക്കുമ്പോൾ വേലക്കാരൻ ഒട്ടകപ്പുറത്ത് സവാരി ചെയ്തും ഖലീഫ ഒട്ടകത്തിന്റെ കയറിൽ പിടിച്ചും കടന്നുവരുന്നതാണ് അവർ കണ്ടത്!

റോമിലേക്ക് നയതന്ത്രപ്രതിനിധിയായി പോയ മുആദുബ്നു ജബൽؓവിനോട് ചക്രവർത്തിയായ കൈസറിന്റെ പ്രതാപവും മഹത്ത്വവും ഒരു ഉന്നത ഉദ്യോഗസ്ഥൻ വിവരിച്ചുകൊടുത്തപ്പോൾ തന്റെ രാജ്യത്തെ ഭരണാധികാരിയെപ്പറ്റി മുആദ് ഇപ്രകാരം വിവരിച്ചുകൊടുത്തു: 'ഞങ്ങളുടെ ഭരണാധികാരി ഞങ്ങളിൽ പെട്ട ഒരാളാണ്. ഞങ്ങളുടെ വേദഗ്രന്ഥത്തെയും പ്രവാചകചര്യയെയും അദ്ദേഹം അനുസരിക്കുന്ന പക്ഷം ഞങ്ങൾ അദ്ദേഹത്തെ ഖലീഫയായി നിശ്ചയിക്കും. അത് അംഗീകരിക്കുന്നില്ലെങ്കിൽ അധികാരസ്ഥാനത്തു നിന്ന് ഞങ്ങൾ അദ്ദേഹത്തെ നീക്കം ചെയ്യും. അദ്ദേഹം മോഷണം നടത്തുകയാണെങ്കിൽ ഞങ്ങൾ അദ്ദേഹത്തിന്റെ കൈ മുറിക്കും. വ്യഭിചരിക്കുകയാണെങ്കിൽ എറിഞ്ഞ് കൊല്ലും. ആർക്കെങ്കിലും മുറിവേൽപിച്ചാൽ അതിന് പ്രതികാരം ചെയ്യും. ഞങ്ങൾക്ക് പ്രവേശനം തടഞ്ഞുകൊണ്ട് അദ്ദേഹത്തിന് അധികാരത്തിലിരിക്കുക സാധ്യമല്ല. ഞങ്ങളുടെയിടയിൽ അഹംഭാവം നടിക്കുകയോ അഹങ്കാരത്തോടു കൂടി ഞങ്ങളുടെമേൽ വാഴ്ച നടത്തുകയോ ചെയ്യുകയില്ല. യുദ്ധത്തിൽ കൈവന്ന സ്വത്തിൽ ഞങ്ങളെക്കാൾ കൂടുതലായി യാതൊരു അവകാശവും അദ്ദേഹത്തിനില്ല. ഞങ്ങളെപോലൊരു മനുഷ്യൻ മാത്രമാണ് അദ്ദേഹവും' (ഫുതൂഹുശ്ശാം).

ആറാം നൂറ്റാണ്ടിന്റെ അന്ധകാരത്തിൽ യഥാർഥ മനുഷ്യസമത്വത്തിന്റെ വെളിച്ചംപരത്തിയ മതമാണ് ഇസ്‌ലാം എന്ന് മനസ്സിലാക്കിത്തരുന്ന ക്വുർആൻ സൂക്തങ്ങളും നബി വചനങ്ങളും ഇസ്‌ലാമിക ചരിത്രത്തിൽ നിന്നുള്ള ഉദ്ധരണികളും നിരത്തിവെക്കാൻ എമ്പാടുമുണ്ട്.

നബിﷺ അദ്ദേഹത്തിന്റെ വിടവാങ്ങൽ പ്രസംഗത്തിൽ പ്രഖ്യാപിച്ചു: "സമ്പത്തിന്റെയും വർഗ പാരമ്പര്യത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ വെച്ചുപുലർത്തുന്ന എല്ലാ അനാചാരങ്ങളും ഇന്ന് എന്റെ രണ്ട് പാദങ്ങൾക്ക് താഴെ ദുർബലപ്പെട്ടിരിക്കുന്നു. നിങ്ങളെല്ലാം ആദമിൽനിന്നും ആദം മണ്ണിൽനിന്നുമാണ് ഉണ്ടായത്." ●

ടി.കെ.അശ്‌റഫ്
thorakkattilashraf@gmail.com

ലേഖനം



# വെളിച്ചം കാണിക്കലാണ് പണ്ഡിത ധർമം

മനുഷ്യരിൽ ചിന്തിക്കുന്നവർ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരിക്കും. ബുദ്ധിയുള്ളവർ അതിനെ ഒരിക്കലും അവഗണിക്കുകയില്ല. പഠിക്കാൻ ചോദിക്കുന്നവർക്ക് ഗുണകാംക്ഷയോടുകൂടി വ്യക്തമായ മറുപടി നൽകുകയാണ് ബുദ്ധിയും വിവേകവും അറിവുമുള്ള, പ്രത്യേകിച്ച് ഇസ്‌ലാമിക പ്രബോധന രംഗത്ത് കാഴ്ചപ്പാടുള്ള പണ്ഡിതന്മാർ ചെയ്യുക. ചോദ്യം ഒരു കൂട്ടായ്മയോടാകുമ്പോഴും ഉത്തരവാദപ്പെട്ടവർ ഈ നിലപാടാണ് സ്വീകരിക്കേണ്ടത്.

എന്നാൽ പരിഹസിക്കുവാനും കുതർക്കങ്ങളിൽ ഏർപെടുവാനുമാണ് ചോദ്യങ്ങൾ ചോദിക്കുന്നതെങ്കിൽ അത്തരം ആളുകളെ അവഗണിക്കാവുന്നതാണ്. 'ജാഹിലുകളിൽനിന്ന് തിരിഞ്ഞുകളയുകയും ചെയ്യുക' എന്നാണല്ലോ ക്വുർആൻ പറയുന്നത്. എന്നാൽ പരലോക രക്ഷ ആഗ്രഹിക്കുന്ന ആളുകൾക്ക് അവർ അന്വേഷിക്കുന്ന ഇസ്‌ലാമിക കാര്യങ്ങളിൽ വ്യക്തത നൽകുക എന്നത് പണ്ഡിതന്മാരുടെ ബാധ്യതയാണ്. തനിക്കറിയുന്ന ഒരു അറിവ് അത് ചോദിച്ചുവരുന്ന വ്യക്തിക്ക് പകർന്നു നൽകാതിരുന്നാൽ അത് വലിയ കുറ്റമാണ്. പണ്ഡിതന്മാർ അറിവ് മറച്ചുവെച്ചാൽ നാളെ പരലോകത്ത് അവർക്ക് വലിയ ശിക്ഷ ലഭിക്കുമെന്ന് നബിﷺ അറിയിച്ചിട്ടുണ്ട്. ഇസ്‌ലാമിമകായ ഒരു വിഷയത്തിൽ ഭിന്നമായ കാഴ്ചപ്പാടുണ്ടായാൽ അത് തീർക്കാനുള്ള അടിസ്ഥാനമായി സ്വീകരിക്കേണ്ടത് വിശുദ്ധ ക്വുർആനും നബിﷺയുടെ ചര്യയുമാണ്. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും" (4:59).

ഇവിടെ ഒരു കാര്യം പ്രധാനമായും നമ്മൾ ചിന്തിക്കേണ്ടതണ്ട്. ആദ്യം 'നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക' എന്ന് മൊത്തത്തിൽ പറയുകയും എന്തെങ്കിലും ഭിന്നതയുണ്ടായാൽ അത് തീർക്കുവാൻ അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക എന്ന് മാത്രം പറയുകയും ചെയ്തിരിക്കുന്നു. അവിടെ ഉലുൽഅംറിലേക്ക് (കൈകാര്യകർത്താക്ക്) മടക്കുക എന്ന് പറയുന്നില്ല. ഭിന്നതയുണ്ടായാൽ ക്വുർആനിലേക്കും സുന്നത്തിലേക്കുമാണ് മടക്കേണ്ടത് എന്നർഥം. സച്ചരിതരായ മുൻഗാമികൾ ക്വുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ ഒരു കാര്യം എങ്ങനെ മനസ്സിലാക്കുകയും സ്വീകരിക്കുകയും ആചരിക്കുകയും ചെയ്തുവോ അങ്ങനെ മനസ്സിലാക്കുവാനും സ്വീകരിക്കുവാനും ആചരിക്കുവാനുമാണ് നാം ശ്രമിക്കേണ്ടത്. എന്നാൽ ഈ നയം സ്വീകിക്കാൻ എല്ലാവർക്കും കഴിഞ്ഞുകൊള്ളണം എന്നില്ല. അതിന് അല്ലാഹുവിൽ ഉറച്ച് വിശ്വസിക്കുന്ന, പരലോകബോധമുള്ളവർക്കേ കഴിയൂ. 'നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ' എന്നു പറഞ്ഞത് ഇക്കാര്യം വ്യക്തമാക്കുന്നു.

ആ നിലപാടാണ് നല്ല പര്യവസാനമുണ്ടാക്കുന്നതും ഉത്തമവും. നമ്മുടെ വ്യക്തിപരമോ കുടുംബപരമോ സംഘടനാപരമോ ആയ താൽപര്യങ്ങൾക്കു വേണ്ടി ഉണ്ടാക്കിയ എന്തെങ്കിലും ഒത്തുതീർപുകളുടെ ഭാഗമായി സ്വന്തം വീ

ക്ഷണങ്ങളിലൂടെ കണ്ടെത്തിയ തീരുമാനങ്ങളിലേക്കാണ് നമ്മൾ മടങ്ങുന്നതെങ്കിൽ നമുക്ക് നല്ല പര്യവസാനമല്ല ഉണ്ടാവുക. താൽക്കാലികമായി അതിലെന്തോ ലാഭമുണ്ടെന്ന് തോന്നിയാലും അവസാന ഘട്ടത്തിൽ ദോഷമായിട്ടാണ വരിക.

കേരളത്തിൽ ഏകദേശം ഒരു നൂററാണ്ടു മുമ്പ് കടന്നുവന്ന ഒരു ആദർശ പ്രബോധന കൂട്ടായ്മയാണ് മുജാഹിദ് പ്രസ്ഥാനം. ആ പ്രസ്ഥാനത്തിനു മുമ്പിലേക്ക് അന്നത്തെ പാമരരും പണ്ഡിതരുമായ ജനങ്ങൾ ഒരുപാട് ചോദ്യങ്ങളുമായി കടന്നുവന്നു. അതിനൊക്കെ ഉത്തരം പറഞ്ഞത് 'ക്വുർആനിലും സുന്നത്തിലും ഈ വിഷയത്തിൽ എന്താണോ പറയുന്നത്, സച്ചരിതരായ മുൻഗാമികൾ എങ്ങനെയാണോ മനസ്സിലാക്കിയത്, അതാണ് ഞങ്ങളുടെ നിലപാട്' എന്നല്ല. മറിച്ച് ചോദിച്ച കാര്യത്തിൽ എന്താണോ ക്വുർആനും സുന്നത്തും പറയുന്നത് അതനുസരിച്ചുള്ള മറുപടിയാണ് കൊടുത്തത്. വാദപ്രതിവാദങ്ങളിലും ഖണ്ഡനമണ്ഡനങ്ങളിലുമൊക്കെ മുജാഹിദ് പണ്ഡിതന്മാർ ഈ നിലപാടാണ് സ്വീകരിച്ചത്. അങ്ങനെയാണ് കേരളത്തിൽ ഇന്ന് കാണുന്ന തരത്തിലുള്ള മാറ്റം ഉണ്ടായത്.

മരിച്ചുപോയവരോട് പ്രാർഥിക്കാൻ പാടുണ്ടോ എന്ന ചോദ്യം വന്നാൽ അതിന്റെ ഉത്തരം പാടില്ല; അത് ശിർക്കാണ് എന്നാണ്. ഇത് ആർജവത്തോടെ പറയാൻ സാധിക്കണം. ഇതിനു പകരം 'ക്വുർആനിലും സുന്നത്തിലും ഈ വിഷയത്തിൽ എന്താണോ പറയുന്നത്, സച്ചരിതരായ മുൻഗാമികൾ എങ്ങനെയാണോ മനസ്സിലാക്കിയത്, അതാണ് ഞങ്ങളുടെ നിലപാട്' എന്ന് മാത്രം പറഞ്ഞ് അവസാനിപ്പിച്ചാൽ ചോദ്യകർത്താവിന് എന്ത് വേണമെങ്കിലും മനസ്സിലാക്കാം. പ്രാർഥിക്കാമോ, ഇല്ലേ എന്ന് അയാൾക്ക് വ്യക്തമാകില്ല. നബിﷺയുടെ ജന്മദിനം ആഘോഷിക്കാൻ പാടുണ്ടോ എന്ന് ചോദിച്ചാൽ ഇതിനും മുൻപറഞ്ഞ മറുപടി പോരാ. പാടില്ല, അത് ആഘോഷിക്കൽ ബിദ്അത്താണ് എന്ന് വ്യക്തമാക്കിക്കൊടുക്കണം. നമസ്കാരാനന്തര കൂട്ടുപ്രാർഥന, സുബ്ഹി നമസ്കാരത്തിലെ ക്വുനൂത്ത് തുടങ്ങിയ വിഷയങ്ങളിലുള്ള ചോദ്യങ്ങൾക്കൊക്കെ കൃത്യവും വ്യക്തവുമായ മറുപടി കൊടുക്കാൻ കഴിഞ്ഞാലേ ബിദ്അത്ത് ആളുകൾ കയ്യൊഴിയുകയുള്ളൂ.

ഖബ്ർ ശിക്ഷ ഉണ്ടോ? അത് ശാരീരികമാണോ? ഈ സംശയം പലർക്കുമുണ്ടാകും. 'ഉണ്ട്, അത് ശരിക്കും അനുഭവഭേദ്യമാകും' എന്ന് പ്രമാണബദ്ധമായി പറഞ്ഞുകൊടുക്കണം. എങ്കിലേ അത് ഭയപ്പെട്ടുകൊണ്ട് കൂടുതൽ സൂക്ഷ്മത പുലർത്തി ജീവിക്കാനാവൂ.

അല്ലാതെ 'ക്വുർആനിലും സുന്നത്തിലും ഈ വിഷയത്തിൽ എന്താണോ പറയുന്നത്, സച്ചരിതരായ മുൻഗാമികൾ എങ്ങനെയാണോ മനസ്സിലാക്കിയത്, അതാണ് ഞങ്ങളുടെ നിലപാട്' എന്ന് മറുപടി കൊടുതതാൽ എന്ത് മനസ്സിലാകാനാണ്?

നബിﷺയുടെ ഇസ്റാഉം മിഅ്റാജും കേവലം സ്വപ്നമോ, അതോ ശാരീരികമോ? ഈ ചോദ്യത്തിന് സ്വപ്നമല്ല, ശാരീരികം തന്നെ എന്നല്ലേ പ്രമാണങ്ങൾ പഠിച്ചവർ മറുപടി കൊടുക്കേണ്ടത്? അത് അങ്ങനെ വിശ്വസിച്ചതുകൊണ്ടല്ലേ അബൂബക്കർ رضي الله عنهവിന് സ്വിദ്ദീക് എന്ന വിളിപ്പേരു ലഭിച്ചത്?

സംസം വെള്ളത്തിന് പ്രത്യേകതയുണ്ടോ? പുണ്യമുണ്ടോ? ഉണ്ട്! സ്വഹീഹായ ഹദീഥുകൾ ഈ വിഷയത്തിൽ വന്നിട്ടുണ്ട്.

ജിന്നിനോട് പ്രാർഥിക്കാമോ? ഇല്ല! അത് ശിർക്കാണ്.

സിഹ്റിന് യാഥാർഥ്യമുണ്ടോ? ഉണ്ട്! എന്നാൽ അത് ചെയ്യാൻ പാടില്ല. അത് മഹാപാപമാണ്. കുഫ്റാണ്.

എന്നാൽ ഇതിന്റെ പേരിൽ നടക്കുന്ന ചൂഷണങ്ങളെ ശക്തമായി എതിർക്കേണ്ടതുണ്ട്. പണിക്കന്മാർ, ജ്യോത്സ്യന്മാർ, തങ്ങന്മാർ, ബീവിമാർ... അങ്ങനെയങ്ങനെ പലരും സിഹ്ർ, അസ്മാഇന്റെ പണി, ത്വൽസമാത്ത്, ഭാവി പ്രവചനം തുടങ്ങിയ പലതും നടത്തുന്നുണ്ട്. അതൊന്നും സത്യവിശ്വാസികൾക്ക് അംഗീകരിക്കാനാവില്ല. ഇതിന്റെയൊക്കെ യാഥാർഥ്യം വ്യക്തമാക്കിക്കൊടുക്കലാണ് പണ്ഡിത ധർമം. ഇത്തരം വിഷയങ്ങളെക്കുറിച്ച് സംശയം ചോദിക്കുമ്പോൾ ഉചിതമായ ഉത്തരം കൊടുക്കാതെ 'ക്വുർആനിലും സുന്നത്തിലും ഈ വിഷയത്തിൽ എന്താണോ പറയുന്നത്, സച്ചരിതരായ മുൻഗാമികൾ എങ്ങനെയാണോ മനസ്സിലാക്കിയത്, അതാണ് ഞങ്ങളുടെ നിലപാട്' എന്ന് മാത്രം പറഞ്ഞ് അവസാനിപ്പിക്കാൻ പ്രമാണങ്ങളോട് പ്രതിബദ്ധതയുള്ളവർക്ക് കഴിയില്ല എന്നത് തീർച്ചയാണ്. അവർക്ക് ആശയക്കുഴപ്പവും അവ്യക്തതയുമുണ്ടാക്കാനേ കഴിയൂ. അത്തരം മറുപടിയിലൂടെ വിശ്വാസവും അന്ധവിശ്വാസവും സുന്നത്തും ബിദ്അത്തും വ്യവഛേദിച്ചറിയാൻ ജനങ്ങൾക്ക്കഴിയില്ല.

ചോദ്യകർത്താക്കളെ ശത്രുക്കളായി കണ്ടാൽ പ്രബോധന പ്രവർത്തനങ്ങൾ എങ്ങനെ സുഗമമായി മുന്നോട്ടു പോകും? കാര്യങ്ങൾ അന്വേഷിച്ചുവരുന്ന ആളുകളോട് 'സമൂഹത്തിൽ കുഴപ്പവും ഭിന്നതയുമുണ്ടക്കുവാനാണ് നിങ്ങളീ ചോദിക്കുന്നത്' എന്നു പറയുന്നത് നീതിയാണോ?

ചിന്തിക്കുന്നവർ ചോദിക്കാതിരിക്കില്ല. അവരെ ഭിന്നിപ്പിന്റെ ആളുകളായി കാണാതിരിക്കുക. പ്രമാണബദ്ധമായി ഉത്തരം പഠിച്ച് പറഞ്ഞുകൊടുക്കുക. എല്ലാവിധ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ സന്ധിയില്ലാ സമരം പ്രഖ്യാപിച്ചുകൊണ്ട്, വിശുദ്ധ ക്വുർആനും പ്രവാചക വചനങ്ങളും ആയുധമായി സ്വീകരിച്ചുകൊണ്ട്, പരലോകമോക്ഷം മുന്നിൽ കണ്ടുകൊണ്ട് ഗുണകാംക്ഷയോടുകൂടി പ്രബോധന രംഗത്ത് മുന്നേറുക. അല്ലാഹു അനുഗ്രഹിക്കട്ടെ. ●


അൻവർ അബൂബക്കർ
manwar78.vkd@gmail.com

ലേഖനം

# തീവ്രവാദം വെറുക്കുന്ന മതം

സമാധാനം ആഗ്രഹിക്കാത്ത മനുഷ്യരില്ല. ഓരോ വ്യക്തിയും അതിനുവേണ്ടിയുള്ള ശ്രമത്തിലാണ്. ഏകദൈവവിശ്വാസം, അതിനനുസരിച്ചുള്ള ആരാധനാകർമങ്ങൾ, സദാചാര മര്യാദകൾ, സഹിഷ്ണുത, സഹവർത്തിത്വം തുടങ്ങി ഒട്ടനവധി ഘടകങ്ങൾ സമാധാന പ്രാപ്തിക്കായി പരിഗണിക്കപ്പെടേണ്ടവയാണ്. ഇസ്‌ലാം മനുഷ്യന്റെ ഐഹിക ജീവിതത്തെയും ആത്യന്തിക ജീവിതമായ പരലോക ജീവിതത്തെയും കൃത്യമായി പഠിപ്പിക്കുന്നതിനാൽ, സമാധാനത്തെ സംബന്ധിച്ച അതിന്റെ അധ്യാപനവും ഈ രണ്ട് ജീവിതവുമായും ബന്ധപ്പെട്ടിട്ടുള്ളതാണ്. ക്വുർആൻ പ്രഖ്യാപിക്കുന്ന സന്ദേശം കാണുക: "ഹേ, മനുഷ്യരേ! തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു" (ക്വുർആൻ 49:13).

പ്രവാചക ശൃംഖലയിലെ അവസാനദൂതന്റെ നിയോഗ ദൗത്യമാണ് മുഹമ്മദ് നബിﷺ നിർവഹിച്ചത്. അവസാന ലോകാചാര്യന്റെ 'നിശ്ചയം, നിങ്ങളുടെ ദൈവം ഒന്ന്, നിങ്ങളുടെയെല്ലാം പിതാവും ഒന്നു തന്നെ. എല്ലാവരും ആദമിൽനിന്നുള്ളത്. ആദമോ മണ്ണിൽനിന്നും' എന്ന പ്രഖ്യാപനത്തോടെ, ഗോത്രമഹിമയുടെ, ജാതീയതയുടെ, വർണവെറിയുടെ, സാമ്പത്തികത്തട്ടിന്റെ ജീർണതകളിൽ നിന്ന് ആളുകൾ മുക്തരാകുകയുണ്ടായി. സാഹോദര്യം തിരിച്ചറിഞ്ഞ് അതിനെ പുൽകുകയും അതിന് അവസരം നൽകിയ സ്രഷ്ടാവിനെ മാത്രം വണങ്ങുകയും ചെയ്യുന്ന അവസ്ഥ സംജാതമായി. ഇപ്രകാരം സ്വന്തം ജീവിതത്തെ തന്റെ സ്രഷ്ടാവിന് സമർപ്പിച്ചവനെയാണ് അറബിയിൽ 'മുസ്‌ലിം' എന്ന് വിളിക്കുന്നത്. അല്ലാഹുവിനുള്ള സമ്പൂർണ സമർപ്പണമാണ് ഇസ്‌ലാം; അതുവഴിമാത്രമാണ് മനുഷ്യർക്ക് ശാശ്വത സമാധാനം കരഗതമാകുന്നത്.






അല്ലാഹുവിനുള്ള സമർപ്പണം എങ്ങനെ, ഏതെല്ലാം രീതിയിലായിരിക്കണം എന്ന് നിശ്ചയിക്കുന്നത് നമ്മെയും നമുക്ക് മുമ്പുള്ളവരെയും സൃഷ്ടിച്ച ആ ഏകനാണ്. ഇത്തരം നിർദേശങ്ങൾ നമുക്ക് ലഭിക്കുന്നതാകട്ടെ അല്ലാഹു മനുഷ്യരിൽനിന്നും തെരഞ്ഞെടുത്ത ദൂതൻമാരിലൂടെയാണ്. അതിൽ അവസാനത്തെ ദൂതനായ മുഹമ്മദ് നബിﷺയിലൂടെ അവതരിച്ച പരിശുദ്ധ ക്വുർആനും അദ്ദേഹത്തിന്റെ അതുല്യമായ ജീവിതവുമാകുന്നു മനുഷ്യരാശിക്ക് സ്രഷ്ടാവിലേക്ക് എത്താനുള്ള ഏക സ്രോതസ്സ്. അത് പൂർണമായും സ്രഷ്ടാവിൽ നിന്നുള്ള സുവ്യക്തമായ മാർഗദർശനമാണ്.

ആയതിനാൽ, തികച്ചും ചൊവ്വായതിലേക്ക് മനുഷ്യഹൃദയങ്ങളെ നയിക്കും എന്ന് അവകാശപ്പെടുന്ന ഇസ്‌ലാം എങ്ങനെയാണ് തീവ്രവാദം എന്ന വിഷയത്തെ വീക്ഷിക്കുന്നത് എന്നത് ചിന്തനീയമായ കാര്യമാണ്. പ്രഥമമായി അല്ലാഹുവിന്റെ വചനങ്ങളായ ക്വുർആൻ മനസ്സിലാക്കാൻ നാം ആശ്രയിക്കേണ്ടത് മുഹമ്മദ് നബിﷺയെ ആയിരിക്കണം. ഈ ഗ്രന്ഥം നമ്മിലേക്ക് എത്തിച്ചുതരാൻ അല്ലാഹു തിരഞ്ഞെടുത്ത ദൂതനാണല്ലോ അദ്ദേഹം. അതിലെ നിർദേശങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കേണ്ട ഉത്തരവാദിത്തം അല്ലാഹു ഏൽപിച്ചിട്ടുള്ളത് അദ്ദേഹത്തെയാണ്. "നിനക്ക് നാം ഉത്ബോധനം അവതരിപ്പിച്ച് തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ച് കൊടുക്കുവാൻ വേണ്ടിയും അവർ ചിന്തിക്കാൻ വേണ്ടിയും" (ക്വുർആൻ 16:44).

അല്ലാഹുവിന്റെ അനുഗ്രഹമായ ഈ സത്യസന്ദേശം വന്നെത്തിയതിന് ശേഷം മനസ്സുകളിൽ വക്രതയുള്ളവർ ക്വുർആനിലെ ആശയത്തിൽ സാദൃശ്യമുള്ള വചനങ്ങളെടുത്ത് മനുഷ്യർക്കിടയിൽ കുഴപ്പങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുണ്ട്. ഇക്കാര്യം ക്വുർആൻ തന്നെ വ്യക്തമാക്കുന്നത് കാണുക: "...എന്നാൽ മനസ്സുകളിൽ വക്രതയുള്ളവർ കുഴപ്പമുണ്ടാക്കാൻ ഉദ്ദേശിച്ചുകൊണ്ട് ആശയത്തിൽ സാദൃശ്യമുള്ള വചനങ്ങളെ പിന്തുടരുന്നു" (ക്വുർആൻ 3:7). അല്ലാഹു സൂചിപ്പിച്ച, കുഴപ്പക്കാരിൽ ചെന്നകപ്പെടാതിരിക്കാൻ നബിﷺ വിശദീകരിച്ച മാർഗങ്ങളാണ് ഒരു വിശ്വാസി പിന്തുടരേണ്ടത്.

ജീവിതത്തിൽ ഒരിക്കൽ പോലും കളവ് പറയാതിരുന്ന ആ തിരുദൂതർ മനുഷ്യസമുദായത്തോട് ആവർത്തിച്ചുപറഞ്ഞ അധ്യാപനങ്ങളിലൊന്നാണ് നാം ആദമിന്റെ സന്തതികളാണെ വസ്തുത. ആയതുകൊണ്ട് എല്ലാവരും പരസ്പരം സഹോദരങ്ങളും മൈത്രിബന്ധങ്ങൾ കാത്ത്സൂക്ഷിക്കേണ്ടവരുമാണ്. ക്വുർആൻ മനുഷ്യമനസ്സുകളെ ഉണർത്തുന്നു: "ഹേ മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽനിന്നും ഒരു പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു"(ക്വുർആൻ 49:13)

അല്ലാഹുവിന്റെ അടുക്കൽ ആദരിക്കപ്പെടുന്നവൻ സ്രഷ്ടാവിന്റെ വിധിവിലക്കുകൾ കർക്കശമായി പാലിച്ച് ഭയഭക്തിയോടെ കഴിയുന്നവനാകുന്നു. അല്ലാഹു പരിഗണിക്കുന്നത് അവന്റെ അടിമയുടെ സൂക്ഷ്മതയോടെയുള്ള ജീവിതമാണ്. മനുഷ്യൻ നേടിയെടുക്കുന്നഭൗതിക സൗകര്യങ്ങള മനുഷ്യരെ ഉത്കൃഷ്ടരും നികൃഷ്ടരുമാക്കുന്നത്. മുഹമ്മദ് നബിﷺയുടെ വിശ്വവിശ്രുതമായ അന്തിമപ്രസംഗത്തിൽ അദ്ദേഹം ഉണർത്തി: "...മനുഷ്യരേ, നിങ്ങളുടെയെല്ലാം ദൈവം ഒന്ന്. നിങ്ങളുടെ പിതാവും ഒരാൾ തന്നെ. നിങ്ങളെല്ലാം ആദമിൽ നിന്ന്. ആദമോ മണ്ണിൽനിന്ന്. കൂടുതൽ ദൈവഭക്തിയുള്ളവരാണ് അല്ലാഹുവിന്റെയടുക്കൽ ശ്രേഷ്ഠൻ. അറബിക്ക് അനറബിയെക്കാളോ അനറബിക്ക് അറബിയെക്കാളോ ഭയഭക്തികൊണ്ടല്ലാതെ യാതൊരു മഹത്വവുമില്ല..."

മനുഷ്യന്റെ ആത്യന്തികലക്ഷ്യം എന്താ

ണെന്ന് തിരിച്ചറിഞ്ഞവനിലാണ് മേൽപറഞ്ഞ സൂക്ഷ്മതയും ഭയഭക്തിയുമെല്ലാം പ്രകടമാകുക. ഈ തിരിച്ചറിവ് മരണാനന്തരമുള്ള പരലോക വിജയവുമായി ബന്ധപ്പെട്ടതാണ്. അത് ബോധ്യപ്പെട്ട ഒരാൾ പിന്നീട് തന്റെ പ്രവൃത്തികൾ മുഴുവനും അല്ലാഹുവിന്റെ കൽപനകൾക്ക് വിധേയമായാണോ എന്ന് സ്വയം പരിശോധിച്ചു കൊണ്ടിരിക്കും. അതോടൊപ്പം ഇരുലോകത്തിലും സുരക്ഷിതത്വം ലഭിക്കാൻ നിമിത്തമായ ഈയൊരു ആദർശം സഹജീവികളുമായി പങ്കുവെക്കുകയും അതിലേക്ക് ക്ഷണിക്കുകയും ചെയ്യും. ഈ വിധത്തിൽ പ്രവർത്തിക്കാൻ ലോകരക്ഷിതാവിന്റെ ആജ്ഞയുള്ളതിനാൽ കൂടിയാണത്. (ക്വുർആൻ 16:125 കാണുക).

ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായ, ജീവിതഗന്ധിയായ ഒരു സംസ്കാരം ലോകത്തെ പഠിപ്പിച്ച പാരമ്പര്യമാണ് ഇസ്‌ലാമിനുള്ളത്. ഈയൊരു മതത്തെ കളങ്കപ്പെടുത്താൻ ഇസ്‌ലാമിന്റെ ശത്രുക്കൾ സാർവത്രികമായി ശ്രമിച്ചിട്ടുണ്ട്; അതിന്റെ ഭാഗമായി നിർമിച്ചെടുത്ത അപകീർത്തികൾ ധാരാളമാണ്. മനുഷ്യന്റെ ജീവിതം ദൈവിക വെളിപാടുകൾക്കനുസൃതമാകണം; അതല്ലെങ്കിൽ വിദൂരമല്ലാത്ത ന്യായവിധി ദിവസത്തിൽനരകയാതനകൾ അനുഭവിക്കേണ്ട അവസ്ഥയിൽ

സത്യത്തെ നിരാകരിക്കുന്നവർ അകപ്പെടും. ഇക്കാര്യം ഗുണകാംക്ഷയോടെ പ്രബോധനം ചെയ്യുന്ന സത്യവിശ്വാസികൾക്കെതിരിൽ അത് ഇഷ്ടപ്പെടാത്ത ബഹുദൈവാരാധകരും ദൈവനിഷേധികളും എന്നും ഒരുമിച്ച് അണിനിരന്നിട്ടുണ്ട്. ഇവിടെയൊന്നും തളരാതെ തന്റെ ഉത്തരവാദിത്തങ്ങളുമായി മുന്നോട്ട് പോകുക എന്നതാണ് ദൈവഭക്തിയുള്ള വിശ്വാസിയെടുക്കുന്ന നിലപാട്. മാത്രമല്ല, ഏതൊരു സാഹചര്യത്തിലും ഇസ്‌ലാമിക ആദർശത്തിലേക്ക് ബലാൽകാരമായി ആരെയും കൊണ്ടുവരാൻ അശേഷം പരിശ്രമിക്കാവുന്നതല്ല എന്ന കാര്യത്തിൽ അവബോധമുള്ളവനും കൂടിയാണ് ഒരു സത്യവിശ്വാസി. ക്വുർആൻ അതിന് പറയുന്ന കാരണം യുക്തിയുക്തമാണ്. "മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സന്മാർഗം ദുർമാർഗത്തിൽ നിന്ന് വ്യക്തമായി വേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു" (ക്വുർആൻ 2:256). അതായത്, ഇസ്‌ലാംമതത്തിൽ പ്രവേശിക്കാൻ ഒരു മുസ്‌ലിമിന് ആരെയും നിർബന്ധിക്കേണ്ടതില്ല. കാരണം, അതിന്റെ ലക്ഷ്യങ്ങളും

**തീവ്രവാദത്തിന്റെ ഒരംശംപോലും ഇസ്‌ലാം അതിനോട് അടുപ്പിക്കുന്നില്ല. എന്നിട്ടും ഇസ്‌ലാം തീവ്രവാദം പ്രചരിപ്പിക്കുന്ന മതമാണെന്നും മുസ്‌ലിംകൾ തീവ്രവാദികളാണെന്നും ഒരു കൂട്ടർ മുദ്രവെക്കുകയാണ്. ഇങ്ങനെയുള്ളവർ വളർത്തുന്ന തെറ്റിദ്ധാരണകൾ തിരുത്തിക്കൊടുക്കേണ്ട ബാധ്യത ഓരോ മുസ്‌ലിമിനുമുണ്ട്. സ്വധർമം അറിഞ്ഞ് പ്രവർത്തിക്കേണ്ട മുസ്‌ലിം, ക്വുർആനും പ്രവാചകചര്യയും വരച്ചുകാണിക്കുന്ന നിലപാടുകളിൽ നിന്ന് പുറത്തുകടക്കാൻ പാടുള്ളതല്ല.**

തെളിവുകളും മനുഷ്യധിഷണയെ തൊട്ടുണർത്തുംവിധം അത്യന്തം വ്യക്തമാണ്.

ബഹുസ്വര സമൂഹത്തിൽ ജീവിക്കുന്ന ഒരു മുസ്‌ലിം ബഹുദൈവാരാധകർ വിളിച്ചു പ്രാർഥിക്കുന്നവരെ പ്രഹരിക്കുന്നവരും പരിഹസിക്കുന്നവരുമാകരുത്. വിഗ്രഹങ്ങൾ, മനുഷ്യദൈവങ്ങൾ, ക്വബ്‌റുകൾ തുടങ്ങിയവയെ ആരാധിക്കുന്ന അജ്ഞരായ ജനങ്ങൾക്ക് അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന തിന്മയെ മനസ്സിലാക്കി കൊടുക്കുതിലപ്പുറം അവരുടെ ആരാധ്യൻമാരെ ശകാരിക്കുന്ന പ്രവണത ഉണ്ടായിക്കൂടെന്ന് ക്വുർആൻ അനുശാസിക്കുന്നു. മനുഷ്യഹൃദയങ്ങളെ സൃഷ്ടിച്ച അല്ലാഹു തന്നെ അതിന്റെ കാരണവും വ്യക്തമാക്കുണ്ട്"അല്ലാഹുവിന് പുറമെ അവർ വിളിച്ചു പ്രാർഥിക്കുന്നവരെ നിങ്ങൾ ശകാരിക്കരുത്. അവർ വിവരമില്ലാതെ അതിക്രമമായി അല്ലാഹുവെ ശകാരിക്കാൻ അത് കാരണമായേക്കും" (ക്വുർആൻ 6:108).

തീവ്രവാദത്തിന്റെ ഒരംശംപോലും ഇസ്‌ലാം അതിനോട് അടുപ്പിക്കുന്നില്ല. എന്നിട്ടും ഇസ്‌ലാം തീവ്രവാദം പ്രചരിപ്പിക്കുന്ന മതമാണെന്നും മുസ്‌ലിംകൾ തീവ്രവാദികളാണെന്നും ഒരു കൂട്ടർ മുദ്രവെക്കുകയാണ്. ഇങ്ങനെയുള്ളവർ വളർത്തുന്ന തെറ്റിദ്ധാരണകൾ തിരുത്തിക്കൊടുക്കേണ്ട ബാധ്യത ഓരോ മുസ്‌ലിമിനുമുണ്ട്. സ്വധർമം അറിഞ്ഞ് പ്രവർത്തിക്കേണ്ടമുസ്‌ലിം, ക്വുർആനും പ്രവാചകചര്യയും വരച്ചുകാണിക്കുന്ന നിലപാടുകളിൽ നിന്ന് പുറത്തുകടക്കാൻ പാടുള്ളതല്ല. ഈ അധ്യാപനങ്ങളെല്ലാം നിരന്തരമായി ഇസ്‌ലാമിക പണ്ഡിതൻമാർ ഓർമപ്പെടുത്തുന്നതാണ്. സർവോപരി, ബോധപൂർവമോ അല്ലാതെയോ സംഭവിക്കുന്ന അവിവേകങ്ങളും വൈകാരിക പ്രവർത്തനങ്ങളും സ്വർഗം ലഭിക്കുന്നതിന് വിഘാതമായി നിൽക്കുമോ എന്ന ചിന്ത മുസ്‌ലിം മനസ്സുകളിൽ നട്ടുവളർത്തുന്നതിൽ സമകാലിക സലഫി പണ്ഡിതൻമാർ കൂടുതൽ ശ്രദ്ധ ചെലുത്തുന്നുണ്ട്. ക്വുർആൻ പരിചയപ്പെടുത്തിയിട്ടുള്ള ഉത്തമരിലും മധ്യമ നിലപാടുകാരിലും നിലനിർത്താൻ ഇത്തരം അധ്യാപനങ്ങൾ കൂടിയേ തീരൂ. തീർച്ചയായും ഈ ബോധനരീതി നന്മയേ വരുത്തൂ. കാരണം അത് പ്രവാചകനുൾപ്പെടെയുള്ള പൂർവികരുടെ (സലഫുകളുടെ) നിലപാടാണ്. ●

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

കാഴ്ച

# മുതിർന്ന കുട്ടികൾ

ഓഫീസറായ പിതാവ് വീട്ടിലെത്തിയപ്പോൾ നാടുവിട്ട് പോകാൻ തയ്യാറായി നിൽക്കുന്ന മകനെയാണുകണ്ടത്. മാതാവുമായുള്ള അസ്വാരസ്യമാണ് ഹേതു. ഒത്തുതീർപിന് താതൻ പദ്ധതികൾ ആരാഞ്ഞു. എന്നാൽ മകൻ അയയുന്ന മട്ടില്ല. മോൻ നിസ്സാരക്കാരനല്ല! രണ്ടാം ക്ലാസ്സിൽ പഠിക്കുന്നവനാണേ! ആദ്യ ഘട്ടത്തിൽ വിജയിച്ചില്ലെങ്കിലും അയാൾ അനുനയ പരിപാടി നിർത്തിവെച്ചില്ല. മാതാവിനെ വിളിച്ച് ചോദ്യം ചെയ്തു. അധ്യാപികയായ മാതാവ് മകനിൽനിന്നും ടെലിവിഷൻ റിമോട്ട് വാങ്ങിയതായിരുന്നു ഗൗരവപരമായ കാര്യ കാരണം!

ഇരു കക്ഷികളെയും ഒന്നിച്ചിരുത്തി, 'മുതിർന്ന സ്കൂൾ വിദ്യാർഥി'യുടെ മുമ്പിൽ ടീച്ചറും ഓഫീസറും വിട്ടുവീഴ്ച ചെയ്ത് തൽക്കാലം നാടുവിടൽ പദ്ധതി ഒരുവിധേന ഒഴിവാക്കി തടിയൂരി!

മറ്റൊരു സീനിയർ ഓഫീസർ മുമ്പ് പറഞ്ഞ കാര്യം ഓർമ വരുന്നു. ഡിഗ്രിക്ക് പഠിക്കുന്ന മോളെ എന്തോ കാര്യത്തിനു വേണ്ടി ഗുണദോഷിക്കേണ്ടി വന്നു. കേൾക്കേണ്ട താമസം അവൾ കരഞ്ഞ് നിലവിളിച്ച് മുറിക്കകത്ത് കയറി വാതിൽ അകത്തുനിന്ന് തഴുതിട്ടു. കുറേ നേരം കഴിഞ്ഞിട്ടും മകളെ പുറത്ത് കാണാത്ത അമ്മ വാതിലിൽ മുട്ടി വിളിച്ചു. ഒരനക്കവും അകത്ത് നിന്ന് കേട്ടില്ല. അങ്കലാപ്പായി, വിഷമമായി... അമ്മയുടെ തേങ്ങൽ കരച്ചിലായി നിലവിളിയിലേക്ക് വളർന്നു. വീട്ടിലെ മറ്റംഗങ്ങളും ചേർന്ന് വിളിച്ചിട്ടും അലമുറയിട്ട് ആർത്തുകരഞ്ഞിട്ടും അകത്തുനിന്ന് ഒരു മിണ്ടാട്ടമോ ആളനക്കമോ ഇല്ല. കൂട്ടക്കരച്ചിലിനൊടുവിൽ വാതിൽ ചവിട്ടിപ്പൊളിക്കാനൊരുങ്ങവെ മകൾ വാതിൽ തുറന്ന് പുറത്തിറങ്ങി. എന്താണ് ഉരിയാടേണ്ടതെന്നോ ചെയ്യേണ്ടതെന്നോ അറിയാതെ കുടുംബമൊന്നാകെ വിറങ്ങലിച്ച് നിന്നു. കരച്ചിലോ ചിരിയോ, സന്തോഷമോ സന്താപമോ എന്ന് പറഞ്ഞറിയിക്കാനാവാത്ത ചില സ്നേഹ പ്രകടനങ്ങൾ അവിടെ അന്നേരം അരങ്ങേറി. പിതാവ് സ്വന്തം മോളുടെ കാലുപിടിക്കുന്ന പോൽ മാപ്പിരന്നു.

ഇനി മക്കൾ എന്ത് തോന്നിവാസം പറഞ്ഞാലും കാണിച്ചാലും താൻ കമാന്നൊരക്ഷരം മിണ്ടില്ലെന്ന് പറഞ്ഞ ഓഫീസറുടെ ദൈന്യത എന്റെ മനസ്സിലിപ്പോഴുമുണ്ട്.

എന്താണ് നമ്മുടെ മക്കൾക്ക് പറ്റിയത്? മുമ്പ് കൂട്ടുകുടുംബത്തിൽ വല്യുമ്മയുടെയും വല്യുപ്പയുടെയും സ്നേഹത്തണലിൽ ജ്യേഷ്ഠാനുജന്മാരുടെ കുട്ടിപ്പട്ടാളത്തിന്റെ കൂട്ടിൽ കൊണ്ടും കൊടുത്തും തല്ലിയും തല്ല് വാങ്ങിയും നമ്മൾ നേടിയ ആത്മ ധൈര്യം മക്കൾക്ക് കിട്ടാതെ പോയതാണോ, അതോ അണുകുടുംബത്തിൽ ഒതുങ്ങിക്കൂടി ആത്മധൈര്യം എന്നൊന്ന് ഉള്ളതായി അറിയാതെ പോയതോ? പുറം കാഴ്ചകൾ കാണാതിരിക്കാൻ, അയൽക്കാരന്റെ നോട്ടമെത്താതിരിക്കാൻ നമ്മൾ തീർത്ത ഉയരം കൂടിയ മതിൽക്കെട്ടിനുള്ളിലെ ജയിൽ ജീവിതം അവർ ഇഷ്ടപ്പെട്ടു തുടങ്ങി എന്നതാവുമോ, അതോ വീഡിയൊ ഗെയിമിനും ഫെയ്സ്ബുക്കിനും വാട്സ് ആപിനും ട്വിറ്ററിനും ചാറ്റിങ്ങിനുമപ്പുറത്ത് 'ജീവനുള്ള' ഒരു ജീവിതം ഉണ്ടെന്ന് അറിയാതെ പോയതോ?!

വേണ്ടതെല്ലാം നിമിഷങ്ങൾ കൊണ്ട് നമ്മളിൽ നിന്ന് നേടാം എന്ന് അവർ മനസ്സിലാക്കിയതോ? മെസ്സേജ് ഷെയറിങ്ങിനും ട്രോളിനും മിനിക്കഥകൾക്കും സിനിമക്കും സീരിയലിനുമപ്പുറത്ത് ഒരു ലോകമുണ്ടെന്ന് അറിയാതെ പോയതോ? ഈ ജീവിതത്തിനപ്പുറത്ത് ശാശ്വത ജീവിതം കാത്തു കാത്തിരിപ്പുണ്ടെന്നത് കെട്ടുകഥയാണെന്ന് കരുതുന്നതിനാലോ?

എന്താണ് കാരണമെന്നും പ്രതിവിധി എന്താണെന്നും നമ്മൾ ആഴത്തിൽ, ഉണർന്ന് ചിന്തിക്കേണ്ടിയിരിക്കുവെന്നതാണ് ഇതെല്ലാം നമ്മെ ഓർമപ്പെടുത്തേണ്ടത്, അലട്ടേണ്ടതും.

"ഐഹികജീവിതമെന്നത് കളിയും വിനോദവുമല്ലാതെ മറ്റൊന്നുമല്ല. പാരത്രിക ലോകമാണ് സൂക്ഷ്മത പാലിക്കുന്നവർക്ക് ഉത്തമമായിട്ടുള്ളത്. നിങ്ങളെന്താണ് ചിന്തിക്കാത്തത്?"(ക്വുർആൻ 6:32).

"അപ്പോൾ നാം നിങ്ങളെ വൃഥാ സൃഷ്ടിച്ചതാണെന്നും, നമ്മുടെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയില്ലെന്നും നിങ്ങൾ കണക്കാക്കിയിരിക്കുകയാണോ?" (ക്വുർആൻ23:115).

അഷ്‌റഫ് എകരൂൽ
ashrafekarul@gmail.com

ഭാഗം 2

# എങ്ങനെ നല്ല രക്ഷിതാവാകാം?

പ്രപഞ്ചനാഥന്റെ കൽപനകൾക്കനുസരിച്ച് ജീവിക്കാൻ കഴിയുകയും അങ്ങനെ മരണാനന്തര ജീവിതത്തിൽ സ്വർഗലബ്ധിക്ക് പ്രാപ്തി നേടുകയും ചെയ്യുന്ന ഒരു മനുഷ്യനെ രൂപപ്പെടുത്തുന്ന പ്രക്രിയയാണ് ഇസ്‌ലാമിക് പാരന്റിംഗ്. അത് ലക്ഷ്യം വെക്കുന്ന രക്ഷിതാക്കൾ അനിവാര്യമായും സ്വാംശീകരിച്ച് നിലനർത്തേണ്ട ഒട്ടനവധി ചേരുവകളും ഗുണ മേൻമകളും നബിﷺയുടെ അധ്യാപനങ്ങളിലുണ്ട്.

മക്കൾ വളരുന്നു. പക്ഷേ, വഴങ്ങുന്നില്ല, വളയുന്നില്ല തുടങ്ങിയ ആവലാതികൾ പറഞ്ഞുകൊണ്ടിരിക്കുന്ന രക്ഷിതാക്കൾക്കും അധ്യാപകർക്കും ഇതിൽ ചില വിഭവങ്ങളുണ്ട്. ഏതൊരു മുസ്‌ലിമിനും പൊതുവായുണ്ടാകേണ്ടതാണ് ഈ ഗുണങ്ങളെല്ലാമെങ്കിലും മാതാപിതാക്കൾക്ക് അത് ഒഴിച്ചുകൂടാൻ പറ്റാത്ത ഘടകങ്ങളാണ്. കാരണം, മക്കൾ മാതാപിതാക്കളെ നോക്കുകയും വിലയിരുത്തുകയുമല്ല; മറിച്ച്, അവർ മാതാപിതാക്കളെ കാണുകയും പകർത്തുകയുമാണ് ചെയ്യുന്നത്. അതിനാൽ നമുക്ക് ആർജിക്കാൻ കഴിയുന്ന, പകർത്താൻ പ്രയാസമില്ലാത്ത ചില ഗുണങ്ങൾ മനസ്സിലാക്കാം:

1. സഹനവും അവധാനതയും: പാരന്റിംഗ് ഒരു ചെറിയ കാലയളവിനുള്ളിൽ ചെയ്ത് തീർക്കാവുന്ന ദൗത്യമല്ലെന്ന് നമുക്കറിയാം. പതിനെട്ട് വർഷമോ അതിലധികമോ നീളുന്ന ഒരു പ്രക്രിയയാണത്. ഒട്ടനവധി സാഹചര്യങ്ങളിലൂടെയും തീരുമാനങ്ങളിലൂടെയും കടന്നുപോകാൻ നിർബന്ധിതരാണ് രക്ഷിതാക്കൾ. അവിടെ നമ്മെ വഴിനടത്തുന്ന ഒരു ഗുണമാണ് സഹനവും അവധാനതയും. ഒരിക്കൽ നബിﷺയുടെ അനുചരനായ അസദ് അബ്ദുൽ ഖൈസിനെ കണ്ടപ്പോൾ നബിﷺ പറഞ്ഞു: താങ്കളിൽ രണ്ട് കാര്യങ്ങളുണ്ട്. അവ രണ്ടും അല്ലാഹുവിന് ഇഷ്ടമാണ്. അത് സഹനവും അവധാനതയുമാണ്."

കാര്യങ്ങളെ അവധാനതയോടെ വിലയിരുത്തുകയും പെട്ടെന്ന് തീരുമാനമെടുക്കാതെ സാവധാനം ക്ഷമയോടെ പ്രതികരിക്കുകയും ചെയ്യാൻ സാധിക്കുന്ന ഒരു ശൈലിയാണ് നാം പതിവാക്കേണ്ടത്. അപ്പോഴാണ് സത്യത്തിൽ ഒരു രക്ഷിതാവിനെ അല്ലെങ്കിൽ അധ്യാപകനെ കുട്ടികൾക്ക് അനുഭവിക്കാൻ കഴിയുന്നത്. കുടുംബത്തോട് നമസ്‌കാരം കൽപിക്കാനും അതിൽ ക്ഷമയോടെ ഉറച്ച് നിൽക്കാനും നബിയോട് കൽപിക്കുന്ന അൽബഖറയിലെ 132-ാം വചനത്തിന്റെ പദപരമായ ശൈലി പഠനാർഹമാണ്. അതിന്റെ പ്രായോഗിക രീതിശാസ്ത്രം നബിﷺയുടെ കുടുംബ ജീവിതത്തിൽ നിന്ന് നമുക്ക് പെറുക്കിയടുക്കാൻ സാധിക്കും.

2. ദയയും ദാക്ഷിണ്യവും നിലനിർത്തുകയും പാരുഷ്യവും ക്രൂരതയും വെടിയുകയും ചെയ്യുക: പാരന്റിംഗിന്റെ വിജയത്തിൽ ഒഴിച്ച് കൂടാൻ പറ്റാത്ത ഒരു ഗുണമാണ് ദയ. രക്ഷിതാക്കളുടെയും അധ്യാപകരുടെയും ഭാഗത്തുനിന്ന് ലഭിക്കേണ്ടിയിരുന്ന ദയാ ദാക്ഷിണ്യത്തിന്റെ അഭാവമാണ് പല മനുഷ്യരുടെയും വൈകൃത വ്യക്തിത്വ നിർമിതിക്ക് നിമിത്തമാകാറുള്ളത്. നമ്മുടെ നാശം ആഗ്രഹിച്ച് നമ്മോട് ഇടപെടുന്നവന്റെ ദുരുദ്ദേശം മനസ്സിലായാൽ പോലും ദയാപൂർണമായ പ്രതികരണമാണ് വേണ്ടതെന്ന് നബിﷺ പറയാറുണ്ടെന്ന് ആഇശ ഉദ്ധരിക്കുന്നുണ്ട്. ഒരിക്കൽ ഒരു ജൂതൻ (അവർ പതിവാക്കിയ പോലെ) ദുരുദ്ദേശ്യത്തോടെ നബിﷺക്കും ഭാര്യ ആഇശക്കും അഭിവാദ്യമർപിച്ചുകൊണ്ട്, ഇസ്‌ലാമിലെ അഭിവാദ്യ വാക്കിനോട് (അസ്സലാമുഅലൈക്കും) വളരെ സാമ്യമുള്ളതും എന്നാൽ നിങ്ങൾക്ക് നാശമുണ്ടാകട്ടെ എന്ന അർഥമുള്ള 'അസ്സാം അലൈക്കും' എന്ന് പറയുകയും ആഇശ അത് മനസ്സിലാക്കി താങ്കൾക്കും അങ്ങനെത്തന്നെ നാശവും കൂടാതെ ശാപവും ഉണ്ടാകട്ടെ എന്നർഥം വരുന്ന പദങ്ങളിൽ പ്രതിവചിച്ചപ്പോൾ നബിﷺ പറഞ്ഞു: 'ആഇശാ! അല്ലാഹു ദയാപരനാണ്. അവർ ദയ ഇഷ്ടപ്പെടുന്നു. പരുഷ സ്വഭാവം കൊണ്ട് നേടാൻ കഴിയാത്തതൊക്കെ ദയകൊണ്ട് നേടാം. പലത് കൊണ്ടും ലഭിക്കാത്തത് ദയകൊണ്ട് ലഭിക്കും" (മുസ്‌ലിം).

മറ്റൊരു വചനത്തിൽ നബിﷺ പറഞ്ഞതായി ആഇശ ഉദ്ധരിക്കുന്നു: 'അല്ലാഹു ദയാലുവാണ്. എല്ലാ കാര്യത്തിലും അല്ലാഹു ദയ ഇഷ്ടപ്പെടുന്നു' (ബുഖാരി, മുസ്‌ലിലം). കൂടാതെ നബിﷺ പഠിപ്പിച്ചു: 'ഏതൊരു കാര്യത്തിൽ ദയ ഉൾക്കൊള്ളുന്നുവോ അത് അതിനെ ഭംഗിയാക്കാതിരിക്കില്ല. ഏതൊരു കാര്യവും ദയാമുക്തമാകുന്നോ അത് വികൃതമാവാതിരിക്കില്ല' (മുസ്‌ലിം).

നമ്മുടെ വ്യക്തിത്വത്തിന് മാറ്റ് കുറയുമെന്ന് ഭയന്ന് നാം മറ്റുള്ളവരോട് ദയ കാണിക്കാറുണ്ട്. എന്നാൽ സ്വന്തം മക്കളോടും വീട്ടുകാരോടും ദയകാണിക്കാൻ മനസ്സ് കാണിക്കാറില്ല.

പ്രഭാതത്തിൽ മക്കളെ വിളിച്ചുണർത്തുന്ന രംഗം എടുത്തു നോക്കാം. ഒച്ച വെച്ചും കുരച്ച് ചാടിയും ഭീഷണി മുഴക്കിയുമാണ് മക്കളെ നാം ഉണർത്താൻ ശ്രമിക്കാറുള്ളത്. എന്നാൽ അവരുടെ അടുത്ത് ചെന്ന് തട്ടി വിളിച്ചും സലാം പറഞ്ഞും പറ്റുമെങ്കിൽ അവരുടെ അടുത്ത് രണ്ട് മിനുട്ട് അവരെ കെട്ടിപ്പിടിച്ച് കിടന്നും എഴുന്നേൽക്കുമ്പോഴുള്ള പ്രാർഥന ഉറക്കെ ചൊല്ലിക്കൊടുത്തും വിളിക്കുന്ന രീതിയിലേക്ക് ഉമ്മയോ ഉപ്പയോ ശൈലി മാറ്റി നോക്കൂ. ശബ്ദ വിസ്‌ഫോടനങ്ങളില്ലാതെ ലക്ഷ്യം നേടുന്നത് കാണാം. കാരണം മറ്റൊന്നുമല്ല; മാതാപിതാക്കളുടെ സ്പർശനമേറ്റ് കിടന്നുറങ്ങാനുള്ള അവരുടെ മോഹത്തിന് രണ്ട് മിനുട്ടിലൂടെയെങ്കിലും ശമനം നൽകിയ നിങ്ങളുടെ ആവശ്യത്തിന് മുമ്പിൽ അവന്റെ/ അവളുടെ ഉറക്കച്ചടവ് അടിയറ വെക്കാൻ അവന്/ അവൾക്ക് മടിയില്ലാതെ വരുന്നുവെന്നതാണ് സത്യം. ●

അബൂമിസ്‌യാൽ
mail@nerpatham.com

ലേഖനം

# എല്ലാവർക്കും വേണം താടി!



തനിക്കിഷ്ടമില്ലാത്ത ആരെയും എന്തിനെയും തന്റെ തൂലികകൊണ്ട് തകർക്കാൻ അസാമാന്യമായ കഴിവു തനിക്കുണ്ടെന്ന് നിരവധി തവണ തെളിയിച്ച വ്യക്തിയാണ് ഒ.അബ്ദുല്ല സാഹിബ്. അങ്ങനെ തകർത്തു തരിപ്പണമാക്കാൻ ശ്രമിക്കുന്ന കൂട്ടത്തിൽ ചിലപ്പോൾ ഇസ്‌ലാമും ഉണ്ടാവാറുണ്ട് എന്നതും ഒരു സത്യമാണ്. തന്റെ അനുവാചകരുടെയും താൻ മുഖം കാണിക്കുന്ന ചാനൽ മുതലാളിമാരുടെയും താൽപര്യമനുസരിച്ച് ആദർശ മറിമായങ്ങൾ നടത്താനും അദ്ദേഹത്തിന് യാതൊരു വൈമനസ്യവും ഉണ്ടാവാറില്ല.

ഇപ്പോൾ, ഇതിവിടെ ഓർക്കാൻ കാരണം, ഈയിടെ ഒരു ദിനപ്പത്രത്തിൽ അദ്ദേഹത്തിന്റെ ഒരു ലേഖനം കണ്ടതാണ്. താൻ നടത്തിയ ഒരു ഖുതുബയുടെ ചരിത്രം പറഞ്ഞ് ലേഖനം തുടങ്ങിയ അദ്ദേഹം പിന്നെ താടിയെ കയറിപ്പിടിക്കുകയാണ് ചെയ്യുന്നത്. അതിനു പ്രത്യേകിച്ച് കാരണമെന്നുമില്ല. ഖുതുബ നടത്തിയ 'സലഫി' പള്ളിയുടെ സെക്രട്ടറിക്ക് താടിയില്ല! അപ്പോൾ പിന്നെ കിടക്കട്ടെ താടിക്കിട്ട് രണ്ട് തൊഴി! വല്ലാത്തൊരു അവസ്ഥ തന്നെ!

താനും മുമ്പ് താടിവളർത്തിയിരുന്നുവെന്നും താടിയോടു പാലിക്കേണ്ട സൂക്ഷ്മതയും ഗാംഭീര്യവും ഹൃദയത്തിൽ മുളപൊട്ടാത്തതിനാൽ ആ താടിരോമങ്ങളെ അപമാനിക്കേണ്ടെന്നു കരുതി പാതിവഴിയിൽ ഉപേക്ഷിച്ചു എന്നും അബ്ദുല്ല സാഹിബ് പറയുന്നുണ്ട്. താടിയോടു പാലിക്കേണ്ട സൂക്ഷ്മത (തക്‌വ) തനിക്കില്ലാത്തതിനാൽ താടി വളർത്തൽ ഒഴിവാക്കി. മിമ്പറിൽ കയറി ഖുത്വുബ പറയാൻ ആ സൂക്ഷ്മതയില്ലായ്മ അദ്ദേഹത്തിന് തടസ്സമല്ല താനും! മിമ്പറിനെയും ഖുത്വുബയെയും അപമാനിക്കാം എന്നർഥം!

താൻ താടി വടിക്കാൻ കാരണമായ മറ്റൊരു സംഗതി കൂടി അദ്ദേഹം പറയുന്നുണ്ട്: നബിﷺ താടി വളർത്താൻ കൽപിച്ചത് ജൂത-ക്രിസ്ത്യാനികളോട് എതിരാവാൻ വേണ്ടി മാത്രമാണ്. അതിനാൽ അവർ താടി നീട്ടി വളർത്തുന്ന ഇന്ന് താടി വടിച്ച് നാം അവരോട് എതിരാവണം! അതുകൊണ്ടാണ് അദ്ദേഹത്തിന് താടിയോടിത്ര വിരക്തി! പ്രവാചക സ്നേഹത്തിന്റെ ആധുനിക മാതൃക തന്നെ! ആദ്യം പറഞ്ഞ ന്യായത്തെക്കാൾ അപകടകരമാണ് രണ്ടാം ന്യായം. ഇത് വ്യക്തമായ പ്രമാണ ദുർവ്യാഖ്യാനമാണ്. യഥാർഥത്തിൽ എന്താണ് 'നിങ്ങൾ ജൂതന്മാരോട് എതിരാവുക; താടിവളർത്തുക' എന്ന ഹദീഥിന്റെ വിവക്ഷ? മൂസാനബി عليه السلام യും ഈസാനബി عليه السلام യുമൊക്കെ അവരുടെ അനുയായികൾക്ക് താടിവളർത്താൻ നിർദേശം നൽകിയിരുന്നു.

പക്ഷേ, അവരുടെ കാലശേഷം അവരുടെ അനുയായികളായി അറിയപ്പെടുന്ന ജൂതരും ക്രിസ്ത്യാനികളും താടി വടിച്ചു. നിങ്ങൾ അവരെപ്പോലെ ആവരുത്. നിങ്ങൾ താടിവളർത്തണം എന്നതാണ് അപ്പറഞ്ഞതിന്റെ ലക്ഷ്യം. ജൂത-ക്രിസ്ത്യാനികളെപ്പോലെ പ്രവാചകന്മാരുടെ കൽപനകൾ ധിക്കരിച്ച് താടി വടിക്കുന്ന അവസ്ഥയുണ്ടാവരുത് എന്നാണ് നബിﷺ പറഞ്ഞത്. അതാണ് പ്രസ്തുത ഹദീസിന്റെ വിശദീകരണത്തിൽ പണ്ഡിതന്മാർ പറഞ്ഞിട്ടുള്ളത്.

ഇനി അതിന്റെ പ്രത്യക്ഷാർഥമാണ് ഉദ്ദേശ്യം എന്നു വന്നാലും ഇന്ന് താടി വടിക്കാൻ അത് തെളിവാകില്ല. ഇസ്‌ലാമിൽ ചില കാര്യങ്ങൾ ചില പ്രത്യേക സാഹചര്യത്തിൽ പറഞ്ഞതായാലും അതിന് ചിലപ്പോൾ സാർവകാലികത ഉണ്ടാവും. പ്രസ്തുത സാഹചര്യം ഇല്ലെങ്കിലും ശരി. ഉദാഹരണം പറയാം. നബിﷺ ഹജ്ജും ഉംറയും നിർവഹിച്ചപ്പോൾ ത്വവാഫുൽ ഖുദൂമിന്റെ വേളയിൽ റംലും (വേഗത്തിൽ നടത്തം) ഇള് തിബാഉും (വലതുചുമൽ പുറത്തു കാണിക്കൽ) നടത്തിയത് മക്കയിലെ മുശ്‌രിക്കുകൾ കാണാൻ വേണ്ടിത്തന്നെയായിരുന്നു. മദീനയിലെത്തിയ മുസ്‌ലിംകൾ ശാരീരികമായി ശോഷിച്ചിട്ടുണ്ട് എന്ന മുശ്‌രിക്കുകളുടെ ആരോപണത്തിന് മറുപടി പറയാൻ തന്നെയാണ് പ്രവാചകൻ ഇത് രണ്ടും ചെയ്തത്. എന്നാൽ ഈ രണ്ട് സംഗതികളും ഇന്നും നിലനിൽക്കുന്നുണ്ട്. എന്നാൽ ഒരൊറ്റ അവിശ്വാസിയും ഇന്നവിടെ ഇല്ലതാനും. അബ്ദുല്ല സാഹിബിന്റെ അഭിപ്രായത്തിൽ ഇന്ന് ഹജ്ജും ഉംറയും നിർവഹിക്കുമ്പോൾ റംലും ഇള് തിബാഉം നടത്തേണ്ടി വരില്ല. കാരണം അതു കാണാൻ അവിശ്വാസികൾ ഇല്ല.

ഇങ്ങനെയൊക്കെ ദീൻ പറയാൻ തുടങ്ങിയാൽ എന്താകും ഇസ്‌ലാമിന്റെ അവസ്ഥ എന്ന് അബ്ദുല്ല സാഹിബ് ആലോചിക്കുന്നത് നല്ലതാണ്. നബിദിനത്തിന് ഇതുപോലെ തന്റെ യുക്തിചിന്തയുടെ അടിസ്ഥാനത്തിൽ പച്ചക്കൊടി കാട്ടിയതിന്റെ പുകിലുകൾ തീർന്നിട്ടില്ല.

ശാന്തപുരത്തു നിന്നും മറ്റും കിട്ടിയ ആദർശങ്ങളിൽ പലതും അദ്ദേഹം കയ്യൊഴിഞ്ഞിട്ടുണ്ട് എങ്കിലും സലഫീ വിരോധം ഇപ്പോഴും വേണ്ടുവോളം തന്റെ സിരകളിലുണ്ടെന്ന് അബ്ദുല്ല സാഹിബ് തെളിയിക്കാറുണ്ട്. താടിവളർത്തൽ സുന്നത്താണെന്ന് ലേഖനത്തിലൂടെ അദ്ദേഹം സമ്മതിക്കുന്നുമുണ്ട്. എങ്കിൽ പിന്നെ അക്കാര്യത്തിൽ 'ഇച്ചിരി' കണിശത കാണിക്കുന്ന സലഫികൾക്കുനേരെ വാളോങ്ങുന്നത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. താടിയുടെ വിഷയത്തിൽ മാത്രമല്ല; ദീനുമായി ബന്ധപ്പെടുന്ന എല്ലാ വിഷയത്തിലും സലഫികളുടെ നിലപാട് കണിശവും പ്രമാണബദ്ധവുമാണ്.

താടിയുടെ വിഷയത്തിൽ കണിശത കാണിക്കുന്നവർക്ക് 'സമൂഹത്തിൽ വർധിച്ചു വരുന്ന ആസുരതയെ കുറിച്ച് ഒട്ടും തന്നെ ബേജാറില്ല' എന്നതാണ് അദ്ദേഹത്തിന്റെ മറ്റൊരു ആരോപണം. ഒറ്റവാക്കിൽ പറഞ്ഞാൽ ഇത് അബ്ദുല്ല സാഹിബിന്റെ പൊയ്‌വെടിയാണ്. ലോകത്ത് വർത്തമാന കാലസംഭവങ്ങളിൽ ഏറ്റവും ക്രിയാത്മകമായും ധൈഷണികമായും പ്രായോഗികമായും ഇടപെടുന്നത് സലഫികളാണ്. വികാരമല്ല വിവേകവും വിജ്ഞാനവുമാണ് അവരെ നയിക്കുന്നത്. ഐ.എസ് പ്രശ്നത്തിൽ ലോകത്തിന് മാതൃകയാവും വിധം സലഫീ പണ്ഡിതന്മാരും സൗദീ ഭരണകൂടവും സ്വീകരിച്ച നിലപാട് അറിയാത്ത ആളല്ല അബ്ദുല്ല സാഹിബ്. എന്നിട്ടും തനിക്ക് കിട്ടിയ കോളത്തിൽ സലഫികളെ ഭത്സിച്ചത് ഏത് ഏമാനെ തൃപ്തിപ്പെടുത്താനാണാവോ? താടിയിൽ അകാരണമായി പിടിച്ചു തൂങ്ങി നിലവാരം കുറഞ്ഞ പോപ്പുലാരിറ്റിക്കു വേണ്ടി തരം താഴാൻ ശ്രമിക്കുന്ന അബ്ദുല്ല അമേരിക്കയിൽ നിന്ന് ഈയിടെ പുറത്തുവന്ന ഒരു വാർത്ത ശ്രദ്ധിച്ചോ എന്നറിയില്ല. സെപ്റ്റംബർ 11 സംഭവത്തിനു ശേഷം താടിയെ അങ്ങേയറ്റം ഭയപ്പെടുന്നവരാണ് അമേരിക്കക്കാർ. ആ അമേരിക്കയിൽ മുസ്‌ലിം സൈനികർക്ക് താടിവളർത്താൻ (പരിമിതമായ രീതിയിൽ)അനുവാദം നൽകി എന്നതായിരുന്നു പ്രസ്തുത വാർത്ത. അമേരിക്കൻ ഭരണാധികാരികൾക്കുവരെ തിരിഞ്ഞ ഈ താടിയുടെ 'ഗുട്ടൻസ്' ഇവിടെ കേരളത്തിൽ ചിലർക്ക് തിരിയാത്തത് എന്തുകൊണ്ടാണെന്ന് സലഫികൾക്ക് തിരിയുന്നുണ്ട്.

ഇന്ത്യയുടെ പരമോന്നത സ്ഥാനങ്ങളിലിരിക്കുന്നവരുടെ മുഖത്തെ താടിരോമങ്ങൾ ആരുടെയും കണ്ണിൽ കുത്തുന്നില്ല. ഐ. എസ് കാരന്റെ 'താടിവെച്ച ഭീകരത' കാണുന്നവർ മ്യാൻമാറിൽ 'താടി വടിച്ച' ബുദ്ധ രാക്ഷസന്മാർ ചെയ്തു കൂട്ടുന്ന നരനായാട്ട് കാണാത്തത് കണ്ണില്ലാത്തതു കൊണ്ടല്ല. അപ്പോൾ താടിയല്ല പ്രശ്നം. തലയിലും ചുണ്ടിനു മുകളിലും വളരുന്ന അതേ രോമം ചുണ്ടിനു താഴെ വളർന്നാൽ അത് ഭീകരതയും അക്ഷര പൂജയും അസഹിഷ്ണുതയുടെ അടയാളവുമാവുന്നതെങ്ങിനെയാണ് അബ്ദുല്ല സാഹിബ്? പൗരുഷത്തിന്റെ അടയാളത്തോടല്ല; സ്‌ത്രൈണതയുടെ അടയാളത്തോടാണ് ആണായി പിറന്നിട്ടും ചിലർക്ക് താൽപര്യമെങ്കിൽ പിന്നെ നിർവാഹമില്ല. അവർ പക്ഷേ, അത് മതത്തിന്റെ എക്കൗണ്ടിൽ വരവു വെക്കരുത് എന്ന് മാത്രം.

പ്രവാചകൻമാർക്കെല്ലാം നല്ല താടിയുണ്ടായിരുന്നു. അവർക്കാർക്കും അവരുടെ താടി ഒന്നിനും തടസ്സമായിട്ടില്ല. അവരൊന്നും ഒരു ഭീകര പ്രവർത്തനത്തിനും പോയിട്ടുമില്ല. എന്നിട്ടും കിട്ടുന്ന അവസരങ്ങളിലെല്ലാം താടിയെ ഒന്നു കുത്താൻ മെനക്കെടുന്ന അബ്ദുല്ല സാഹിബ്! താങ്കൾക്ക് പ്രവാചകന്റെ താടി ആവേശം നൽകുന്നില്ലെങ്കിലും താത്വികാചാര്യനായ മൗദൂദിയുടെ താടിയെങ്കിലും ആവേശം പകരേണ്ടതായിരുന്നു. പ്ലീസ്! നിങ്ങൾ താടിയെ വെറുതെ വിടുക. നിങ്ങൾക്കത് ഒരു തടസ്സവും വരുത്തില്ല. ഇവിടെ എല്ലാവർക്കം വേണം താടി. ഐ. എസിന് ഭീകരതക്ക് മറയാക്കാൻ. മാധ്യമങ്ങൾക്ക് ഇസ്‌ലാമിനെ വെറുപ്പിക്കാൻ. പുരോഹിതന്മാർക്ക് ശിർക്കിനെ വെളുപ്പിക്കാൻ. അബ്ദുല്ലമാർക്ക് പേജുകൾ കറുപ്പിക്കാൻ. സലഫികൾക്കു മാത്രം പ്രവാചകനെ പിൻപറ്റാനും!

## യു.എ.പി.എ: മുഖ്യമന്ത്രിയുടെ പ്രസ്താവന ഗൗരവമേറിയത്: മുജാഹിദ് സംസ്ഥാന പ്രതിനിധി സംഗമം

കോഴിക്കോട്: കേരളത്തിൽ യു.എ.പി.എയുടെ ദുരുപയോഗം നടക്കുന്നുണ്ടെന്ന് മുഖ്യമന്ത്രി തന്നെ തുറന്നു പറഞ്ഞത് ഗൗരവതരമായ കാര്യമാണെന്ന് വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ ഭാഗമായി നടന്ന മുജാഹിദ് സംസ്ഥാന പ്രതിനിധി സംഗമം അഭിപ്രായപ്പെട്ടു. വർഗീയ ധ്രുവീകരണ ശ്രമങ്ങൾ ആസൂത്രിതമായി നടക്കുന്ന സാഹചര്യത്തിൽ മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ക്രിയാത്മകമായ ഇടപെടലുകൾ നടത്തണമെന്നും സംഗമം ആവശ്യപ്പെട്ടു. സംസ്ഥാന ഭരണകൂടം ഉറച്ച നിലപാടുകളിലൂടെ ന്യൂനപക്ഷങ്ങൾക്ക് സുരക്ഷിതത്വബോധം നൽകണം. ഇസ്‌ലാമിക പ്രബോധകരെ വേട്ടയാടാൻ നടക്കുന്ന ശ്രമങ്ങളെ മതേതര കക്ഷികൾ ഒന്നിച്ചു ചെറുക്കണം. സംസ്ഥാന വൈസ് പ്രസി. കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസി. അബൂബക്കർ സലഫി ആധ്യക്ഷ്യം വഹിച്ചു. അബ്ദുസ്സലാം മദനി ഹൈദരാബാദ്മുഖ്യപ്രഭാഷണം നടത്തി. വിസ്ഡം ജനറൽ സെക്രട്ടറിടി.കെ അശ്‌റഫ്, ഐ.എസ്.എം ജനറൽ സെക്രട്ടറി കെ. സജ്ജാദ്, എം.എസ്.എം പ്രസിഡന്റ് ഡോ.പി.എൻ ശബീൽ, ജാമിഅ അൽഹിന്ദ് ഡയറക്ടർ ഫൈസൽ പുതുപ്പറമ്പ്, പ്രൊഫ. ഹാരിസുബ്നു സലീം, നാസിർ ബാലുശ്ശേരി, കെ.സി അയ്യൂബ്, അമീൻ കോയമ്പത്തൂർ,നബീൽ രണ്ടത്താണി, ഐ.എം.ബി സെക്രട്ടറി ഡോ.ഷാഹുൽ ഹമീദ് തുടങ്ങിയവർ പ്രസംഗിച്ചു.

## 'ഇസ്‌ലാം മാനവ ഐക്യത്തിന്; സമാധാനത്തിന് ഇസ്വ്‌ലാഹി കാമ്പയിന് സൗദിയിൽ തുടക്കമായി

റിയാദ്: 'ഇസ്‌ലാം മാനവ ഐക്യത്തിന്; സമാധാനത്തിന്' എന്ന സന്ദേശവുമായി സൗദി അറേബ്യയിലെ വിവിധ പ്രവിശ്യകളിലെ ഇസ്‌ലാഹി സെന്റർ കമ്മിറ്റികൾ നടത്തുന്ന ത്രൈമാസ കാമ്പയിന് തുടക്കമായി. പീസ് റേഡിയോ സി.ഇ.ഒ ഹാരിസ് ബിൻ സലീം ഉദ്ഘാടനം ചെയ്തു. സി.പി താജുദ്ദീൻ സലഫി ആധ്യക്ഷ്യം വഹിച്ചു. ശമീർ മദീനി മുഖ്യപ്രഭാഷണം നടത്തി. ഉമർ ഫാറൂഖ് മദനി, മുബാറക് സലഫി, ഇബ്‌റാഹീം സുബ്ഹാൻ, ഉദിനൂർ മുഹമ്മദ് കുഞ്ഞി, ഉബൈദ് എടവണ്ണ സംസാരിച്ചു.

റിയാദ് നിച്ച് ഓഫ് ട്രൂത്ത് ചെയർമാൻ ഇക്ബാൽ കൊല്ലം ആമുഖഭാഷണം നടത്തി. നജ്മുദ്ദീൻ സലഫി, അബ്ദു ശഹീദ് ഫാറൂഖി, അബ്ദുസ്സലാം അബ്ദുല്ല, ശാകിർ വള്ളിക്കാപ്പറ്റ, എഞ്ചി.അബ്ദുറഹീം ഉള്ള്യേരി, മുസ്തഫ സ്വലാഹി, ഉമർ ഫാറൂഖ് വേങ്ങര, ഫിറോസ് കോഴിക്കോട്, മൊയ്തീൻ കുട്ടി തൃക്കരിപ്പൂർ, അക്ബറലി സുലൈ സംബന്ധിച്ചു. ആർ.ഐ.സി.സി ചെയർമാൻ സുഫ്‌യാൻ അബ്ദുസ്സലാം സമാപന പ്രസംഗം നടത്തി. മൊയ്തു അരൂർ സ്വാഗതവും ഷനോജ് അരീക്കോട് നന്ദിയും പറഞ്ഞു.

## പ്രമാണങ്ങളിലേക്ക് മടങ്ങൽ പരിഹാരം: ഇസ്വ്‌ലാഹി സെന്റർ പ്രവർത്തകസംഗമം

ദുബായ്: മതപരമായ വിഷയങ്ങളിലെ തർക്കങ്ങൾക്ക് പരിഹാരം പ്രമാണങ്ങളിലേക്ക് മടങ്ങലാണെന്നും അല്ലാത്ത പക്ഷം ഭിന്നിപ്പ് വർധിക്കുകയേ ഉള്ളൂ എന്നും വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ ജനറൽ സെക്രട്ടറി ടി.കെ അശ്‌റഫ് പ്രസ്താവിച്ചു. ഇസ്‌ലാഹി സെന്റർ പ്രവർത്തകസംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. അബ്ദുസ്സലാം ആലപ്പുഴ ആധ്യക്ഷ്യം വഹിച്ചു. അടുത്ത 6 മാസത്തെ പ്രവർത്തന രൂപരേഖ ശംസുദ്ദീൻ അവതരിപ്പിച്ചു.

അശ്‌റഫ് പുതുശ്ശേരി റിപ്പോർട്ട് അവതരിപ്പിച്ചു. ഹുസൈൻ സലഫി, സിറാജുൽ ഇസ്‌ലം ബാലുശ്ശേരി, സഫ്‌വാൻ ചുങ്കത്തറ എന്നിവർ പ്രസംഗിച്ചു. അംജദ് മദനി കുട്ടികളുടെ കളിച്ചങ്ങാടത്തിന് നേതൃത്വം നൽകി. മുഹമ്മദ് യാസിർ ക്വുർആൻ പരീക്ഷാ തീയതികൾ പ്രഖ്യാപിച്ചു.

## വിഷ്വൽ ആർക്കേഡ് ചതുർദിന എക്സിബിഷൻ കുവൈത്തിൽ

കുവൈത്ത്: കുവൈത്ത് കേരള ഇസ്‌ലാഹി സെന്റർ സംഘടിപ്പിക്കുന്ന നാലാമത് ഇസ്‌ലാമിക് സെമിനാറിന്റെ ഭാഗമായി 'വിഷൽ ആർക്കേഡ്' ചതുർദിന എക്സിബിഷൻ സംഘടിപ്പിക്കുന്നു. ഫെബ്രുവരി 23 മുതൽ 26 വരെ ഫർവാനിയ ഗാർഡനു സമീപമാണ് എക്സിബിഷൻ നടക്കുന്നത്. കുവൈത്തിലുള്ള മുഴുവൻ മലയാളികൾക്കും പ്രദർശനം സൗജന്യമായി സന്ദർശിക്കാൻ അവസരം ഉണ്ടായിരിക്കുമെന്ന് സംഘാടകർ അറിയിച്ചു.

എക്സിബിഷൻ ഓർഗനൈസിംഗ് കമ്മറ്റി യോഗം സുനാഷ് ശുക്കൂർ ഉദ്ഘാടനം ചെയ്തു. വകുപ്പ് ചെയർമാൻ ഹാറൂൻ അബ്ദുൽ അസീസ് അധ്യക്ഷത വഹിച്ച യോഗത്തിൽ അസ്ഹർ അത്തേരി സ്വാഗതവും സ്വാലിഹ് സുബൈർ നന്ദിയും പറഞ്ഞു.

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road
Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com



നമുക്ക് ചുറ്റും

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com

# അധോലോകം വാഴുന്ന കലാലയം

പാമ്പാടി നെഹ്റു കോളേജ് വിദ്യാർഥി വിഷ്ണു പ്രണായിയുടെ ദുരൂഹ മരണത്തോടുകൂടി കേരളത്തിലെ സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിലെ മനുഷ്യത്വവിരുദ്ധ പ്രവർത്തനങ്ങൾ മറനീക്കി പുറത്ത് വന്നിരിക്കുകയാണ്. ജനാധിപത്യ മൂല്യങ്ങൾക്കും വ്യക്തി സ്വാതന്ത്ര്യത്തിനും പരിഗണന നൽകാതെ വിദ്യാർഥികളോട് അടിമകളോടെന്ന പോലെ പെരുമാറുന്ന സ്ഥാപന മുതലാളിമാരുടെ പേക്കൂത്തുകൾ ഓരോന്നോരോന്നായി പുറംലോകമറിയുകയാണ്.

ആദ്യമൊക്കെ ഈ വിഷയത്തിലെ വാർത്തകൾ പലതും അവിശ്വസനീയമെന്നോ അതിഭാവുകത്വമെന്നോ പലരെയും പോലെ കരുതിവെച്ച ഒരാളാണ് ഞാനും. സംഗതിയുടെ ഗൗരവം ശരിക്കും മനസ്സിലാക്കാൻ സാധിച്ചത് പ്രസ്തുത സ്ഥാപനത്തിൽ പഠിച്ച ചില വ്യക്തികളുമായി സ്വകാര്യ സംഭാഷണം നടത്തിയപ്പോഴായിരിന്നു. ഉന്നതമെന്ന് കരുതിയിരുന്ന ഈ സ്ഥാപനമിന്ന് ഗുണ്ടാ സംഘത്തിന്റെ പിടിയിലാണെന്ന് ഇനിയും എത്ര പേർക്കറിയാം?

വിഷ്ണുവിനെപ്പോലെ ജീവിതത്തിൽ നിന്ന് ഒളിച്ചോടിയവരും വാടിയ മനസ്സും മരവിച്ച മസ്തിഷ്കവുമായി മരിച്ചു ജീവിക്കുന്ന നൂറു കണക്കിനു വിദ്യാർത്ഥികൾ..!

ലക്ഷക്കണക്കിന് രൂപ മാധ്യമങ്ങൾക്ക് പരസ്യവകയിലും നിയമപാലകരടക്കമുള്ള ഉദ്യോഗസ്ഥൻമാർക്ക് ദക്ഷിണ ഇനത്തിലും വാരിക്കോരി കൊടുത്താൽ അധോലോക നായകർക്കും കരിഞ്ചന്തക്കാർക്കും വിദ്യാഭ്യാസത്തിന്റെ മൊത്തക്കച്ചവടക്കാരായി വിലസാൻ കഴിയും വിധം ഒരു നാട് അധഃപതിച്ചാൽ വരാനിരിക്കുന്നത് ഷണ്ഡത്വം ബാധിച്ച തലമുറകളായിരിക്കും എന്ന തിരിച്ചറിവ് വൈകിയാണെങ്കിലും നല്ലതാണ്.

നല്ല മാർക്കോടെ പ്ലസ്ടു പാസ്സായ വിദ്യാർഥികൾ ഉപരിപഠന മേഖലയിൽ കൂട്ടത്തോടെ പരാജയമേറ്റു വാങ്ങുന്നതിന്റെ കാരണമന്വേഷിക്കാൻ കൂടുതൽ കമ്മീഷനുകളും പ്രൊഫഷണൽ ഏജൻസികളും വേണമെന്നില്ല എന്നാണ് വിഷ്ണു പ്രണായ് എന്ന ആയിരങ്ങളുടെ പ്രതിനിധി മലയാളി മനസ്സാക്ഷിയോട് പറയാതെ പറയുന്നത്.

പട്ടാളച്ചിട്ടയും അതിനുതകുന്ന അച്ചടക്ക ശാഠ്യവും മനോ ീര്യം കെടുത്തുന്ന ശിക്ഷാ നടപടികളും പല്ലിളിക്കുന്നത് മലയാളി തന്റേത് മാത്രമെന്ന് അഹങ്കരിക്കുന്ന പ്രബുദ്ധതയുടെയും പക്വതയുടെയും മുഖത്തു നോക്കിയാണ്. മുഖത്തു വരുത്തുന്നത്ര രോമങ്ങൾക്ക് വരെ വിലയിടുന്ന വഷളൻ നടപടിയിലേക്ക് സ്യൂട്ടും കോട്ടുമിട്ട കൊള്ളസംഘം തരം താഴുകയാണ്. ഇന്റേണൽ മാർക്ക് എന്ന ഉമ്മാക്കി കാണിച്ച് സിംപിളായി കുട്ടികളെ വിറപ്പിച്ച് നിർത്താൻ കഴിയും എന്നതാണ് ഇവരുടെ തുറുപ്പി ചീട്ട്. പഠനം കഴിഞ്ഞ് വർഷങ്ങൾ കഴിഞ്ഞാലും ഒഴിയാബാധയായി താൻ പഠിച്ച കലാലയവും താമസിച്ച ഹോസ്റ്റലും മാറുക എന്നത് മഹാദുരന്തം തന്നെയല്ലേ?

മാനേജ്മെന്റിന്റെ കൊടും ക്രൂരതകൾക്ക് വിവിധ സന്ദർഭങ്ങളിൽ വിധേയരായ വിദ്യാർഥികളും അവരുടെ രക്ഷിതാക്കളുമാണ് നെഹ്റു കോളേജ് സംഭവം തെളിയിച്ചു കഴിഞ്ഞിരിക്കുകയാണ്. യൂണിവേഴ്സിറ്റി മാനദണ്ഡമനുസരിച്ച് 75 ശതമാനം മാത്രം അറ്റന്റൻസ് ലഭിച്ചാൽ മതി എന്നിരിക്കെ 90 ശതമാനം ഹാജറുണ്ടെങ്കിൽ മാത്രമെ വിദ്യാർഥികളെ പരീക്ഷക്കിരുത്താറുള്ളൂ എന്ന് നടപടിക്ക് വിധേയനായ ഒരു പൂർവ വിദ്യാർഥി ഈ ലേഖകനോട് തുറന്നു പറയുകയുണ്ടായി. ഇല്ലാത്ത കാരണം പറഞ്ഞ്, 2 മാസത്തെ വെഡ്ഡിങ് ഫങ്ഷൻ കഴിഞ്ഞ് തിരിച്ചു വന്നപ്പോൾ നിശ്ചിത ശതമാനം തികക്കാൻ 1000 രൂപ ഫൈൻ എന്ന നിരക്കിൽ 25000 രൂപ എണ്ണിക്കൊടുത്തിട്ടാണത്രെ യൂണിവേഴ്സിറ്റി പരീക്ഷ എഴുതാൻ അനുവദിച്ചത്.

ഇടിമുറികൾ ഇരുട്ട് പരത്തുന്ന കോൺസൺട്രേഷൻ ക്യാമ്പുകളായി കലാലയങ്ങൾ പരിണമിച്ചു എന്ന നഗ്നസത്യം അധികാരികളുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ സംഘങ്ങളും ഗുണ്ടകളും വിളയാടുന്ന വിദ്യാർത്ഥികളുടെ മാനസികമായും ശാരീരികമായും ഭേദ്യം ചെയ്യുന്ന സ്ഥാപനങ്ങൾ ഏതു വലിയ മാടമ്പിമാർ നടത്തുന്നതായാലും അടച്ചു പൂട്ടുക തന്നെ വേണം.




peaceradio
Tune to reality

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 21 January 2017

Reg NO: KL/CT/225/2016-18
Price: ₹ 10/-




ഇന്ത്യയിലെ എല്ലാ മികച്ച ബ്രാൻഡുകളുടെ ഗൃഹോപകരണങ്ങൾ,ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾ,
മൊബൈൽ ഫോണുകൾ,ലാപ്ടോപ്പുകൾ,ക്യാമറകൾ തുടങ്ങിയവ വാറണ്ടിയോടൊപ്പം കേരളത്തിലെ
നിങ്ങളുടെ വീടുകളിൽ എത്തിക്കുന്നു..ഗൾഫ് മലയാളികൾക്കായുള്ള വെൽക്കം ഗ്രൂപ്പിന്റെ നൂതന സംരംഭം..

kerala.trobone.com

Visit us at
kerala.trobone.com
Helpdesk(Kerala) : +917593888855
Helpdesk(Dubai) : +97142288767

a division of trobone.com